Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം
VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
Vol. 6 / Issue 5 / Pages 32
26
ഓഗസ്റ്റ് 2026
ബുധനാഴ്ച
1202 ചിങ്ങം 10

www.vachakam.com
news@vachakam.com
canada@vachakam.com

## തപാൽവോട്ടുകൾക്ക് കടുത്ത നിയന്ത്രണം

# പോർമുഖത്ത് അമേരിക്കൻ ജനാധിപത്യം



അമേരിക്കൻ തിരഞ്ഞെടുപ്പ് ചരിത്രത്തെ തന്നെ തിരുത്തിയെഴുതാൻ പോന്ന നിർണ്ണായകമായ ഒരു അധ്യായത്തിനാണ് യു.എസ് ഫെഡറൽ കോടതിയുടെ പുതിയ ഉത്തരവോടെ തുടക്കമായിരിക്കുന്നത്. തപാൽ മാർഗ്ഗമുള്ള വോട്ടിംഗിന് കടിഞ്ഞാണിടാൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവുകൾക്കെതിരായ മുഴുവൻ സ്റ്റേകളും ഫെഡറൽ കോടതി റദ്ദാക്കിക്കഴിഞ്ഞു. നിലവിലെ കേസ് അപക്വമാണെന്ന സുപ്രീം കോടതിയുടെ മുൻ വിലയിരുത്തലിന്റെ പിൻബലത്തിലാണ് ഫെഡറൽ കോടതിയുടെ ഈ നടപടി. വരാനിരിക്കുന്ന നിർണായകമായ ഇടക്കാല തിരഞ്ഞെടുപ്പിന് ആഴ്ചകൾ മാത്രം ബാക്കിനിൽക്കെ, യു.എസ് ഭരണകൂടത്തിന് താത്കാലികമായി പൂർണ്ണ സ്വാതന്ത്ര്യം നൽകുന്ന ഈ ഉത്തരവ് അമേരിക്കൻ രാഷ്ട്രീയത്തിലുണ്ടാക്കാൻ പോകുന്ന

ശേഷം പേജ് 8ൽ

## നാറ്റോ അതിർത്തികൾ ആക്രമിക്കരുതെന്ന് റഷ്യയ്ക്ക് കടുത്ത വാഷിംഗ്ടൺ ശാസന; ഞെട്ടിക്കുന്ന ഇന്റലിജൻസ് കണ്ടെത്തലുകൾ!



അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസിയായ സിഐഎയുടെ ഡയറക്ടർ ജോൺ റാറ്റ്ക്ലിഫ് റഷ്യൻ തലസ്ഥാനമായ മോസ്കോയിൽ നടത്തിയ അടിയന്തിര സന്ദർശനം ആഗോള മാധ്യമങ്ങളിൽ വൻ തരംഗമായിരിക്കുകയാണ്. വാൾ സ്ട്രീറ്റ് ജേണൽ പുറത്തുവിട്ട നിർണ്ണായക റിപ്പോർട്ടുകൾ പ്രകാരം, നാറ്റോ അംഗരാജ്യങ്ങൾക്കെതിരെ യാതൊരു വിധത്തിലുള്ള സായുധ പ്രകോപനങ്ങളും നടത്തരുതെന്ന് റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിനും ഉന്നത ഉദ്യോഗസ്ഥർക്കും നേരിട്ട് അന്ത്യശാസനം നൽകാനാണ് സിഐഎ തലവൻ അതീവ രഹസ്യമായി മോസ്കോയിൽ എത്തിയത്. അടുത്തിടെ അമേരിക്കൻ ഇന്റലിജൻസ് ഏജൻസികൾ ശേഖരിച്ച വിവരങ്ങൾ പ്രകാരം, ഉക്രെയ്നിലെ യുദ്ധം അഞ്ചാം വർഷത്തിലേക്ക് നീങ്ങുമ്പോൾ നാറ്റോയുടെ സംയുക്ത പ്രതിരോധ ശേഷിയെ പരീക്ഷിക്കുന്നതിനായി ഇസ്റ്റോണിയ, ലാത്വിയ, ലിത്വാനിയ തുടങ്ങിയ ബാൾട്ടിക് നാറ്റോ അംഗരാജ്യങ്ങൾക്ക് നേരെ പരിമിതമായ ആക്രമണങ്ങൾക്ക് റഷ്യ പദ്ധതിയിടുന്നതായി കണ്ടെത്തിയിരുന്നു.

**സിഐഎ തലവന്റെ അടിയന്തിര മോസ്കോ സന്ദർശനവും ഇന്റലിജൻസ് കണ്ടെത്തലുകളും**

അമേരിക്കയിൽ ഡൊണാൾഡ് ട്രംപ് ഭരണകൂടം നിലവിൽ വന്നതിന് ശേഷം ഒരു സിഐഎ ഡയറക്ടർ റഷ്യൻ മണ്ണിലേക്ക് നടത്തുന്ന ആദ്യ ഔദ്യോഗിക

ശേഷം പേജ് 8ൽ

മലബാറിന്റെ തീവണ്ടി ചരിത്രം (എൻ.പി. ചെക്കുട്ടി എഴുതുന്നു) ..... പേജ് 06

മുല്ലപ്പെരിയാറിൽ 'വീടമാട്ടേൻ' നയം പയറ്റി വിജയ് ..... പേജ് 15

മുടവൻമുകളിലെ കുസൃതിക്കണ്ണൻ ..... പേജ് 17

പ്രതികൾക്ക് ഓണക്കോടിയും ഊഞ്ഞാലാട്ടവും ബ്രോ! ഇതല്ലേ ഫെസ്റ്റിവൽ വൈബ് ..... പേജ് 24

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ നേരിടുന്ന വെല്ലുവിളികളും പരിഹാരങ്ങളും ..... പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റായി ജോളി തടത്തിലിനെ തിരഞ്ഞെടുത്തു

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**
Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.



ഡാളസ്: വേൾഡ് മലയാളി കൗൺസിലിന്റെ പുതിയ ഗ്ലോബൽ പ്രസിഡന്റായി, നിലവിലെ യൂറോപ്യൻ റീജിയൻ ചെയർമാനും മുതിർന്ന നേതാവുമായ ജോളി തടത്തിൽ (ജർമനി) ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു. ഡാളസിലെ വേൾഡ് മലയാളി കൗൺസിലിന്റെ 15-ാമത് ഗ്ലോബൽ കോൺഫറൻസിൽ വച്ചായിരുന്നു തിരഞ്ഞെടുപ്പ്. ലോക മലയാളികളെ ഒരുമിപ്പിക്കുന്നതിനായി 1995 ജൂലൈ 3ന് ന്യൂജേഴ്സിയിൽ രൂപം കൊണ്ട വേൾഡ് മലയാളി കൗൺസിൽ 30-ാം വാർഷികം ആഘോഷിക്കുന്ന വേളയിലുള്ള ഈ സ്ഥാനലബ്ധി ഏറെ സന്തോഷകരവും തന്റെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതുമാണെന്ന് ജോളി തടത്തിൽ പറഞ്ഞു.

കൗൺസിലിന്റെ യൂറോപ്പ് റീജിയൻ പ്രസിഡന്റ്, ചെയർമാൻ എന്നീ നിലകളിൽ തിളക്കമാർന്ന സേവനം കാഴ്ചവച്ച അദ്ദേഹം 2002ൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, എം.എ. ബേബി, പി.ജെ. ജോസഫ്, എം.എം. ഹസൻ, ജി.ജി. തോംസൺ ഐ.എ.എസ്. തുടങ്ങിയ രാഷ്ട്രീയ വ്യക്തിത്വങ്ങളും കലാ-സാംസ്കാരിക-സാഹിത്യ പ്രതിഭകളും ഉൾപ്പെടെ ആയിരത്തിലധികം പേരെ പങ്കെടുപ്പിച്ച് നടത്തിയ ഗ്ലോബൽ കോൺഫറൻസിന് നേതൃത്വം നൽകി. 2006ൽ എറണാകുളം ടൗൺ ഹാളിൽ 25 ഭിന്നശേഷിക്കാർക്ക് വീൽ ചെയറുകളും മറ്റും നൽകിയ സമ്മേളനത്തിന്റെ ജനറൽ കൺവീനറായിരുന്നു ജോളി തടത്തിൽ.

യൂറോപ്പ് റീജിയന്റെ പ്രസിഡന്റായിരിക്കെ കൊച്ചി ഗോകുലം പാർക്കിൽ, സംസ്ഥാന മന്ത്രിമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത കോൺഫറൻസിൽ നിർദ്ധനർക്കുള്ള 5 വീടുകളുടെ താക്കോൽ നൽകി. കൗൺസിലിന്റെ ഭവനപദ്ധതി ഉൾപ്പെടെയുള്ള ചാരിറ്റി പ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുന്നതിൽ റീജിയൺ ഗ്ലോബൽ തലങ്ങളിൽ ജോളി തടത്തിൽ സജീവമാണ്. നോർക്ക രൂപീകരിക്കുന്നതിനായുള്ള ശ്രമങ്ങളിൽ ജോളി തടത്തിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

1991ൽ ജർമനിയിലെത്തിയ ജോളി തടത്തിൽ മൂവാറ്റുപുഴ തോട്ടക്കര സ്വദേശിയാണ്. എം.എസ്.സി. കരസ്ഥമാക്കിയ ശേഷം ഫെഡറൽ ബാങ്കിൽ ജോലി ചെയ്യുന്നതിനിടെയാണ് ഇദ്ദേഹം ജർമനിയിലേക്ക് കുടിയേറിയത്. അവിടെ നിന്ന് ഹോസ്പിറ്റൽ മാനേജ്മെന്റിൽ ബിരുദം സമ്പാദിച്ചു. ഹോം കെയർ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജോളി തടത്തിൽ 10 ഓൾഡ് ഏജ് ഹോമുകളുടെ സാരഥ്യം വഹിക്കുന്നു. ഈസ്റ്റ് വെസ്റ്റ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ നാട്ടിൽ നിന്നുള്ള ഈസ്റ്റേൺ, വിശ്വാസ്, മലബാർ ചോയ്സ്, ഡബിൾ ഹോഴ്സ്, സാറാസ് തുടങ്ങിയ കമ്പനികളുടെ കറി പൗഡറുകളുടെയും മറ്റും യൂറോപ്പിലെ അംഗീകൃത വിതരണ ഏജൻസിയും ജോളി തടത്തിലിനുണ്ട്.

നഴ്സ് ഡയറക്ടറായ മേഴ്സി തടത്തിലാണ് ജോളിയുടെ ഭാര്യ. നിക്കോൾ, നെൽസൺ, നാൻസി എന്നിവർ മക്കൾ. ഇതിൽ നിക്കോൾ 'അങ്ങനെയൊരവധിക്കാലത്ത്' എന്ന ചലച്ചിത്രത്തിൽ നെടുമുടി വേണുവിന്റെ മകളായി ശ്രദ്ധേയമായ വേഷം ചെയ്തു.

നാൻസി 'കടൽ കടന്ന മാത്തുക്കുട്ടി' എന്ന സിനിമയിൽ മമ്മൂട്ടിയുടെ മകളായി തിളങ്ങിയിട്ടുണ്ട്.

## റീ...പോളിംഗ്




*സ്വാകാര്യ കമ്പനികൾക്ക് മിസൈൽ നിർമ്മിക്കാൻ കേന്ദ്ര സർക്കാർ അനുമതി..!*



# ഗീതാമണ്ഡലത്തിൽ പ്രൗഢഗംഭീരമായി തിരുവോണം ആഘോഷിച്ചു























## ഗതകാല സ്മരണകളുണർത്തി കേരളത്തനിമ നിറഞ്ഞ ഓണാഘോഷം

ആഹ്ലാദത്തിന്റെയും ആർപ്പുവിളികളുടെയും ഗതകാലസ്മരണകൾ ചിക്കാഗോ മലയാളികളുടെ മനോമുകുരങ്ങളിൽ പകർന്നുകൊണ്ട് ചിക്കാഗോ ഗീതാമണ്ഡലത്തിൽ 2026-ലെ തിരുവോണം അതിവിപുലമായി ആഘോഷിച്ചു. ഊഞ്ഞാലും ഓണക്കളികളും ഓണപ്പാട്ടുകളും പൂക്കളവും പൂവിളികളുമായി കേരളത്തിന്റെ തനിമയും പാരമ്പര്യവും നിലനിർത്തി, ഏഴാം കടലിനിക്കരെ ഗീതാമണ്ഡലം തറവാട്ടുമുറ്റത്ത് നൂറുകണക്കിന് കുടുംബാംഗങ്ങൾ ഒരുമിച്ച് തിരുവോണം ആഘോഷിച്ചു.

അമേരിക്കയിലെ തന്നെ ഏറ്റവും മനോഹരവും ഐശ്വര്യപൂർണ്ണവുമായ ഓണപ്പൂക്കളങ്ങളിലൊന്നായി മാറിയ മഹാലക്ഷ്മിയുടെ താമരയെ ആസ്പദമാക്കിയുള്ള മനോഹരമായ പൂക്കളമാണ് ഈ വർഷം ഗീതാമണ്ഡലം അങ്കണത്തിൽ ഒരുക്കിയത്. രേഷ്മി മേനോന്റെ നേതൃത്വത്തിലുള്ള ഗീതാമണ്ഡലം വനിതാവിഭാഗമാണ് പൂക്കളം ഒരുക്കിയത്.2026-ലെ ഓണാഘോഷങ്ങൾക്ക് മേൽശാന്തി ശ്രീ. കൃഷ്ണൻ ചെങ്ങണാംപറമ്പിലിന്റെ കാർമികത്വത്തിൽ രാവിലെ കൃത്യം ഒൻപത് മണിക്ക് ഗണപതിപൂജയോടെ തുടക്കമായി. തുടർന്ന് നാരായണമന്ത്രധ്വനികൾ മുഴങ്ങിയ ശുഭമുഹൂർത്തത്തിൽ തൃക്കാക്കരയപ്പനെ ഗീതാമണ്ഡലം തറവാട്ടിലേക്ക് ആനയിച്ചു. തുടർന്ന് തറവാട്ടുമുറ്റത്ത് ഭഗവാൻ വാമനന് വിശേഷാൽ പൂജ, വാമനാവതാര പാരായണം, അഷ്ടോത്തര അർച്ചന, നൈവേദ്യ സമർപ്പണം, പുഷ്പാഭിഷേകം എന്നിവ ഭക്തിപൂർവം നടത്തി.തുടർന്ന് പാർവതി നായരുടെ നേതൃത്വത്തിൽ അവതരിപ്പിച്ച മനോഹരമായ കൈകൊട്ടിക്കളി ഓണാഘോഷത്തിന് കൂടുതൽ മിഴിവേകി. ചിട്ടയായ ചുവടുകളും താളാത്മകമായ കൈകൊട്ടലും നിറഞ്ഞ ഈ അവതരണം ചിക്കാഗോ മലയാളി സമൂഹത്തിന്റെ ഓർമ്മയിൽ എന്നും സൂക്ഷിക്കാവുന്ന മധുരതരമായ അനുഭവമായി മാറി.ഇതോടൊപ്പം ചിക്കാഗോയിലെയും സമീപപ്രദേശങ്ങളിലെയും പ്രതിഭാധനരായ കലാകാരന്മാർ അവതരിപ്പിച്ച വിവിധ കലാപരിപാടികളും അരങ്ങേറി. സംഗീതം, നൃത്തം, മറ്റ് കലാവിരുന്നുകൾ എന്നിവകൊണ്ട് സമ്പന്നമായ ഈ കലാപരിപാടികൾ ഓണാഘോഷത്തിന് കൂടുതൽ വർണവും വൈവിധ്യവും പകർന്നു. കുട്ടികളും മുതിർന്നവരും ഉൾപ്പെടെ നിരവധി കലാകാരന്മാരുടെ മികച്ച പ്രകടനങ്ങൾ സദസ്സിന്റെ ഹൃദയപൂർവമായ അഭിനന്ദനം ഏറ്റുവാങ്ങി.കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലെ ഓണാചാരങ്ങളും ആഘോഷരീതികളും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനായി പ്രത്യേക പരിപാടിയും സംഘടിപ്പിച്ചു. വടക്കൻ മലബാറിലെ ഓണവിശേഷങ്ങൾ ശ്രീമതി ഉമാ രാജയും, തെക്കൻ തിരുവിതാംകൂറിലെ ഓണവിശേഷങ്ങൾ ശ്രീമതി ഇന്ദു നായരും, മധ്യകേരളത്തിലെ ഓണവിശേഷങ്ങൾ ശ്രീമതി ലക്ഷ്മിയും കുട്ടികൾക്കും മുതിർന്നവർക്കുമായി പങ്കുവെച്ചു. കേരളത്തിന്റെ വിവിധ ദേശങ്ങളിലെ ഓണപ്പാരമ്പര്യങ്ങളുടെ വൈവിധ്യം ഈ പരിപാടിയിലൂടെ മനോഹരമായി അവതരിപ്പിക്കപ്പെട്ടു.തുടർന്ന് ശ്രീ. പ്രജീഷിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണക്കളികൾ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആവേശം പകർന്നു. കുട്ടികളുടെ ആവേശഭരിതമായ ഊഞ്ഞാലാട്ടവും വിവിധ മത്സരങ്ങളും ഗൃഹാതുരത്വം നിറഞ്ഞ മലയാളിയുടെ കുട്ടിക്കാലത്തേക്കുള്ള ഒരു മധുരമാർന്ന മടക്കയാത്രയായി.കുബേരനും കുചേലനും എന്ന വ്യത്യാസമില്ലാതെ, ജാതിമതഭേദമെന്യേ ആബാലവൃദ്ധം ജനങ്ങൾക്കും ഒരുപോലെ പ്രിയങ്കരമാണ് ഓണവും ഓണസദ്യയും. കുടുംബബന്ധങ്ങൾ കൂടുതൽ ദൃഢമാക്കാനും പരസ്പര സ്നേഹവും സൗഹൃദവും പങ്കുവെക്കാനുമുള്ള അവസരം കൂടിയാണ് ഓണം. ഷഡ്രസപ്രധാനമായ സമൃദ്ധമായ ഓണസദ്യയിൽ മധുരം, എരിവ്, ഉപ്പ്, കയ്പ്, ചവർപ്പ്, പുളി എന്നീ ആറു രസങ്ങളും സമന്വയിപ്പിച്ച് ഒരുക്കിയ വിഭവസമൃദ്ധമായ സദ്യ കുടുംബാംഗങ്ങൾക്ക് സ്നേഹപൂർവം വിളമ്പി.

കഴിഞ്ഞ രണ്ടു മാസക്കാലമായി ഗീതാമണ്ഡലത്തിന്റെ ഓണാഘോഷം വൻ വിജയമാക്കുന്നതിനായി അക്ഷീണം പ്രവർത്തിച്ച ശ്രീ. ബൈജു മേനോനെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെയും മറ്റു പ്രവർത്തകരെയും പ്രസിഡന്റ് ശ്രീ. അപ്പുക്കുട്ടൻ മുക്തകണ്ഠം പ്രശംസിച്ചു.ഇത്തരത്തിലുള്ള അർപ്പണബോധമുള്ള നേതൃത്വത്തിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമാണ് ഒരു സംഘടനയെ ഉയരങ്ങളിലേക്ക് നയിക്കുന്നതെന്ന് ഡോ. വിശ്വനാഥ് അഭിപ്രായപ്പെട്ടു.ഭൂതകാലത്തെയും വർത്തമാനകാലത്തെയും ഭാവികാലത്തെയും കൂട്ടിയിണക്കുന്ന കണ്ണിയാണ് തിരുവോണം. അത് വെറുമൊരു ആഘോഷമായി ഒതുങ്ങരുതെന്നും, ഓണത്തിന്റെ യഥാർത്ഥ സന്ദേശം നമ്മിലെ 'ഞാൻ' എന്ന അഹംഭാവത്തെ ഇല്ലാതാക്കി സ്നേഹത്തിന്റെയും സമത്വത്തിന്റെയും സഹോദര്യത്തിന്റെയും സന്ദേശം ഉൾക്കൊള്ളുകയാണെന്നും ഗീതാമണ്ഡലം അധ്യക്ഷൻ ശ്രീ. ശേഖരൻ അപ്പുക്കുട്ടൻ തന്റെ സന്ദേശത്തിൽ പറഞ്ഞു.2026-ലെ ഗീതാമണ്ഡലം ഓണം വൻ വിജയമാക്കാൻ സഹായിച്ചത് ഗീതാമണ്ഡലം കുടുംബങ്ങളുടെ അകമഴിഞ്ഞ സഹകരണവും കമ്മിറ്റി അംഗങ്ങളുടെയും പ്രവർത്തകരുടെയും കൂട്ടായ പരിശ്രമവുമാണെന്ന് ശ്രീ. ബൈജു മേനോൻ പറഞ്ഞു.

പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും ഗീതാമണ്ഡലത്തിന്റെ പേരിൽ ശ്രീ. ശേഖരൻ അപ്പുക്കുട്ടൻ ഹൃദയം നിറഞ്ഞ ഓണാശംസകൾ നേർന്നു. കേരളത്തിന്റെ ഓർമ്മകളും പാരമ്പര്യവും സംസ്കാരവും സ്നേഹവും ഒരുമയും കലാവിരുന്നുകളും ഒത്തുചേർന്ന ഈ തിരുവോണാഘോഷം, ഏഴാം കടലിനിക്കരെയുള്ള ചിക്കാഗോ മലയാളികൾക്ക് ഒരു ഓണം മാത്രമായിരുന്നില്ല; സ്വന്തം നാടിന്റെ തറവാട്ടുമുറ്റത്തേക്ക് തിരിച്ചെത്തിയതുപോലെയുള്ള ഒരു ഹൃദയസ്പർശിയായ അനുഭവം കൂടിയായിരുന്നു.



# ഷിക്കാഗോ സെന്റ് മേരീസിൽ പ്രധാന തിരുനാൾ വിപുലമായി ആഘോഷിച്ചു

ഷിക്കാഗോ: മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ പ്രതിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദർശൻ തിരുനാളായി വിപുലമായി ആഘോഷിച്ചു. വിവിധ ദിവസങ്ങളിലെ ഭക്തിനിർഭരമായ തിരുകർമ്മങ്ങളും വൈവിധ്യമായ കലാപരിപാടികളും വർണ്ണാഭമായ പ്രദക്ഷിണവും തിരുനാളിനു മാറ്റു കൂട്ടി. ഇടവകയിലെ കഴിഞ്ഞ പതിനഞ്ചു വർഷത്തെ പാരീഷ് എക്സിക്യൂട്ടീവ്സ് ആയിരുന്നു ഈ വർഷത്തെ തിരുനാൾ പ്രസുദേന്തിമാർ.

ഓഗസ്റ്റ് 2 നു ഇടവക വികാരി ഫാ. സിജു മുടക്കോടിൽ പതാക ഉയർത്തിയതോടെ തുടക്കം കുറിച്ച തിരുന്നാൾ ആഘോഷങ്ങൾ ഓഗസ്റ്റ് 9 നു സമാപിച്ചു. ഓഗസ്റ്റ് 6 നു സിമിത്തേരി സന്ദർശനവും മരിച്ച വിശ്വാസികളുടെ ഓർമ്മ ആചാരണവും നടത്തി. വിശുദ്ധ കുർബാനക്ക് അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര നേതൃത്വം നൽകി.

യുവജന ദിനമായി ആചരിച്ച ഓഗസ്റ്റ് 7 വെള്ളിയാഴ്ചത്തെ വിശുദ്ധ കുർബാനക്കും വചനസന്ദേശത്തിനും ഷിക്കാഗോ രൂപത യൂത്ത് അപ്പോസ്റ്റോലേറ്റ് ഡയറക്ടർ ഫാ. മെൽവിൻ പോൾ നേതൃത്വം നൽകി. തുടർന്നു ഇടവകയിലെ വിവിധ കൂടാരയോഗങ്ങളും വിമൻസ് മിനിസ്ട്രിയും തിരുനാൾ പ്രസുദേന്തിമാരും നേതൃത്വം നൽകിയ വിവിധ കലാപരിപാടികൾ നടന്നു.

ഓഗസ്റ്റ് 8 ശനിയാഴ്ച, ബെൻസെൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാ ദേവാലയ വികാരി ഫാ. എബ്രഹാം കളരിക്കൽ മുഖ്യ കാർമ്മികത്വം വഹിച്ച തിരുനാൾ കുർബാനയിൽ ഫാ. ജിജോ നെല്ലിക്കാക്കണ്ടത്തിൽ, ഫാ. ജോസ് കന്നുവെട്ടിയേൽ, ഫാ. ഷഞ്ചു കൊച്ചുപറമ്പിൽ, ഫാ.ജോസ്കുന്നത്ത്കിഴക്കേതിൽ, ഫാ. സിജു മുടക്കോടിൽ, ഫാ.അനീഷ് മാവേലിപുത്തൻപുര എന്നിവർ സഹകാർമ്മികരായിരുന്നു.

ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറാളുമായ മോ. ഫാ. തോമസ് മുളവനാൽ വചന സന്ദേശം നൽകി. തുടർന്ന് ദർശന സമൂഹത്തിന്റെ നേതൃത്വത്തിൽ കപ്ലോൻ വാഴ്ച നടത്തി. തുടർന്ന് ഇടവകയിലെ വിവിധ പ്രായത്തിലുള്ള കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച കലാപരിപാടികൾ നടന്നു. സ്റ്റീഫൻ ചൊള്ളമ്പേൽ രചനയും സംവിധാനവും നിർവഹിച്ച് ഇടവകയിലെ കലാകാരന്മാരും കലാകാരികളും അഭിനയിച്ച മാണിക്യ വീണ എന്ന സംഗീത നൃത്ത നാടകം ശ്രദ്ധേയമായി.

പ്രധാന തിരുനാൾ ദിനമായ ഓഗസ്റ്റ് 9 ഞായറാഴ്ചത്തെ തിരുനാൾ റാസക്ക് ആലുവ മംഗലപ്പുഴ സെമിനാരി പ്രൊഫസർ ഫാ. ജിജോ നെല്ലിക്കാക്കണ്ടത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തിരുഹൃദയ ദാസസമൂഹം സുപ്പീരിയർ ഫാ. ജോസ് കന്നുവെട്ടിയേൽ വച്ചാണ് സന്ദേശം നൽകി. ഫാ. തോമസ് മുളവനാൽ, ഫാ. ഷഞ്ചു കൊച്ചുപറമ്പിൽ, ഫാ. എബ്രഹാം കടുതോടിൽ, ഫാ. സിജു മുടക്കോടിൽ, ഫാ.അനീഷ് മാവേലിപുത്തൻപുര എന്നിവർ ശകാർമ്മികരായിരുന്നു.

തുടർന്ന് വാദ്യമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ വിശുദ്ധരുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുത്ത വർണ്ണ ശബളമായ തിരുനാൾ പ്രദക്ഷിണം നടന്നു. ഫാ. തോമസ് മുളവനാൽ വി.കുര്ബാനയുടെ ആശീർവാദം നടത്തി. തുടർന്ന് അടുത്ത വർഷത്തെ പ്രസുദേന്തിമാരായി സെന്റ്. ആന്റണി കൂടാരയോഗപ്രതിനിധികളെ വാഴിച്ചു. തുടർന്ന് സ്നേഹവിരുന്നോടെയും ആവേശകരമായ തിരുന്നാൾ ലേലത്തോടെയും പരിപാടികൾ സമാപിച്ചു. ഓഗസ്റ്റ് 10 തിങ്കളാഴ്ച കൊടിയിറക്കു നടത്തി.

ഇടവക ട്രസ്റ്റീ കോർഡിനേറ്റർ സേവിയർ നടുപറമ്പിൽ, ട്രസ്റ്റിമാരായ സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ, സെക്രട്ടറി സണ്ണി മേലേടം, അക്കൗണ്ടന്റ് ജെയിംസ് മന്നാകുളം, പി.ആർ.ഒ റോയി ചേലമലയിൽ, തിരുനാൾ കോർഡിനേറ്റർസ് ആയിരുന്ന സാബു നടുവീട്ടിൽ, ജോണിക്കുട്ടി പിള്ളവീട്ടിൽ, ജിനോ കക്കാട്ടിൽ, എന്റർടൈന്മെന്റ് കോർഡിനേറ്റർസ് ആയിരുന്ന സ്റ്റീഫൻ ചൊള്ളമ്പേൽ, ജീസ് ചക്കുങ്കൽ, ബിനു ഇടക്കര, കുട്ടികളെ പരിശീലിപ്പിച്ച മിന്റു മണ്ണൂകുന്നേൽ, മീന പുന്നച്ചേരിൽ, ഭാവന കിഴവള്ളിൽ, നീതു വാണിയകുന്നേൽ, ലിസ്മി താന്നിച്ചുവട്ടിൽ, സവിത മരങ്ങാട്ടിൽ എന്നിവരോടൊപ്പം പ്രസുദേന്തിമാരും കൂടാരയോഗം ഭാരവാഹികളും നിരവധി വോളന്റിയേഴ്സും തിരുനാൾ വിജയത്തിനായി പ്രവർത്തിച്ചു.

◗ റോയി ചേലമലയിൽ




# സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദൈവാലയത്തിന്റെ 20–ാം വാർഷികാഘോഷം

ഷിക്കാഗോ: ക്നാനായ സമൂഹത്തിന്റെ വിശ്വാസ പാരമ്പര്യത്തിന്റെയും കൂട്ടായ്മയുടെയും ചരിത്രത്തിൽ സുപ്രധാന സ്ഥാനമുള്ള ഷിക്കാഗോയിലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദൈവാലയ സ്ഥാപനത്തിന്റെ 20–ാം വാർഷികാഘോഷം ആഗസ്റ്റ് 30 ഞായറാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ നടത്തപ്പെടും. 2006ലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദൈവാലയത്തിന്റെ തുടക്കം ക്നാനായ റീജിയനിലെ മറ്റ് സമൂഹങ്ങൾക്കും ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിനും വളരുന്നതിനും പ്രചോദനമായി. ക്നാനായ വിശ്വാസവും തനതായ പാരമ്പര്യങ്ങളും തലമുറകളിലേക്ക് കൈമാറുന്നതിനുള്ള ഈ ദൈവാലയത്തിന്റെ സംഭാവന വിലമതിക്കാനാവാത്തതാണ്.

ഞായറാഴ്ച രാവിലെ 10 മണിക്ക് വികാരി ഫാ. അബ്രാഹം കളരിയ്ക്കലിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിക്കപ്പെടുന്ന ആഘോഷമായ വിശുദ്ധ കുർബാനയ്ക്കുശേഷം വാർഷികാഘോഷ സമ്മേളനം നടക്കും. ക്നാനായ റീജിയൻ ഡയറക്ടർ റവ. ഫാ. തോമസ് മുളവനാൽ സമ്മേളനം ഉദ്ഘാടനം ചെയ്യും. സെന്റ് മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിൽ ചടങ്ങിൽ സന്നിഹിതനായിരിക്കും. ഇടവക ട്രസ്റ്റിമാരായ തോമസ് കുന്നുംപുറത്ത്, മത്തിയാസ് പുല്ലാപ്പള്ളിൽ, അബ്രാഹം അരീച്ചിറയിൽ, ജെയ്മോൻ പടിഞ്ഞാറേൽ, എബിൻ കുളത്തിൽ കരോട്ട് എന്നിവരുടെ നേതൃത്വത്തിൽ ആഘോഷപരിപാടികൾ ഏകോപിപ്പിക്കും.

അതോടൊപ്പം, ക്നാനായ കത്തോലിക്കർക്കായി കോട്ടയം അപ്പസ്തോലിക് വികാരിയാത്ത് പ്രത്യേകമായി സ്ഥാപിക്കാൻ അനുമതി നൽകിയതിലൂടെ, ക്നാനായ സമൂഹത്തിന്റെ വിശ്വാസവും തനതായ പാരമ്പര്യവും സംരക്ഷിക്കുന്നതിനുള്ള സഭാസംവിധാനത്തിന് ശക്തമായ അടിത്തറ പാകിയ വി. പത്താം പീയൂസിന്റെ തിരുനാളും ഭക്തിപൂർവ്വം ആഘോഷിക്കും. ഇടവകയുടെ ഏറ്റവും പ്രധാന ശുശ്രൂഷാമേഖലയായ വിശ്വാസപരിശീലന ക്ലാസ്സുകളുടെതുടക്കവും അന്നേദിവസമായിരിക്കും. ഈ ഇടവക സമൂഹത്തിന്റെ ഐക്യത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകമായി ഓണാഘോഷവും അന്ന് സംഘടിപ്പിച്ചിട്ടുണ്ട്.

ഇന്ത്യയ്ക്ക് പുറത്തുള്ള ക്നാനായ ജനതയുടെ ആദ്യത്തെ ദൈവാലയം എന്ന ചരിത്രപ്രാധാന്യവും സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ പള്ളിയ്ക്കുണ്ട്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി ക്നാനായ വിശ്വാസവും പാരമ്പര്യവും സംരക്ഷിക്കുന്നതിലും പുതുതലമുറയിലേക്ക് പകർന്നുനൽകുന്നതിലും ഈ ദൈവാലയം നിർണായകമായ പങ്കാണ് വഹിച്ചുവരുന്നത്.

ദൈവത്തിന്റെ അനന്തമായ അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നതിനുള്ള അവസരമാണ് ഈ ഇരുപതാം വാർഷികാഘോഷം. കഴിഞ്ഞ 20 വർഷത്തിനിടെ ഇടവക സമൂഹം അതിവേഗം വളരുകയും ശക്തമായ കൂട്ടായ്മയായി മാറുകയും ചെയ്തു. ഇടവകാംഗങ്ങളുടെ സഹകരണവും പിന്തുണയും കൂട്ടായ പ്രവർത്തനവുമാണ് ഈ വളർച്ചയ്ക്ക് അടിത്തറയായത്. പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാ വർക്കുമായി സ്നേഹവിരുന്നും ഒരുക്കിയിട്ടുണ്ട്.

കഴിഞ്ഞ 20 വർഷങ്ങളിൽ ദൈവം ചൊരിഞ്ഞ എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിച്ചുകൊണ്ട്, വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും കൂട്ടായ്മയുടെയും ഈ മഹത്തായ ആഘോഷത്തിൽ എല്ലാവരും കുടുംബസമേതം പങ്കുചേർന്ന് വിജയിപ്പിക്കണമെന്ന് ഇടവകവികാരി ഫാ. അബ്രാഹം കളരിയ്ക്കലും ട്രസ്റ്റിമാരും അഭ്യർത്ഥിക്കുന്നു.

# 2030 ഫൊക്കാന കൺവൻഷൻ: ആതിഥേയത്വം വഹിക്കാൻ സന്നദ്ധത അറിയിച്ച് ടൊറന്റോ മലയാളി സമാജം




2030ലെ ഫൊക്കാന കൺവൻഷൻ കാനഡയിൽ നടത്തുവാൻ ടൊറന്റോ മലയാളി സമാജം സന്നദ്ധത അറിയിച്ചു. ഇതിനുമുമ്പ് 2016ലാണ് ഫൊക്കാന കൺവൻഷൻ കാനഡയിൽ നടന്നത്. 2030ൽ കാനഡ വേദിയായാൽ നീണ്ട 14 വർഷത്തെ കാത്തിരിപ്പിനാകും വിരാമമാകുക. നോർത്ത് അമേരിക്കയിലെ മലയാളി സംഘടനകളുടെ ഏറ്റവും വലിയ കൂട്ടായ്മയാണ് ഫൊക്കാന.

കഴിഞ്ഞ 15 വർഷത്തിനുള്ളിൽ കാനഡയിലെ മലയാളി സമൂഹത്തിന്റെയും സംഘടനകളുടെയും എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ഈ കാലയളവിൽ കാനഡയിലേക്ക് കുടിയേറിയ മലയാളികൾക്ക് ഫൊക്കാനയെ അടുത്തറിയാനുള്ള മികച്ച അവസരമായിരിക്കും ഈ കൺവൻഷൻ. 2030 കൺവൻഷന് ആതിഥേയത്വം വഹിക്കാൻ അവസരം ലഭിച്ചാൽ അത് വൻ വിജയമാക്കാനുള്ള ഒരുക്കത്തിലാണ് കനേഡിയൻ മലയാളികളും ടൊറന്റോ മലയാളി സമാജവും. കഴിഞ്ഞ ദിവസം ചേർന്ന ടൊറന്റോ മലയാളി സമാജം കമ്മിറ്റി, കൺവൻഷൻ നടത്താൻ അവസരം ലഭ്യമാക്കണമെന്ന പ്രമേയം പാസ്സാക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.



# ഗീതാമണ്ഡലം: സാമൂഹിക പ്രവർത്തനങ്ങൾക്ക് മാധ്യമപ്രവർത്തകരെ ആദരിച്ചു

ഷിക്കാഗോ: ഗീതാമണ്ഡലത്തിന്റെ ഈ വർഷത്തെ സാമൂഹികപ്രവർത്തനങ്ങൾക്കും സമൂഹനന്മയ്ക്കായി നൽകിയ സംഭാവനകൾക്കും ലഭിച്ച അംഗീകാരത്തിന്റെ ഭാഗമായി പ്രമുഖ മാധ്യമപ്രവർത്തകരെ ഓണാഘോഷ വേദിയിൽ ആദരിച്ചു.



അമേരിക്കൻ മലയാളി സമൂഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്ന മാധ്യമപ്രവർത്തകരാണ് ജോസ്ചെന്നിക്കര, ജോസ് കണിയാലി,അലൻജോർജ് എന്നിവർ. ഷിക്കാഗോ മലയാളികളുടെ സാമൂഹികവും സാംസ്കാരികവുമായ മുന്നേറ്റങ്ങൾക്കും സമൂഹത്തിലെ വിവിധ വിഷയങ്ങൾക്കും മാധ്യമശ്രദ്ധ നൽകുന്നതോടൊപ്പം, മലയാളി സമൂഹത്തിന്റെ ശബ്ദമായി പ്രവർത്തിക്കുന്നതിലും ഇവർ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് ഗീതാമണ്ഡലം ഭാരവാഹികൾ ചൂണ്ടിക്കാട്ടി.

വാർത്തകളെ കേവലം റിപ്പോർട്ട് ചെയ്യുന്നതിൽ ഒതുങ്ങാതെ, സമൂഹത്തിന്റെ നന്മയും ഐക്യവും പുരോഗതിയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മാധ്യമധർമ്മമാണ് ഇവരുടെ പ്രവർത്തനങ്ങളുടെ പ്രത്യേകതയെന്നും ഗീതാമണ്ഡലംവിലയിരുത്തി.

'സത്യസന്ധമായ മാധ്യമധർമ്മം എങ്ങനെയായിരിക്കണം എന്ന് സമൂഹത്തിന് കാട്ടിക്കൊടുക്കുന്ന ഇവരുടെ ഉദാത്തമായ സംഭാവനകളെ മാനിച്ചാണ് ഈ വർഷത്തെ ഗീതാമണ്ഡലത്തിന്റെ ഓണാഘോഷ വേദിയിൽ സമാദരണീയരായ ഈ മഹത് വ്യക്തിത്വങ്ങളെ ആദരിച്ചത്,' ഗീതാമണ്ഡലം പ്രസിഡന്റ് അപ്പുക്കുട്ടൻ ശേഖരൻ പറഞ്ഞു.

സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഗീതാമണ്ഡലത്തിന്റെ സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമാണെന്നും അദ്ദേഹംകൂട്ടിച്ചേർത്തു. സാമൂഹികസേവനവുംസാംസ്കാരിക സംരക്ഷണവും മാധ്യമപ്രവർത്തനവും പരസ്പരം കൈകോർക്കുമ്പോഴാണ് ഒരു സമൂഹത്തിന്റെ പുരോഗതി കൂടുതൽ ശക്തമാകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഗീതാമണ്ഡലത്തിന്റെ ഓണാഘോഷ വേദിയിൽ നടന്ന ആദരിക്കൽ ചടങ്ങ് സമൂഹത്തിന്റെ വിവിധമേഖലകളിലുള്ളവരുടെ സാന്നിധ്യത്തിൽ ശ്രദ്ധേയമായി. കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവും ആഘോഷിക്കുന്ന ഓണവേദിയിൽ, സമൂഹത്തിനായി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകരെ ആദരിച്ചത് ആഘോഷത്തിന് കൂടുതൽ അർത്ഥവത്തായ മാനം നൽകി.

# സാക്രമെന്റോയിൽ മഹാ ഓണാഘോഷവുമായി അരങ്ങ് കേരള അസോസിയേഷൻ



കേരള അസോസിയേഷൻ ഓഫ് സാക്രമെന്റ് (അരങ്ങ്)യുടെ മഹാ ഓണം എൻ കാമിനോ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് വിഭവ സമൃദ്ധമായസദ്യയോടുംകലാപരിപാടികളോടും കൂടി ആഘോഷിച്ചു. മുപ്പത്തഞ്ച് രുചിയേറുന്ന വിഭവങ്ങളടങ്ങുന്ന സമൃദ്ധമായ ഓണസദ്യ 700ൽ അധികം ആളുകൾക്ക് തൂശനിലയിൽ വിളമ്പിക്കൊടുത്ത് അമേരിക്കയിലെ സംഘടനകൾക്കിടയിൽ ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ് അരങ്ങ് കേരള അസോസിയേഷൻ. പ്രശസ്ത പാചക രാജാക്കന്മാരായ ബൈജു ആന്റണിയുടേയും ജോയിച്ചൻചുക്കനാനിയുടെയുംനേതൃത്വത്തിൽ തയ്യാറാക്കിയ രുചിയേറുന്ന വിഭവങ്ങൾ ഏവരുടേയും പ്രശംസ പിടിച്ചുപറ്റി.

ഓണസദ്യക്കുശേഷം നടന്ന കലാപരിപാടികൾക്ക് സിനിമാ സീരിയൽ ബിഗ്ബോസ് താരവും മോഡലുമായ ശരണ്യ ആനന്ദ്, ഫാ. കുര്യാക്കോസ് പുതുപ്പാടി, ഫോമ ട്രഷറർ സിജിൽ പാലക്കലോടി, പ്രസിഡന്റ് ബൈജു ആന്റണി, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ തിരികൊളുത്തി ഉദ്ഘാടനം ചെയ്തു.

അരങ്ങ് പ്രസിഡന്റ് ബൈജു ആന്റണി വിശിഷ്ടാതിഥികളേയും ഓണാഘോഷത്തിൽപങ്കെടുത്തവരേയുംസ്വാഗതം ചെയ്തു. ഓണാഘോഷത്തിൽ പങ്കെടുത്ത മാവേലിയും വിശിഷ്ടാതിഥികളെയും സ്വീകരിച്ചുകൊണ്ട് ചെണ്ടക്കാരുടെയും താലപ്പൊലിയുടെയും പുലികളിക്കാരുടേയും അകമ്പടിയോടെ കമ്മിറ്റി അംഗങ്ങൾ വേദിയിലേക്ക് ആനയിച്ചു.

പ്രവാസ ജീവിതത്തിന്റെ തിരിക്കിനിടയിലും കേരളത്തിന്റെ ഉത്സവമായ ഓണാഘോഷം പരമ്പരാഗത രീതിയിൽ ആർഭാടത്തോടുകൂടി അരങ്ങ് അസോസിയേഷന്റെ നേതൃത്വത്തിൽ ആഘോഷിക്കുന്നതിനുള്ള അഭിനന്ദനം സിനിമാ സീരിയൽ താരം ശരണ്യ ആനന്ദ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചു.

അരങ്ങ് അസോസിയേഷന്റെ നാലാമത്തെ പ്രോഗ്രാമായ ഈ ഓണാഘോഷത്തെയും മഹാസദ്യയെയും പ്രവർത്തനങ്ങളെയും തന്റെ ആശംസാപ്രസംഗത്തിൽ ഫോമ നാഷണൽ ട്രഷറർ സിജിൽ പാലക്കലോട് അഭിനന്ദിച്ചു. വൈസ് പ്രസിഡന്റ് ബിന്ദു ടി.ജി അരങ്ങിന്റെ പ്രവർത്തനങ്ങളെ ആശംസാ പ്രസംഗത്തിൽ ചൂണ്ടികാണിക്കുകയുണ്ടായി.

പ്രാർത്ഥനാ ഗാനത്തോടും തിരുവാതിരയോടും കൂടി ആരംഭിച്ച കലാപരിപാടികൾ വ്യത്യസ്തതകൊണ്ടും അവതരണം കൊണ്ടും പ്രേക്ഷക മനസ്സുകളിൽ ഇടംപിടിച്ചു. ചലച്ചിത്ര നടി ശരണ്യ ആനന്ദിന്റെ നേതൃത്വത്തിൽ നടന്ന സംഘനൃത്തം, പ്രശസ്ത ഗായകരുടെ മ്യൂസിക്കൽ ഫെർമോൻസസ്, കോമഡിസ്കിറ്റ്, നൃത്തങ്ങൾ എല്ലാം പരിപാടിക്ക് മാറ്റുകൂട്ടി.

മധുകുമാറും അംഗീത ടോമും ചേർന്നൊരുക്കിയ 15 യുവതികളുടെ പരമ്പരാഗത വേഷത്തോടെയുള്ള മലയാളി ഫാഷൻ ഷോ ഒരു പുതു അനുഭവമായിരുന്നു. കൾച്ചറൽ കോർഡിനേറ്റേഴ്സായ റാണി മധുകുമാർ, പ്രവിത പുരുഷോത്തമൻ എന്നിവരുടെ നേതൃത്വത്തിൽ പ്രതിഭ, ജാസ്മിൻ, അരൂഷി, ആഷി തുടങ്ങിയവർ കലാപരിപാടികൾ ക്രോഡീകരിക്കുന്നതിൽ സുപ്രദാന പങ്കുവഹിച്ചു. സനീഷിന്റേയും പ്രിയങ്കയുടെയും നേതൃത്വത്തിൽ ഒരുക്കിയ അത്തപ്പൂക്കളവും കേരളത്തനിമയുള്ള അലങ്കാരങ്ങളും ഓണാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.

ട്രഷറർഎബിൻ വർഗീസ്, ജോ. സെക്രട്ടറി രഞ്ജിത് മാത്യു, കവിരാജ്, ജോസ്മോൻ, പ്രഭാത്, ജോബി, ബിജു, സിമി, ജോയാസ്, ജോമോൻ, ബാലു, ബിനോജ് തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ടീമുകൾ ഓണാഘോഷത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

സെക്രട്ടറി പ്രതീഷ് അബ്രഹാം കേരളാ അസോസിയേഷൻ ഓഫ് സാക്രമെന്റോ അരങ്ങിന്റെ ഓണാഘോഷം മഹാ വിജയമാക്കിയ ഏവർക്കും നന്ദി അർപ്പിച്ചു.



നാഴികമണി

# മലബാറിന്റെ തീവണ്ടി ചരിത്രം



എൻ.പി. ചെക്കുട്ടി

ദക്ഷിണ റെയിൽവേയിലെ മംഗലാപുരം ജംക്ഷനും ഉള്ളാൾ മുതൽ വടക്കോട്ടുള്ള തീവണ്ടിപ്പാതകളും പാലക്കാട് ഡിവിഷനിൽ നിന്നും അടർത്തിമാറ്റി മൈസൂർ ഡിവിഷനിൽ ലയിപ്പിക്കാനുള്ള ഇന്ത്യൻ റെയിൽവെ അധികൃതരുടെ തീരുമാനം മലബാറിൽ വലിയ കോലാഹലം സൃഷ്ടിച്ചിരിക്കുകയാണ്. ഒരു റെയിൽവെ സ്റ്റേഷൻ ഭരണസൗകര്യം കണക്കാക്കി മറ്റൊരു ഡിവിഷനിലേക്കു മാറ്റിയതിൽ എന്തിനിത്ര പ്രതിഷേധം എന്നാരും ചോദിക്കും.

എന്നാൽ അത്ര ചെറിയ കാര്യമല്ല. കാരണം അതിന്റെചരിത്രപ്രാധാന്യം തന്നെയാണ്. മലബാർ ചരിത്രത്തിന്റെ ഒരു ഭാഗം തന്നെയാണ് ഈ തീവണ്ടിപ്പാത. അത് അങ്ങോട്ടു പറിച്ചുമാറ്റുമ്പോൾ മലബാറിന്റെ ചരിത്രത്തിലെ ഐതിഹാസിക നിമിഷങ്ങളാണ് അപ്രത്യക്ഷമാകുന്നത്.

മദിരാശിയിൽ നിന്നും മംഗലാപുരം വരെയുള്ള തീവണ്ടിപ്പാതയാണ് ദക്ഷിണേന്ത്യയിലെ ആദ്യത്തെ പാതകളിലൊന്ന്. ബ്രിട്ടീഷ് ഭരണം ശക്തമായി മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ തീവണ്ടിയും കമ്പിത്തപാലും അനിവാര്യമാണെന്ന ബോധ്യം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ കൊളോണിയൽ ഭരണകൂടത്തിന് ഉണ്ടായിരുന്നു.




ചരക്കുകൾ കടത്താനും സായുധ സേനകളെ എളുപ്പത്തിൽ വിവിധ സ്ഥലങ്ങളിൽ എത്തിക്കാനും തീവണ്ടിയാണ് ഏറ്റവും സൗകര്യപ്രദം. അതിനായി മദ്രാസ് റെയിൽവേ കമ്പനി എന്നപേരിൽ ഒരു കമ്പനി രൂപീകരിച്ചു ഓഹരികൾ വിറ്റഴിച്ചാണ് മദ്രാസ് സംസ്ഥാനത്തു തീവണ്ടി ഗതാഗതം ആരംഭിച്ചത്. 1845ലാണ് കമ്പനി സ്ഥാപിച്ചത്.

പാലക്കാട് വഴി വടക്കോട്ടുള്ള പാതയുടെ നിർമാണം അധികം വൈകാതെ ആരംഭിച്ചു. എന്നാൽ പാതയ്ക്ക് വിഘ്നാതമായി ചാലിയാർ നദി കിഴക്കു നിന്ന് പടിഞ്ഞാറോട്ടു നീണ്ടുപരന്നു ഒഴുകി. അതിനാൽ മദിരാശിയിൽ നിന്നും ആരംഭിച്ചു മലബാർ പ്രവിശ്യയിലൂടെ വടക്കോട്ടു കടന്നുപോകേണ്ട തീവണ്ടിപ്പാത ചാലിയാറിനു തെക്കു ചാലിയത്ത് അവസാനിച്ചു.

ചാലിയം സാമൂതിരിയുടെ പ്രതാപകാലം മുതലേ പ്രസിദ്ധമായ കടലോര പ്രദേശമായിരുന്നു. കിഴക്കു സഹ്യപർവത സാനുക്കളിൽ നിന്നുമുള്ള കുരുമുളകും ഏലവും തേക്കിൻ തടികളും അന്നൊക്കെ ചാലിയാർ വഴിയാണ് തീരത്തേക്ക് എത്തിയത്. അതിനൊക്കെ വിദേശങ്ങളിൽ വലിയ ആവശ്യക്കാരുണ്ടായിരുന്നു. ബൈബിളിൽ പോലും അതേക്കുറിച്ചു പരാമർശമുണ്ട്.

സോളമൻ ചക്രവർത്തിയുടെ കൊട്ടാരം പണിതത് നിലമ്പൂരിൽ നിന്നുള്ള തേക്ക് കൊണ്ടാണെന്ന കഥ വെറും കഥയല്ല. കാരണം നിലമ്പൂർ തേക്കിന്റെ മാഹാത്മ്യം അന്നൊക്കെ ലോകപ്രസിദ്ധമായിരുന്നു. ചരക്കുകൾ വാങ്ങാൻ വെനീസിൽ നിന്നും ആഫ്രിക്കയിൽ നിന്നും അറബ് നാടുകളിൽ നിന്നും വ്യാപാരികൾ എത്തിയത് ഒന്നുകിൽ കൊയിലാണ്ടിക്ക് അടുത്തുള്ള പന്തലായിനിയിൽ. അല്ലെങ്കിൽ ചാലിയത്ത്. സാമൂതിരിയുടെ നാട്ടിലെ പേരുകേട്ട തുറമുഖങ്ങളായിരുന്നു രണ്ടും. മാർക്കോ പോളോയുടെ കാലം മുതൽ അവ രണ്ടും ലോകപ്രസിദ്ധമായിരുന്നു.

രണ്ടിടത്തും സാമൂതിരിയുടെ കച്ചവട താല്പര്യങ്ങൾ നോക്കിയത് മുസ്ലിം വ്യാപാര പ്രമുഖർ ആയിരുന്നു. അവരിൽ പലരും അറബ് നാട്ടുകാരാണ്. ചിലരൊക്കെ മലയാളി മാപ്പിളമാരും. സാമൂതിരിയുടെ കപ്പൽപ്പടയും അവരുടെ നിയന്ത്രണത്തിലായിരുന്നു. കുഞ്ഞാലി മരക്കാന്മാരാണ് ഒരു നൂറ്റാണ്ടിലേറെക്കാലം സാമൂതിരിയുടെ കപ്പൽപ്പടയെ നയിച്ചത്.

നാവികരായി ജോലി ചെയ്തത് അധികവും മാപ്പിളമാർ. അതിനാൽ നാവികസേനയിൽ ആവശ്യത്തിനു പടയാളികളെ കിട്ടാനായി കടലോരത്തെ മുക്കുവ കടുംബങ്ങളിലെ ആൺകുട്ടികളിൽ ഒരാളെയെങ്കിലും മാപ്പിളയായി വളർത്തണം എന്നു സാമൂതിരി ശാസന പുറപ്പെടുവിച്ചരുന്നു.

മലബാറിൽ പോർത്തുഗീസുകാർ അധികാരം പിടിച്ചപ്പോൾ അവർ ആദ്യം ചെയ്തത് ചാലിയത്തു ഒരു കോട്ട കെട്ടുകയാണ്. പക്ഷേ പിന്നീട് അവർ യുദ്ധത്തിൽ തോറ്റപ്പോൾ മാപ്പിളമാർ, ചാലിയം കോട്ട അടിയോടെ തകർത്തുകളഞ്ഞു. പിന്നീട് ഡച്ചുകാരും ഇംഗ്ലീഷുകാരും ചാലിയം തങ്ങളുടെ തന്ത്രപ്രധാന കേന്ദ്രമായി കണക്കാക്കിയിരുന്നു.

അങ്ങനെയുള്ള ചാലിയത്താണ് മദിരാശിയിൽ നിന്നും പാലക്കാട്-തിരൂർ വഴി വന്ന പാത അവസാനിച്ചത്. ചാലിയത്ത് ഇന്നും പഴയ ടെർമിനലിന്റെ അവശിഷ്ടങ്ങൾ കാണാനുണ്ട്. അതുകഴിഞ്ഞു വർഷങ്ങളെടുത്തു ചാലിയാറിനു പാലം കെട്ടി വണ്ടി വടക്കോട്ടു നീങ്ങാനായി. അങ്ങനെ 1888 ജനവരി രണ്ടിന് കോഴിക്കോട്ടു വരെയുള്ള തീവണ്ടിപ്പാത തുറന്നു.

മലബാറിന്റെ വികസന ചരിത്രത്തിൽ അതൊരു മഹാസംഭവമായിരുന്നു. പിന്നീട് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ പാത വീണ്ടും വടക്കോട്ടു നീങ്ങി. 1901ൽ വടകരയിലേക്കും പിറ്റേവർഷം തലശ്ശേരിയിലേക്കും തീവണ്ടിയെത്തി. തുടർന്ന് 1907ലാണ് കുമ്പളയും കാസർഗോഡും കടന്നു തീവണ്ടി ഗതാഗതം മംഗലാപുരം വരെ എത്തുന്നത്.

ചാലിയം മുതൽ വടക്കോട്ടുള്ള പാതയിൽ തരണം ചെയ്യേണ്ട നദികൾ വളരെയധികമാണ്. അതിനാൽ വലിയ ജനകീയ പ്രക്ഷോഭവും ബഹുജന മുന്നേറ്റവും ഒക്കെയാണ് ഈ പ്രദേശത്തെ തീവണ്ടി ഗതാഗതം വികസിപ്പിക്കുന്നതിനായി വേണ്ടിവന്നത്. സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പും ധാരാളം ജനകീയ സമ്മർദ്ദങ്ങൾ അതിനായി വേണ്ടിവന്നിട്ടുണ്ട്. അതിനാൽ വടക്കുള്ളവർക്കു ഈ തീവണ്ടിപ്പാത വെറുമൊരു പാതയല്ല. മറിച്ചു അവരുടെ ചരിത്രത്തിന്റെയും ജീവിത്തത്തിന്റെയും ഭാഗമാണ്.

ഇതൊന്നും കണക്കാക്കാതെയാണ് ഡൽഹയിൽ റെയിൽവെ മന്ത്രാലയത്തിൽ ഇരിക്കുന്ന ഏതോ പ്രമാണി മംഗലാപുരത്തെയെടുത്തു നേരെ മൈസൂരിന്റെ കണക്കിൽ ചേർത്തത്. ഇന്ത്യൻ റെയിൽവേയുടെ വികസന ചരിത്രം അറിയാവുന്ന ആരും അതു ചെയ്യാനിടയില്ല.

കാരണം ബ്രിട്ടീഷ് ഭരണകാലം മുതൽ മലബാറും വടക്കോട്ടു ബോംബെ വരെയുള്ള പ്രദേശങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായിരുന്നു മംഗലാപുരം. ടിപ്പു ഭരണത്തിലും വോഡയാർ ഭരണത്തിലും മംഗലാപുരം മൈസൂരിന്റെ ഭാഗമായിരുന്നുവെങ്കിലും അവയ്ക്കിടയിൽ തീവണ്ടി ഗതാഗതം ഒരിക്കലും ഉണ്ടായിരുന്നുമില്ല.

മംഗലാപുരം പാലക്കാട് ഡിവിഷനു നഷ്ടമാകുന്നത് മലബാറിലെ മലയാളികളെ ഉത്കണ്ഠപ്പെടുത്തുന്നത് അതിന്റ ചരിത്രപ്രാധാന്യം കൊണ്ടു മാത്രമല്ല. മറിച്ച് അതിൽ ചില സാമ്പത്തിക പ്രശ്നങ്ങളുമുണ്ട്. പാലക്കാട് മുതൽ വടക്കോട്ടുള്ള റെയിൽവേ ഡിവിഷനിൽ ഷൊർണൂരും കോഴിക്കോട്ടും മാത്രമാണ് രണ്ടു പ്രധാന സ്റ്റേഷനുകൾ. എന്നിരുന്നാലും അവയുടെ വരുമാനം മംഗലാപുരത്തെ വരുമാനത്തിന് അനുസരിച്ചു ഉയർന്നതല്ല.

പാലക്കാട് ഡിവിഷനിൽ ഏറ്റവും വരുമാനമുള്ള സ്റ്റേഷനാണ് മംഗലാപുരം. അതു കൈമോശം വന്നാൽ പാലക്കാട് ഡിവിഷന്റെ വരുമാനം കുറയും; പ്രാധാന്യം ഇടിയുകയും ചെയ്യും.

വരുമാനം നോക്കിയാണ് റെയിൽവേയിൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. വരുമാനം ജോറായി ഇല്ലെങ്കിൽ വികസന സഹായവും വരണ്ടുപോകും. ഭാവിയിൽ ഫണ്ട് വരുന്നത് അക്കാരണം കൊണ്ടു തന്നെ അപ്രത്യക്ഷമാവും.

കേരളം കടലും കടന്നു വികസിക്കുമ്പോൾ മലബാർ പിന്നിൽ മുടന്തി മുടന്തി നടക്കേണ്ടി വരും. അതൊക്കെയാണ് നിലവിലെ ഉത്കണ്ഠകൾക്കു കാരണമാകുന്നത്. നമ്മുടെ രാഷ്ട്രീയ നേതൃത്വം ഇതൊക്കെ പരിഗണിക്കുമോ, ആവോ!



# ഹാനോവർ ബാങ്ക് ഡയറക്ടർ വർക്കി എബ്രഹാമിന് ഫൊക്കാനയുടെ ബിസിനസ്സ് ശ്രേഷ്ഠത പുരസ്കാരം



പ്രവാസി മലയാളി സമൂഹത്തിന് അഭിമാനമായി വർക്കി എബ്രഹാം ഫൊക്കാനയുടെ ബിസിനസ്സ് ശ്രേഷ്ഠത പുരസ്കാരത്തിന് അർഹനായി. SBA (Small Business Administration) ലോൺ പ്രോഗ്രാമുകളിലൂടെയും വിവിധ വാണിജ്യ വായ്പാ പദ്ധതികളിലൂടെയും കുടിയേറ്റക്കാരായ ചെറുകിട മലയാളി സംരംഭകർക്ക് സാമ്പത്തിക പിന്തുണയും വളർച്ചയ്ക്കാവശ്യമായ അവസരങ്ങളും ഒരുക്കുന്നതിൽ ഹാനോവർ ബാങ്ക് ശ്രദ്ധേയമായ പങ്കാണ് വഹിക്കുന്നത്. ചെറുകിട മലയാളി സംരംഭകർക്ക് നൽകുന്ന സംഭാവനകളെ മാനിച്ചാണ് ബിസിനസ്സ് ശ്രേഷ്ഠത പുരസ്കാരത്തിന് അർഹനായത്.

പരമ്പരാഗത തൊഴിൽ മേഖലകളുടെ അതിരുകൾ മറികടന്ന്, അമേരിക്കൻ മെയിൻസ്ട്രീം ധനകാര്യ സ്ഥാപനങ്ങളുടെ ഉന്നത നേതൃത്വനിരയിലേക്ക് ഉയരാൻ സാധിക്കുമെന്ന് വർക്കി എബ്രഹാമിന്റെ വിജയഗാഥ തെളിയിക്കുന്നു. അദ്ദേഹത്തിന്റെ നേട്ടങ്ങളും ദർശനവും പുതിയ തലമുറയിലെ മലയാളി യുവാക്കൾക്ക് പ്രചോദനവും വഴികാട്ടിയുമാണ്.

അമേരിക്കൻ വാണിജ്യധനകാര്യ രംഗത്തെ പ്രമുഖ സ്ഥാപനമായ, ഇന്ന് NASDAQ-ൽ ലിസ്റ്റ് ചെയ്തിരിക്കുന്നതും ഏകദേശം 2.5 ബില്യൺ ഡോളർ ആസ്തിയുള്ളതുമായ ഹാനോവർ ബാങ്കിന്റെ സ്ഥാപക ഡയറക്ടർമാരിൽ ഒരാളായ വർക്കി എബ്രഹാമിന്റെ വിജയം പ്രവാസി മലയാളി സമൂഹത്തിനാകെ വൻ അഭിമാനമായി മാറുന്നു.

അമേരിക്കയിലെ Eric's Shoe Stores ശൃംഖല, Abraham and Sons Leather Company, VA Smith Shoe Company International എന്നിവയുടെ ഉടമയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ അദ്ദേഹം, റിയൽ എസ്റ്റേറ്റ് നിക്ഷേപകനായും പ്രവാസി ടെലിവിഷൻ ചാനൽ ചെയർമാനായും കഴിവ് തെളിയിച്ചിട്ടുള്ള മികച്ചൊരു സംരംഭകനാണ്. ഇൻഡോ-അമേരിക്കൻ മലയാളി ചേംബർ ഓഫ് കൊമേഴ്സിന്റെ രണ്ട് തവണ പ്രസിഡന്റായും, സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് സഭാ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം അമേരിക്കൻ ദക്ഷിണേഷ്യൻ സമൂഹത്തിലെ കരുത്തുറ്റ സാന്നിധ്യമാണ്.

ബാങ്കിംഗ് മേഖലയിലെ തന്റെ സ്ഥാനത്തിൽ മാത്രം ഒതുക്കാതെ, കലയും സംസ്കാരവും കോർത്തിണക്കി വലിയ ഉത്തരവാദിത്തം ചുമന്ന ഫൊക്കാനയ്ക്ക് ശക്തമായ തണലൊരുക്കാൻ വർക്കി എബ്രഹാമിനെപ്പോലൊരു ബാങ്കിംഗ് പ്രമുഖൻ എത്തിയത് ഈ കൂട്ടായ്മയ്ക്കുള്ള വലിയൊരു അംഗീകാരമാണ്.

കലഹാരിയിലെ ചരിത്ര നേട്ടത്തിന് പിന്നിൽ ഫൊക്കാന കൈകോർത്തപ്പോൾ, ഏറ്റവും ആവശ്യമായ സമയത്ത് തോൾചേർന്നുനിന്ന വർക്കി എബ്രഹാമിന്റെ പങ്കാളിത്തം പ്രവാസി മലയാളി സമൂഹത്തിന് വലിയൊരു പ്രചോദനമാണ്.

*സാജ് കവിന്റെരികത്ത്*




# കേരളാ അസോസിയേഷനും കേരളാ കൾച്ചറൽ സെന്ററും ഇന്ത്യൻ സ്വാതന്ത്ര്യദിനവും പിക്നിക്കും സംയുക്തമായി ആഘോഷിച്ചു

കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോയും കേരള കൾച്ചറൽ സെന്ററും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും വാർഷിക ഫാമിലി പിക്നിക്കും ആഗസ്റ്റ് 15-ാം തീയതി വുഡ്റിഡ്ജ് സണ്ണിസെയിൻ പാർക്കിൽ വച്ച് സമുചിതമായി ആഘോഷിച്ചു. രാവിലെ 10 മുതൽ വൈകുന്നേരം 5 മണിവരെ നടന്ന പിക്നിക്ക് കേരളീയ വിഭവങ്ങളോടു കൂടിയ പ്രഭാത ഭക്ഷണവും ബാർബെക്യൂവും കൺവീനർ ഷിബു വെൺമണിയുടെ നേതൃത്വത്തിൽ തയ്യാറാക്കി വിളമ്പിയത് എല്ലാവരും സംതൃപ്തിയോടെ ഭക്ഷിച്ചു ആഘോഷങ്ങൾക്കു തുടക്കമായി. മഴയായതുകാരണം ഔട്ട് ഡോർ ആഘോഷങ്ങൾ കുറച്ചു ഇൻസൈഡ് പരിപാടികളിൽ എല്ലാവരും സന്തോഷപൂർവ്വം പങ്കെടുത്ത പരിപാടി വൻ വിജയമാക്കി.

ആഘോഷങ്ങൾക്ക് കൺവീനർ ഷിബു വെൺമണി, പ്രസിഡന്റ് ആന്റോ കവലയ്ക്കൽ, ചെയർമാൻ പ്രമോദ് സക്കറിയാസ്, കമ്മിറ്റിയംഗങ്ങളായ സന്തോഷ് അഗസ്റ്റിൻ, ജോർജ് കുരിയാക്കോസ്, പീറ്റർ കൊല്ലപ്പിള്ളി, ടോം സിറിയക്, ത്രേസിയാമ്മ ചെന്നിക്കര തുടങ്ങിയവർ നേതൃത്വം നൽകി. പരിപാടികളുടെ ഗ്രാന്റ് സ്പോൺസർ മെഡികെയർ സ്പെഷലിസ്റ്റ് എലൻ സുരേന്ദ്രൻ ആയിരുന്നു.




## ഗിന്നസ് താളത്തിൽ നിന്ന് ആഗോള സംരംഭകത്വത്തിലേക്ക്:

# ലോകവാതിൽ തുറന്ന് ഫൊക്കാന

പെൻസിൽവേനിയ: ഫൊക്കാനയുടെ 2026 അന്താരാഷ്ട്ര കൺവൻഷനിൽ ശ്രദ്ധേയമായ അംഗീകാരമായി ഓസ്ട്രിയ ആസ്ഥാനമായ സംരംഭകനും സാമൂഹിക പ്രവർത്തകനുമായ ഡോ. പ്രിൻസ് പള്ളിക്കുന്നേലിന് ഫൊക്കാന ആഗോള സംരംഭകത്വ പുരസ്കാരം നൽകി. മലയാളി സമൂഹത്തിന്റെ വളർച്ച സംസ്കാരത്തിലും കലകളിലും മാത്രമല്ല, സംരംഭകത്വത്തിലും ആഗോള ബന്ധങ്ങളിലും കൂടിയാണെന്ന സന്ദേശമാണ് ഈ അംഗീകാരം നൽകുന്നത്. 5000 ത്തിലധികം പേർ പങ്കെടുത്ത കൺവൻഷന്റെ ഭാഗമാകാൻ കഴിഞ്ഞത് അഭിമാനകരമായ അനുഭവമായിരുന്നുവെന്ന് പ്രിൻസ് പള്ളിക്കുന്നേൽ സാമൂഹികമാധ്യമ കുറിപ്പിൽ വ്യക്തമാക്കി.

മലപ്പുറത്ത് നിന്ന് യൂറോപ്പിലെത്തിയ പ്രിൻസ് പള്ളിക്കുന്നേൽ വിയന്നയിൽ ആരംഭിച്ച ചെറിയ ഇന്ത്യൻ കടയെ പിന്നീട് PROSI Exotic Supermarket എന്ന ബഹുസാംസ്കാരിക വ്യാപാരകേന്ദ്രമായി വളർത്തി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കുന്ന PROSI, സാമൂഹിക സേവന പ്രവർത്തനങ്ങളിലും സജീവമാണ്. PROSI Global Chartiy വഴി വിവിധ രാജ്യങ്ങളിൽ വിദ്യാഭ്യാസസാമൂഹിക പദ്ധതികൾക്ക് പിന്തുണ നൽകിയിട്ടുണ്ട്.

ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണിയുടെ ദർശനവും, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളും, സംഘടനയെ കലാസാംസ്കാരിക വേദിയിൽ നിന്ന് സംരംഭകത്വം, സാമൂഹിക സേവനം, ആഗോള നെറ്റ്വർക്കിംഗ് എന്നിവ ഉൾക്കൊള്ളുന്ന വിശാലമായ വേദിയാക്കി മാറ്റുന്നതിൽ ശ്രദ്ധേയമാണ്.

# 'കുട്ടികളുടെ മാനസികാരോഗ്യം തകർത്തു!'; മെറ്റയ്ക്ക് ബില്യൺ കണക്കിന് ഡോളറിന്റെ വൻ പിഴ

കുട്ടികളിലും കൗമാരക്കാരിലും സോഷ്യൽ മീഡിയ ഉണ്ടാക്കുന്ന ആസക്തിയും മാനസികാരോഗ്യ പ്രയാസങ്ങളും മുൻനിർത്തി ഫേസ്ബുക്കിന്റെയും ഇൻസ്റ്റാഗ്രാമിന്റെയും മാതൃ കമ്പനിയായ മെറ്റ അതിബ്രഹത്തായ പിഴത്തുക അടയ്ക്കാൻ ധാരണയായി. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങൾ നൽകിയ ഹർജികളിലാണ് ചരിത്രപരമായ ഈ ഒത്തുതീർപ്പ് ഉണ്ടായിരിക്കുന്നത്. 16.7 ബില്യൺ ഡോളറിലധികം (ഏകദേശം ഒന്നര ലക്ഷം കോടിയിലധികം ഇന്ത്യൻ രൂപ) ഒത്തുതീർപ്പ് തുകയായി നൽകാനാണ് ടെക് ഭീമൻ തയ്യാറായിരിക്കുന്നത്.

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ കുട്ടികളിൽ അനാവശ്യമായി ആസക്തി വളർത്തുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് യുഎസ് സംസ്ഥാനങ്ങൾ ആരോപിച്ചിരുന്നു. കൗമാരക്കാരുടെ മാനസികാരോഗ്യത്തെയും സുരക്ഷയെയും ബാധിക്കുന്ന സാങ്കേതിക വിദ്യകൾ ബോധപൂർവ്വം ഉപയോഗിച്ചുവെന്നാണ് പ്രോസിക്യൂഷൻ കോടതിയിൽ വാദിച്ചത്. വർഷങ്ങളായി തുടരുന്ന നിയമപോരാട്ടത്തിനൊടുവിലാണ് വലിയൊരു ഒത്തുതീർപ്പിലേക്ക് കമ്പനി എത്തിയത്. 29 അമേരിക്കൻ സംസ്ഥാനങ്ങളാണ് മെറ്റയ്ക്കെതിരെ സംയുക്തമായി കേസുമായി മുന്നോട്ട് പോയത്. കുട്ടികളുടെ സ്വകാര്യതാ നിയമങ്ങൾ ലംഘിച്ചതിനും മാതാപിതാക്കളുടെ അനുമതിയില്ലാതെ വിവരങ്ങൾ ശേഖരിച്ചതിനും മെറ്റയ്ക്കെതിരെ ശക്തമായ തെളിവുകൾ ഉണ്ടായിരുന്നു. പ്ലാറ്റ്ഫോമുകളുടെ സുരക്ഷാ ഫീച്ചറുകളെക്കുറിച്ച് ഉപയോക്താക്കളെ തെറ്റിദ്ധരിപ്പിച്ചുവെന്നും ആരോപണമുണ്ട്.



# പോർമുഖത്ത് അമേരിക്കൻ ജനാധിപത്യം

(ഒന്നാം പേജ് തുടർച്ച)

പ്രകമ്പനങ്ങൾ ചെറുതല്ല.

## പൗരത്വ പരിശോധനയും പൗരന്മാരുടെ സ്വകാര്യതയും

2026 മാർച്ച് മാസത്തിലാണ് തപാൽ വോട്ടിംഗിൽ ഫെഡറൽ തലത്തിൽ ശക്തമായ പരിശോധനകളും പൗരത്വ ഉറപ്പുവരുത്തലും ആവശ്യപ്പെട്ട് ട്രംപ് വിവാദ ഉത്തരവിൽ ഒപ്പുവെച്ചത്.

പൗരത്വമില്ലാത്തവർക്ക് തപാൽ ബാലറ്റുകൾ നൽകുന്ന സംസ്ഥാന ഉദ്യോഗസ്ഥർക്കെതിരെ നീതി ന്യായ വകുപ്പ് നിയമനടപടി സ്വീകരിക്കുമെന്നും, യോഗ്യരായ വോട്ടർമാരുടെ പട്ടിക യു.എസ് പോസ്റ്റൽ സർവീസിന് കൈമാറി അവർ വഴി മാത്രം ബാലറ്റുകൾ വിതരണം ചെയ്യണമെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു.

എന്നാൽ, അമേരിക്കൻ ഭരണഘടനയുടെ ആർട്ടിക്കിൾ ക സെക്ഷൻ 4 പ്രകാരം തിരഞ്ഞെടുപ്പ് നടത്തിപ്പിന്റെയും രീതികളുടെയും പ്രാഥമിക ചുമതല ഫെഡറൽ സർക്കാരിനല്ല, മറിച്ച് സംസ്ഥാനങ്ങൾക്കാണെന്ന് ചൂണ്ടിക്കാട്ടി ഡെമോക്രാറ്റിക് പാർട്ടി ഭരിക്കുന്ന 25ഓളം സംസ്ഥാനങ്ങളിലെ അറ്റോർണി ജനറൽമാരും വോട്ടവകാശ സംരക്ഷകരും കോടതിയെ സമീപിക്കുകയായിരുന്നു.

## സംസ്ഥാനങ്ങളുടെ എതിർപ്പും സുപ്രീം കോടതിയുടെ നിലപാടും

ആദ്യഘട്ടത്തിൽ സംസ്ഥാനങ്ങൾക്ക് നേരിട്ട് ഉടനടി ഭീഷണിയോ നഷ്ടങ്ങളോ ഉണ്ടായിട്ടില്ലെന്ന കാരണത്താൽ കേസ് തുടരാൻ ഹർജിക്കാർക്ക് അവകാശമില്ലെന്ന് കൺസർവേറ്റീവ് ഭൂരിപക്ഷമുള്ള സുപ്രീം കോടതി ബെഞ്ച് നിരീക്ഷിച്ചു. ഇതിന്റെ തുടർച്ചയായി, പ്രമുഖ സംഘടനയായ 'ലീഗ് ഓഫ് വിമൻ വോട്ടേഴ്സ്' രാജ്യവ്യാപകമായി നേടിയിരുന്ന താൽക്കാലിക വിലക്കും വിചാരക്കോടതിക്ക് പിൻവലിക്കേണ്ടി വന്നു.

എന്നിരുന്നാലും, ഫെഡറൽ ഏജൻസികൾ അന്തിമ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ പ്രായോഗിക തടസ്സങ്ങൾ ഉണ്ടായാൽ സംസ്ഥാനങ്ങൾക്ക് വീണ്ടും കോടതിയെ സമീപിക്കാമെന്ന് പരമോന്നത കോടതി വ്യക്തമാക്കിയിരുന്നു.

## പോസ്റ്റൽ സർവീസിന്റെ അന്തിമ ചട്ടങ്ങളും മാറ്റങ്ങളും

വിവാദങ്ങൾക്കും നിയമസമ്മർദ്ദങ്ങൾക്കും ഒടുവിൽ യു.എസ് പോസ്റ്റൽ സർവീസ് തങ്ങളുടെ അന്തിമ ചട്ടങ്ങൾ ഔദ്യോഗികമായി പുറത്തിറക്കി. ഇതിൽ പൗരത്വ പരിശോധനയോ വോട്ടർ പട്ടിക സംരക്ഷിക്കലോ പോലെയുള്ള കഠിന വ്യവസ്ഥകൾ ഒഴിവാക്കിയെങ്കിലും, ബാലറ്റുകളിൽ ബാർകോഡ് ട്രാക്കിംഗ് നിർബന്ധമാക്കലും പുതിയ ഡിസൈൻ മാനദണ്ഡങ്ങളും ഉൾപ്പെടുത്തി. പോസ്റ്റൽ സർവീസിന്റെ ഈ അന്തിമ വിജ്ഞാപനം വന്നതോടെ കേസിന്റെ സ്വഭാവം മാറി.

കാലിഫോർണിയ, മസാച്യുസെറ്റ്സ്, മിനസോട്ട, നെവാഡ തുടങ്ങിയ സംസ്ഥാനങ്ങളുടെ നേതൃത്വത്തിൽ 24 ഡെമോക്രാറ്റിക് സംസ്ഥാനങ്ങളും വാഷിംഗ്ടണും ചേർന്ന് പോസ്റ്റൽ സർവീസിന്റെ അന്തിമ ചട്ടങ്ങൾക്കെതിരെ അടിയന്തരമായി പുതിയ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്.

## 25 സംസ്ഥാനങ്ങളുടെ പുതിയ ഹർജിയും ഭരണഘടനാ വാദങ്ങളും

തിരഞ്ഞെടുപ്പ് ആസന്നമായിരിക്കെ വോട്ടർ പട്ടികകൾ അപ്ലോഡ് ചെയ്യാനും ബാലറ്റ് കവറുകൾ പുനർരൂപകൽപ്പന ചെയ്യാനും നിർബന്ധിക്കുന്നത് ഭരണപരമായ വലിയ പ്രതിസന്ധിക്ക് കാരണമാകുമെന്നും ജനങ്ങളുടെ വോട്ടവകാശം തടസ്സപ്പെടുത്തുമെന്നുമാണ് സംസ്ഥാനങ്ങളുടെ പ്രധാന വാദം.

വോട്ടർമാരുടെ വിലാസവും മറ്റ് വിവരങ്ങളും കേന്ദ്ര പോർട്ടലിലേക്ക് നൽകാൻ ആവശ്യപ്പെടുന്നത് വ്യക്തിഗത സ്വകാര്യതയുടെ നഗ്നമായ ലംഘനവുമാണ്. ഒരു വശത്ത് തപാൽ വോട്ടിംഗിന് കടുപ്പമേറിയ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുമ്പോഴും, പ്രസിഡന്റ് ട്രംപ് സ്വന്തം വോട്ട് ഫ്ളോറിഡയിൽ തപാൽ മാർഗ്ഗം തന്നെ രേഖപ്പെടുത്തി എന്നത് ഈ രാഷ്ട്രീയ വടംവലിക്ക് മാറ്റുകൂട്ടുന്നു.

## ഭരണഘടനാ ഏറ്റുമുട്ടലും അമേരിക്കൻ ജനാധിപത്യത്തിന്റെ ഭാവിയും

ചുരുക്കത്തിൽ, അമേരിക്കൻ ഭരണഘടനാ തത്വങ്ങളും സംസ്ഥാനങ്ങളുടെ സ്വയംഭരണ അധികാരങ്ങളും തമ്മിലുള്ള വലിയൊരു ഏറ്റുമുട്ടലിനാണ് യു.എസ് വീണ്ടും സാക്ഷ്യം വഹിക്കുന്നത്. കേന്ദ്ര ഭരണകൂടത്തിന്റെ കടന്നുകയറ്റത്തിൽ നിന്നും ജനാധിപത്യ പ്രക്രിയയുടെ സുതാര്യതയും പൗരന്മാരുടെ സ്വകാര്യാവകാശവും സംരക്ഷിക്കാൻ സംസ്ഥാനങ്ങൾ ഉറച്ചുനിൽക്കുമ്പോൾ, വരാനിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പിന്റെ ഭാവി തന്നെ ഈ നീതിന്യായ പോരാട്ടങ്ങളെ ആശ്രയിച്ചിരിക്കുന്നു.

ജനങ്ങളുടെ അടിസ്ഥാനപരമായ വോട്ടവകാശം തടസ്സമില്ലാതെ സംരക്ഷിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക എന്നതുതന്നെയാണ് നിലവിൽ അമേരിക്കൻ ജനാധിപത്യം നേരിടുന്ന ഏറ്റവും വലിയ പരീക്ഷണം.

# റഷ്യയ്ക്ക് കടുത്ത വാഷിംഗ്ടൺ ശാസന;ഞെട്ടിക്കുന്ന യുഎസ് ഇന്റലിജൻസ് കണ്ടെത്തലുകൾ!

(ഒന്നാം പേജ് തുടർച്ച)

സന്ദർശനമാണിത്.

### 1. 2021ന് ശേഷമുള്ള ആദ്യ അപൂർവ്വ രഹസ്യ ദൗത്യം

മുൻപ് 2021 നവംബറിൽ ജോ ബൈഡൻ ഭരണകാലത്ത് അന്നത്തെ സിഐഎ ഡയറക്ടർ വില്യം ബേൺസ് മോസ്കോ സന്ദർശിച്ച് ഉക്രെയ്ൻ അധിനിവേശത്തിൽ നിന്നും പിന്മാറാൻ പുടിന് താക്കീത് നൽകിയിരുന്നു. അതിന് ശേഷം അഞ്ച് വർഷങ്ങൾക്ക് ഇപ്പുറം, അതേ മാതൃകയിലാണ് ജോൺ റാറ്റ്ക്ലിഫ് യുഎസ് വ്യോമസേനയുടെ പ്രത്യേകം സി17 വിമാനത്തിൽ ലാത്വിയൻ അതിർത്തി വഴി റഷ്യൻ മണ്ണിലെത്തിയത്. തങ്ങൾ റഷ്യയുടെ സാമ്പത്തികസൈനിക നീക്കങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ടെന്ന സന്ദേശമാണ് വാഷിംഗ്ടൺ കൈമാറിയത്.

### 2. നാറ്റോയുടെ അഞ്ചാം വകുപ്പും ബാൾട്ടിക് ആശങ്കകളും

റഷ്യയുമായി നേരിട്ട് അതിർത്തി പങ്കിടുന്ന ഈസ്റ്റോണിയ, ലാത്വിയ, ലിത്വാനിയ എന്നീ ചെറിയ ബാൾട്ടിക് രാഷ്ട്രങ്ങളെ ലക്ഷ്യമിട്ട് റഷ്യ തദ്ദേശീയമായി പുതിയ പോരാട്ട നിരകൾ തയാറാക്കുന്നുണ്ടെന്നാണ് അമേരിക്കൻ രഹസ്യാന്വേഷണ വിവരങ്ങൾ വ്യക്തമാക്കുന്നത്. നാറ്റോയുടെ അഞ്ചാം വകുപ്പ് അനുസരിച്ച് ഒരു അംഗരാജ്യത്തിന് നേരെ ആക്രമണം ഉണ്ടായാൽ അത് അമേരിക്ക ഉൾപ്പെടെയുള്ള എല്ലാ പാശ്ചാത്യ രാഷ്ട്രങ്ങൾക്കും നേരെ നടക്കുന്ന ആക്രമണമായി കണക്കാക്കി സംയുക്ത പ്രതിരോധത്തിൽ പ്രവേശിക്കേണ്ടി വരും. ഇതൊഴിവാക്കാനാണ് സിഐഎ തലവൻ നേരിട്ടെത്തിയത്.

### 3. ഇറാന് നൽകുന്ന സൈനിക സാങ്കേതിക സഹായങ്ങൾക്കെതിരെയുള്ള വാദങ്ങൾ

നാറ്റോ വിഷയങ്ങൾക്ക് പുറമെ, പശ്ചിമേഷ്യയിൽ അമേരിക്കൻ സൈനിക കേന്ദ്രങ്ങൾക്കെതിരെ ആക്രമണം നടത്താൻ ഇറാന് മിസൈൽഡ്രോൺ വിദ്യകളും ഇലക്ട്രോണിക് വിവരങ്ങളും നൽകുന്ന റഷ്യൻ നടപടിയെ സിഐഎ അടിയന്തിരമായി ചോദ്യം ചെയ്തു. ഇറാന് നൽകുന്ന സൈനിക പിന്തുണ റഷ്യ ഉടനടി അവസാനിപ്പിക്കണമെന്നും, യുഎസ് ചുമത്തുന്ന പുതിയ വാണിജ്യ ഉപരോധങ്ങളോട് കടുത്ത രീതിയിൽ പ്രതികരിക്കരുതെന്നും വാഷിംഗ്ടൺ ആവശ്യപ്പെട്ടു.

### 4. ട്രംപ് ഭരണകൂടത്തിന്റെ പ്രതികരണങ്ങളും വൈറ്റ് ഹൗസ് നിലപാടുകളും

സിഐഎ തലവന്റെ സന്ദർശനം വൻ വാർത്തയായതോടെ, ഇതിനെ ഒരു സ്വാഭാവിക നയതന്ത്ര സന്ദർശനം മാത്രമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ചിത്രീകരിച്ചു. ഉക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകളുടെ ഭാഗമാണ് ഇതെന്നും കൂടുതൽ വിവരങ്ങൾ ഉടൻ പുറത്തുവരുമെന്നും ട്രംപ് മാധ്യമങ്ങളോട് പറഞ്ഞു. എങ്കിലും നാറ്റോ അതിർത്തി സംരക്ഷിക്കുക എന്നത് വിട്ടുവീഴ്ചയില്ലാത്ത പ്ലാനാണെന്ന് ട്രെഷറിപ്രതിരോധ മന്ത്രാലയങ്ങൾ അടിവരയിടുന്നു.

### നാറ്റോയെ തളർത്താൻ റഷ്യ നടത്തുന്ന ഹൈബ്രിഡ് യുദ്ധമുറകൾ

നേരിട്ടുള്ള വ്യോമാക്രമണങ്ങൾക്ക് പുറമെ പാശ്ചാത്യ രാജ്യങ്ങളെ ഉള്ളിൽ നിന്നും തകർക്കാനാണ് ക്രെംലിൻ പദ്ധതിയിടുന്നത്.

### 1. സൈബർ ആക്രമണങ്ങളും സബോട്ടാഷ് ഗൂഢനീക്കങ്ങളും

നാറ്റോയുടെ നേരിട്ടുള്ള സൈനിക



പ്രതികരണങ്ങൾ ഒഴിവാക്കുന്നതിനായി റഷ്യ സാങ്കേതികവും രഹസ്യവുമായ 'ഹൈബ്രിഡ് പോരാട്ടങ്ങൾ' ആണ് യൂറോപ്പിൽ ഉപയോഗിക്കുന്നത്. ബാൾട്ടിക് കടലിലെ വിനിമയ കേബിളുകൾ തകർക്കുക, ജർമ്മനിയിലെയും പോളണ്ടിലെയും ആയുധ ശാലകൾക്ക് നേരെ സൈബർ ആക്രമണങ്ങൾ നടത്തുക, അത്യാഹിത വാർത്തകൾ പ്രചരിപ്പിച്ച് ജനങ്ങളിൽ ഭീതി പടർത്തുക എന്നിവയാണ് മോസ്കോയുടെ പ്രധാന തന്ത്രങ്ങൾ.

### 2. വെസ്റ്റേൺ ആയുധ ശേഖരങ്ങളിലെ ക്ഷാമവും റഷ്യൻ അവസരങ്ങളും

ഉക്രെയ്ന് നിരന്തരമായി ആയുധങ്ങൾ നൽകിയതിനെ തുടർന്ന് യൂറോപ്യൻ രാജ്യങ്ങളുടെ വ്യോമപ്രതിരോധ വെടിമരുന്ന് ശേഖരത്തിൽ സാങ്കേതിക ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ പോരായ്മ മുതലെടുത്ത് ബാൾട്ടിക് അതിർത്തിയിൽ ചെറിയൊരു അതിക്രമണം നടത്തി നാറ്റോയുടെ പ്രതിരോധ ശേഷിയും ഐക്യവും എത്രത്തോളമുണ്ടെന്ന് പരീക്ഷിച്ചു നോക്കുകയാണ് വ്ലാദിമിർ പുടിന്റെ പ്ലാൻ എന്ന് അന്താരാഷ്ട്ര ഇന്റലിജൻസ് നിരീക്ഷകർ വ്യക്തമാക്കുന്നു.

### 3. ഡ്രോൺ സാങ്കേതികവിദ്യകളിലെ മുന്നേറ്റവും പുതിയ വിന്യാസങ്ങളും

പോരാട്ടമുഖങ്ങളിൽ മനുഷ്യവിഭവ ശേഷിയേക്കാൾ ഡ്രോണുകൾക്ക് മുൻഗണന നൽകുന്ന രീതിയിലേക്ക് റഷ്യ മാറിയിട്ടുണ്ട്. എഐ അധിഷ്ഠിതമായ ആത്മഘാതി ഡ്രോണുകൾ വലിയ അളവിൽ നിർമ്മിച്ച് അതിർത്തികളിൽ താവളങ്ങൾ ഒരുക്കുന്നത് പാശ്ചാത്യ സൈന്യങ്ങൾക്ക് പുതിയ വെല്ലുവിളിയാണ്. ഇത്തരമൊരു സാങ്കേതിക മുൻതൂക്കം ഉള്ളതുകൊണ്ടാണ് റഷ്യ നാറ്റോയ്ക്ക് നേരെ കൂടുതൽ ധൈര്യം കാണിക്കുന്നത്.

### 4. യൂറോപ്യൻ രാഷ്ട്രങ്ങളുടെ അതീവ പ്രതിരോധ ജാഗ്രതകൾ

സിഐഎ മേധാവിയുടെ മുന്നറിയിപ്പ് പുറത്തുവന്നതോടെ ജർമ്മനി, പോളണ്ട്, ഫ്രാൻസ് തുടങ്ങിയ പ്രമുഖ നാറ്റോ രാജ്യങ്ങൾ തങ്ങളുടെ കിഴക്കൻ അതിർത്തികളിലെ വിമാന പ്രതിരോധ സംവിധാനങ്ങൾ ശക്തമാക്കി. സൈനികരെ അതിർത്തികളിൽ അടിയന്തിരമായി പുനർവിന്യസിക്കുകയും അതിർത്തി കവാടങ്ങൾ അടയ്ക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് യൂറോപ്യൻ സുരക്ഷ മാറിയിട്ടുണ്ട്.

### ഇന്ത്യൻ സുരക്ഷാ കാഴ്ചപ്പാടുകളും ഭൗമരാഷ്ട്രീയ സന്തുലിതാവസ്ഥയും

റഷ്യയും അമേരിക്കയും തമ്മിലുള്ള ഈ പുതിയ ഉരസലുകൾ ഇന്ത്യയുടെ വിദേശനയങ്ങളിൽ അതീവ ശ്രദ്ധ ആവശ്യപ്പെടുന്നു.

### 1. ആഗോള അസ്ഥിരതകളും ഇന്ധന വ്യാപാര നിരക്കുകളും

നാറ്റോയും റഷ്യയും തമ്മിൽ നേരിട്ടൊരു പോരാട്ടത്തിലേക്ക് കാര്യങ്ങൾ നീങ്ങിയാൽ അത് അന്താരാഷ്ട്ര എണ്ണ വിപണിയെയും സമുദ്ര ഗതാഗത പാതകളെയും തകിടം മറിക്കും. റഷ്യയിൽ നിന്നും കുറഞ്ഞ ചിലവിൽ എണ്ണ വാങ്ങി ആഭ്യന്തര വിപണിയിൽ വില നിയന്ത്രിക്കുന്ന ഇന്ത്യൻ തന്ത്രങ്ങൾക്ക് ഇത് വെല്ലുവിളിയാകും. അതിനാൽ യൂറോപ്പിൽ സമാധാനം തിരികെ വരേണ്ടത് ഇന്ത്യയുടെ കൂടി സാമ്പത്തിക ആവശ്യമാണ്.

### 2. സമാന്തര നയതന്ത്രവും ഇന്ത്യൻ നയരൂപീകരണങ്ങളും

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ മോസ്കോയിലും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ബെയ്ജിംഗിലും ഒരേസമയം ചർച്ചകൾ നടത്തുമ്പോൾ, പാശ്ചാത്യറഷ്യൻ തർക്കങ്ങളിൽ ഇന്ത്യ കൃത്യമായ നിഷ്പക്ഷത പാലിക്കുകയാണ്. റഷ്യയുമായുള്ള പരമ്പരാഗത ബന്ധങ്ങളും അമേരിക്കയുമായുള്ള ക്വാഡ് പങ്കാളിത്തങ്ങളും കേടുപാടുകൾ കൂടാതെ സംരക്ഷിക്കാൻ ഇന്ത്യയ്ക്കുള്ള നയതന്ത്ര മിടുക്ക് ലോകം അംഗീകരിക്കുന്ന ഒന്നാണ്.

### 3. തദ്ദേശീയ ആയുധ ഉൽപ്പാദനത്തിന്റെ പ്രാധാന്യം

ആഗോളതലത്തിൽ വൻശക്തികൾ ആയുധ മത്സരത്തിലേക്ക് കടക്കുമ്പോൾ, വിദേശ ആയുധ ഇറക്കുമതികളെ മാത്രം ആശ്രയിക്കുന്നത് അപകടകരമാണെന്ന് ഇന്ത്യ തിരിച്ചറിയുന്നു. 'ആത്മനിർഭർ ഭാരത്' പദ്ധതി വഴി തദ്ദേശീയമായി അത്യാധുനിക മിസൈലുകളും വ്യോമപ്രതിരോധ സംവിധാനങ്ങളും നിർമ്മിക്കുന്നത് ഏത് നിമിഷവും അതിർത്തികൾ സുരക്ഷിതമായി സൂക്ഷിക്കാൻ ഇന്ത്യയെ സഹായിക്കും.

### 4. ആഗോള സമാധാനത്തിനായുള്ള ഇന്ത്യൻ ആഹ്വാനങ്ങൾ

ഉക്രെയ്ൻറഷ്യ യുദ്ധം നയതന്ത്ര സംഭാഷണങ്ങളിലൂടെ മാത്രമേ അവസാനിപ്പിക്കാൻ സാധിക്കൂ എന്ന ഉറച്ച നിലപാടിൽ ഇന്ത്യ ഇപ്പോഴും ഉറച്ചുനിൽക്കുന്നു. ഒരു പുതിയ ലോകമഹായുദ്ധത്തിലേക്ക് കാര്യങ്ങൾ എത്താതെ സമാധാന ചർച്ചകളുടെ പാതയിലേക്ക് തിരിച്ചെത്താൻ അമേരിക്കയോടും റഷ്യയോടും ഇന്ത്യ ആഗോള വേദികളിൽ ആവശ്യപ്പെടുന്നത് തുടരും.

നാറ്റോ രാജ്യങ്ങൾക്കെതിരെ ആക്രമണത്തിന് തുനിയരുതെന്ന ശക്തമായ സന്ദേശവുമായി സിഐഎ ഡയറക്ടർ ജോൺ റാറ്റ്ക്ലിഫ് മോസ്കോയിലേക്ക് നടത്തിയ രഹസ്യ സന്ദർശനം ആഗോള സുരക്ഷാരംഗത്ത് കടുത്ത ജാഗ്രതയാണ് സൃഷ്ടിച്ചിരിക്കുന്നത്. യൂറോപ്പിൽ ഒരു പുതിയ വൻകിട പോരാട്ടം ഒഴിവാക്കാനും, ഉപരോധ തർക്കങ്ങൾ പരിഹരിക്കാനും അമേരിക്കയും റഷ്യയും നടത്തുന്ന ഈ പിന്നാമ്പുറ നീക്കങ്ങൾ ആഗോള രാഷ്ട്രീയത്തിൽ അതീവ നിർണ്ണായകമാണ്.




## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോ ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773–744–0046**

#081226

## Babysitter Wanted in Tampa

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–687–2151**

#081226

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#081226

## Holiday Let
## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#081226

## ആവശ്യമുണ്ട്

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–421–2233**

#081226



## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**എബ്രഹാം തോമസ്**

#082626

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹ വർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ആന്റണി കുര്യൻ**

#082626




Newspaper for Malayalees Worldwide ◆Estd.2020

വാചകം
VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

For E-Paper reading visit Vachakam.com

Vachakam.com


# കെ. സി. എസ് ഷിക്കാഗോയുടെ ഓണം 2026 അതിഗംഭീരമായി!!

ഡെസ് പ്ലെയിൻസ്, ഇല്ലിനോയിസ്: കെ.സി.എസ് ഷിക്കാഗോയുടെ ആഭിമുഖ്യത്തിൽ ഓണം 2026 ആഘോഷപൂർവ്വം ഡെസ് പ്ലെയിൻസിലെ ക്നാനായ സെന്ററിൽ സംഘടിപ്പിച്ചു.

പരമ്പരാഗതമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. തുടർന്ന് മാവേലിയുടെ നേതൃത്വത്തിൽ വർണ്ണാഭമായ ഓണഘോഷയാത്ര നടന്നു. കെ.സി.എസ്. വനിതാ ഫോറം എക്സിക്യൂട്ടീവ് അംഗങ്ങളായ ഷാനിൽ വെട്ടിക്കാട്ട്, ജിനു നെടിയകാലായിൽ, ജെയ്ൻ മുണ്ടപ്ലാക്കിൽ, മന്നു തിരുനെല്ലിപ്പറമ്പിൽ, ഡെന്നി തുരുത്തുവേലിൽ എന്നിവരുടെ നേതൃത്വത്തിൽ താലപ്പൊലിയും മുത്തുക്കുടയും ഉൾപ്പെടുത്തി ഘോഷയാത്രയെ കൂടുതൽ ആകർഷകമാക്കി. ജിനോയ് കവലക്കൽ നേതൃത്വം കൊടുത്ത ഷിക്കാഗോ ചെണ്ട ക്ലബ്ബിന്റെ ചെണ്ട മേളവും ഓണാഘോഷങ്ങൾക്ക് കൂടുതൽ മിഴിവേകി.



തുടർന്ന് വനിതാ ഫോറം അംഗങ്ങൾ അവതരിപ്പിച്ച മനോഹരമായ തിരുവാതിരക്കളി ആഘോഷത്തിന് കൂടുതൽ മാറ്റു കൂട്ടി. വനിതാ ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുക്കിയ മനോഹരമായ പൂക്കളം ഓണാഘോഷത്തിന്റെ പാരമ്പര്യ ഭംഗി വർധിപ്പിക്കുകയും, പങ്കെടുത്തവർക്ക് പൂക്കളത്തോടൊപ്പം മനോഹരമായ ചിത്രങ്ങൾ പകർത്താനുള്ള അവസരം ഒരുക്കുകയും ചെയ്തു.

കെ.സി.എസ്. ഒരുക്കിയ പ്രത്യേക ഫോട്ടോബൂത്ത് കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിച്ചു. പ്രശസ്ത ഗായകൻ ചാൾസ് ആലപിച്ച മനോഹരമായ ഗാനങ്ങൾ ആഘോഷത്തിന് കൂടുതൽ ആവേശവും സന്തോഷവും പകർന്നു.

കെ.സി.എസ്. സെക്രട്ടറി ഷാജി പള്ളിവീട്ടിൽ സ്വാഗതം ആശംസിച്ചു. കെ.സി.എസ്. പ്രസിഡന്റ് ജോസ് അനാമല, കെ.സി.സി.എൻ.എ സെക്രട്ടറി വിപിൻ ചാലുങ്കൽ, കെ.സി.സി.എൻ.എ റീജിയണൽ വൈസ് പ്രസിഡന്റ് ബാബു തൈപ്പറമ്പിൽ, ലെയ്സൺ ബോർഡ് ചെയർമാൻ ടെഡി മുഴയൻമാക്കൽ എന്നിവർ ആശംസകൾ നേർന്നു. കെ.സി.എസ്. ട്രഷറർ ടീന നെടുവമ്പുഴ പരിപാടിയുടെ മാസ്റ്റർ ഓഫ് സെറിമണിയായി പ്രവർത്തിച്ചു. കെ.സി.ഡബ്ല്യു.എഫ്.എൻ.എ റീജിയണൽ വൈസ് പ്രസിഡന്റ് അനിത പണയപ്പറമ്പിൽ, ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാൻ സിജോ പുളിയോർകുന്നേൽ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

മുൻ കെ.സി.എസ്. പ്രസിഡന്റ് ജോൺ ഏലക്കാട്ട് ആഘോഷ പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു.

2026ൽ ജനിച്ച് കെ.സി.എസ്. അംഗത്വത്തിന് അർഹനായ ആദ്യ ക്നാനായ നവജാത ശിശുവിനുള്ള പ്രത്യേക പുരസ്കാരം ജിമ്മി & സ്റ്റെഫിനി താന്നികുഴപ്പിൽ ദമ്പതികൾക്ക് സമ്മാനിച്ചു. എല്ലാ വർഷവും ഈ പുരസ്കാരം സ്പോൺസർ ചെയ്യുന്ന ഫിലിപ്പ് & ചിന്നമ്മ ഞാറവേലിൽ ഇത്തവണയും പുരസ്കാരത്തിന്റെ സ്പോൺസർമാരായി. ചടങ്ങിനോടനുബന്ധിച്ച് ക്നാനായ സമൂഹത്തിലെ കർഷകരുടെ സമർപ്പണവും കഠിനാധ്വാനവും ആദരിക്കുന്ന കെ.സി.എസ്. കർഷകശ്രീ പുരസ്കാരങ്ങളും വിതരണം ചെയ്തു.

ഒന്നാം സമ്മാനം: ജിജി പള്ളിവീട്ടിൽ & ബേബി തട്ടാമറ്റം, രണ്ടാം സമ്മാനം: ബെന്നി നല്ലുവീട്ടിൽ & ബെന്നി ആലക്കൽ, മൂന്നാം സമ്മാനം: മിഥിൻ & ബ്ലെസ്സി ചിറക്കപ്പറമ്പിൽ, റൈസിംഗ് ഫാർമർ അവാർഡ്: ടാജി പാറേട്ട്

കെ.സി.എസ്. ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കുംനന്ദിരേഖപ്പെടുത്തി.ആഘോഷത്തിൽ പങ്കുചേർന്ന് പരിപാടി വിജയകരമാക്കാൻ സഹകരിച്ച എല്ലാ അംഗങ്ങളോടും അദ്ദേഹം പ്രത്യേക നന്ദി അറിയിച്ചു.

പാരമ്പര്യവും സംസ്കാരവും ഐക്യവും കൂട്ടായ്മയും നിറഞ്ഞ കെ.സി.എസ് ഷിക്കാഗോ ഓണം 2026, ക്നാനായ സമൂഹത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ മനോഹരമായ ആഘോഷമായി മാറി. പരമ്പരാഗത ഓണസദ്യ, മാവേലി ഘോഷയാത്ര, താലപ്പൊലി, മുത്തുക്കുട, തിരുവാതിര, പൂക്കളം, സംഗീതം,പുരസ്കാരങ്ങൾ എന്നിവയോടൊപ്പം 500ലധികം പേരുടെ ആവേശകരമായ പങ്കാളിത്തവും ആഘോഷത്തെ അവിസ്മരണീയമാക്കി.

അമേരിക്ക വാചകം

# 'അമേരിക്കയിൽ പഠനത്തോടൊപ്പം ജോലിയെന്ന സ്വപ്നത്തിന് കല്ലുകടി!'; സിപിടി പ്രോഗ്രാമുകൾ നിർത്തിവെച്ച് യുഎസ് സർവ്വകലാശാലകൾ

അമേരിക്കയിലെ ഉന്നത സർവ്വകലാശാലകളിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികൾക്ക് കനത്ത തിരിച്ചടി നൽകിക്കൊണ്ട് കരിക്കുലർ പ്രാക്ടിക്കൽ ട്രെയിനിംഗ് (സിപിടി) പ്രോഗ്രാമുകളിൽ നിർണായക മാറ്റങ്ങൾ വരുത്താൻ യുഎസ് സർവ്വകലാശാലകൾ നിർബന്ധിതരാകുന്നു. ക്യാമ്പസിന് പുറത്ത് വിദ്യാർത്ഥികൾക്ക് തൊഴിൽ അനുമതി നൽകുന്നതിൽ ക്രമക്കേട് നടന്നാൽ കർശന നടപടി നേരിടേണ്ടി വരുമെന്ന് യുഎസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് (ഐസിഇ) താക്കീത് നൽകിയതാണ് നിലവിലെ പ്രതിസന്ധിക്ക് കാരണം. യുസി ബെർക്ക്‌ലി, യുസി ഡേവിസ്, യൂണിവേഴ്സിറ്റി ഓഫ് കൊളറാഡോ ബോൾഡർ തുടങ്ങിയ മുൻനിര സർവ്വകലാശാലകൾ ഇതിനോടകം തന്നെ ചില സിപിടി കോഴ്സുകൾ താൽക്കാലികമായി നിർത്തിവെച്ചതായി അറിയിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ എഫ്1 വിസ ചട്ടങ്ങൾ ലംഘിച്ച് വ്യാജ പഠന ആവശ്യങ്ങളുടെ മറവിൽ തൊഴിൽ അനുമതി നൽകുന്നത് തടയാനാണ് അധികൃതരുടെ ആസൂത്രിതമായ നീക്കം. ഓഗസ്റ്റ് പകുതിയോടെ സ്റ്റുഡന്റ് ആൻഡ് എക്സ്ചേഞ്ച് വിസിറ്റർ പ്രോഗ്രാം (എസ്ഇവിപി) വഴിയാണ് ഐസിഇ ഉദ്യോഗസ്ഥർക്ക് മുന്നറിയിപ്പ് അടങ്ങിയ പ്രത്യേക മാർഗ്ഗനിർദ്ദേശം കൈമാറിയത്. പ്രോഗ്രാമുകളുടെ ഭാഗമല്ലാത്ത പാർട്ട് ടൈം തൊഴിലുകൾക്ക് അനുമതി നൽകിയാൽ സർവ്വകലാശാലാ അധികൃതർ നേരിട്ട് നിയമനടപടികൾ നേരിടേണ്ടി വരുമെന്നും ലൈസൻസ് റദ്ദാക്കുമെന്നും താക്കീതിൽ പറയുന്നു.

ഈ പുതിയ നീക്കം അമേരിക്കയിൽ പഠിക്കുന്ന ആയിരക്കണക്കിന് ഇന്ത്യൻ വിദ്യാർത്ഥികളുടെ ഭാവിയെയാണ് വൻതോതിൽ ദോഷകരമായി ബാധിക്കുന്നത്. കോഴ്സ് പൂർത്തിയാക്കുന്നതിന് മുൻപ് തൊഴിൽ പരിചയം നേടാനും പഠനച്ചെലവ് കണ്ടെത്താനും സിപിടി അനുമതി ലഭിക്കുന്ന പാർട്ട് ടൈം ജോലികളെയാണ് ഭൂരിഭാഗം ഇന്ത്യൻ വിദ്യാർത്ഥികളും ആശ്രയിച്ചിരുന്നത്. എന്നാൽ നിർബന്ധിത പഠനഭാഗമല്ലാത്ത ഓപ്ഷണൽ സിപിടി അപേക്ഷകൾ ഇനി മുതൽ സ്വീകരിക്കേണ്ടതില്ലെന്ന നിലപാടിലാണ് പ്രമുഖ ക്യാമ്പസുകൾ.




പഠനത്തിന്റെ ആദ്യ ദിനം മുതൽ ജോലി ചെയ്യാൻ അനുമതി നൽകുന്ന 'ഡേ 1 സിപിടി' പ്രോഗ്രാമുകളിൽ ചേർന്ന വിദ്യാർത്ഥികളാണ് ഏറ്റവും വലിയ ഭീഷണി നേരിടുന്നത്. വർക്ക് പെർമിറ്റ് ലഭിക്കാനുള്ള എളുപ്പവഴിയായി ചില സർവ്വകലാശാലകൾ സിപിടിയെ ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയതിനെ തുടർന്നാണ് കേന്ദ്ര ഏജൻസി പരിശോധനകൾ കടുപ്പിച്ചത്. കൃത്യമായ അക്കാദമിക് യോഗ്യതകളില്ലാതെ ജോലി ചെയ്യുന്നവർക്കെതിരെ കടുത്ത വിസ റദ്ദാക്കൽ നടപടികൾ ഉണ്ടായേക്കാം.

അതേസമയം കോഴ്സിന്റെ അവിഭാജ്യ ഘടകമായ നിർബന്ധിത സിപിടി അനുമതികൾക്ക് തടസ്സമില്ലെന്ന് സർവ്വകലാശാലകൾ വ്യക്തമാക്കിയിട്ടുണ്ട്. മുൻകൂട്ടി സിപിടി അനുമതി പത്രം ലഭിച്ച് ജോലിയിൽ പ്രവേശിച്ച നിലവിലെ വിദ്യാർത്ഥികളെ പുതിയ നിയന്ത്രണങ്ങൾ ബാധിക്കില്ല. എന്നാൽ പുതിയ അധ്യയന വർഷത്തിൽ പുതിയ അപേക്ഷകൾ നൽകാൻ കാത്തിരുന്ന വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലായിരിക്കുകയാണ്.

യുഎസിലെ ഡെസിഗ്നേറ്റഡ് സ്കൂൾ ഒഫീഷ്യലുകൾ (ഡിഎസ്ഒ) നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സാധാരണയായി വിദ്യാർത്ഥികൾക്ക് ഐ20 ഫോമിൽ സിപിടി അനുമതി ലഭിക്കുന്നത്. ഇനി മുതൽ ഓരോ സിപിടി അപേക്ഷയും കൃത്യമായ പരിശോധനകൾക്ക് വിധേയമാക്കിയ ശേഷമേ സർവ്വകലാശാലകൾ ഒപ്പിടുകയുള്ളൂ. ഏതെങ്കിലും തരത്തിൽ സത്യവാങ്മൂലത്തിൽ തെറ്റായ വിവരങ്ങൾ നൽകിയാൽ ഡിഎസ്ഒമാർ ശിക്ഷാർഹരാകും.

വർദ്ധിച്ചുവരുന്ന വിസ നിയന്ത്രണങ്ങളും പണപ്പെരുപ്പവും മൂലം അമേരിക്കൻ സർവ്വകലാശാലകളിലെ ഇന്ത്യൻ വിദ്യാർത്ഥികളുടെ പ്രവേശനം കുറഞ്ഞുവരുന്നതിനിടെയാണ് പുതിയ തിരിച്ചടി. പഠനത്തോടൊപ്പം തൊഴിൽ പരിശീലനം നേടാനുള്ള അവസരം ഇല്ലാതാകുന്നത് ഭാരതത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ മുൻഗണനകളെ ബാധിച്ചേക്കും. കാനഡ, ബ്രിട്ടൻ, ഓസ്ട്രേലിയ തുടങ്ങിയ ഇതര രാജ്യങ്ങളെ ആശ്രയിക്കാൻ ഇത് വിദ്യാർത്ഥികളെ പ്രേരിപ്പിച്ചേക്കാം.

നിലവിൽ അമേരിക്കയിൽ സിപിടി അനുമതിയിൽ ജോലി ചെയ്യുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ തങ്ങളുടെ യൂണിവേഴ്സിറ്റി അന്താരാഷ്ട്ര വിഭാഗവുമായി അടിയന്തരമായി ബന്ധപ്പെടണമെന്ന് നിർദ്ദേശമുണ്ട്. തൊഴിൽദാതാവ് നൽകുന്ന ഓഫർ ലെറ്ററുകളും കോഴ്സ് വിവരങ്ങളും കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. നിയമപരമായ വ്യക്തത ലഭിക്കുന്നത് വരെ ജോലി മാറ്റങ്ങൾ ഒഴിവാക്കുന്നതാണ് അനുയോജ്യം.

സമാനമായ രീതിയിൽ ബാച്ചിലർ, മാസ്റ്റേഴ്സ് ബിരുദങ്ങൾ പൂർത്തിയാക്കിയവർക്ക് നൽകുന്ന ഒപ്ഷണൽ പ്രാക്ടിക്കൽ ട്രെയിനിംഗ് (ഒപിടി) പ്രോഗ്രാമുകളിലും വരും ദിവസങ്ങളിൽ കടുത്ത പരിശോധനകൾ ഉണ്ടാകുമെന്നാണ് സൂചന. സാമ്പത്തിക ക്രമക്കേടുകളും വ്യാജ വിസ വിപണിയും തടയാൻ ട്രംപ് ഭരണകൂടം കൂടുതൽ അതിരുകടന്ന നടപടികളിലേക്ക് നീങ്ങിയേക്കാം. ഇതോടെ യുഎസ് വിദ്യാഭ്യാസ വിപണി വലിയ നിരാശയിലാണ്.

വരും ആഴ്ചകളിൽ വിദേശ ഇമിഗ്രേഷൻ നയങ്ങളിൽ കൂടുതൽ മാറ്റങ്ങൾ വരാൻ സാധ്യതയുണ്ട്. അതിനാൽ തന്നെ അമേരിക്കയിൽ ഉന്നതപഠനം ആഗ്രഹിക്കുന്ന വിദേശ വിദ്യാർത്ഥികൾ വളരെ ജാഗ്രതയോടെ മുൻപോട്ട് പോകണമെന്ന് വിദേശകാര്യ നയതന്ത്ര വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

# 'കീമോതെറാപ്പിയേക്കാൾ രണ്ടിരട്ടി ആയുസ്സ് !'; അഗ്ന്യാശയ (പാൻക്രിയാസ്) അർബുദത്തിനെതിരെ വിപ്ലവകരമായ പുതിയ മരുന്ന്




ലോകമെമ്പാടുമുള്ള ശാസ്ത്രലോകത്തെ ഞെട്ടിച്ചുകൊണ്ട് ക്യാൻസർ ചികിത്സാരംഗത്ത് വിപ്ലവകരമായ മുന്നേറ്റം. ഏറ്റവും വിനാശകരമായ രോഗങ്ങളിലൊന്നായ അഗ്ന്യാശയ (പാൻക്രിയാസ് ) അർബുദത്തെ പ്രതിരോധിക്കാൻ വികസിപ്പിച്ച പുതിയ ഗുളികയ്ക്ക് യുഎസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ അംഗീകാരം നൽകി. റെവല്യൂഷൻ മെഡിസിൻസ് നിർമ്മിച്ച റാസോൺക് എന്ന പേരിലറിയപ്പെടുന്ന ദരാക്സോൺറാസിബ് എന്ന മരുന്നിനാണ് യുഎസ് എഫ്ഡിഎ അടിയന്തര അനുമതി നൽകിയിരിക്കുന്നത്.

അവസാന ഘട്ടത്തിലേക്ക് കടന്ന അഗ്ന്യാശയ അർബുദ രോഗികളിൽ നടത്തിയ ക്ലിനിക്കൽ പരീക്ഷണങ്ങളിൽ ഈ മരുന്ന് ജീവൻ നിലനിർത്താനുള്ള സാധ്യത രണ്ടിരട്ടിയായി വർദ്ധിപ്പിച്ചതായി കണ്ടെത്തി. കീമോതെറാപ്പി ചികിത്സ നടത്തുന്നവർ ശരാശരി 6.7 മാസം മാത്രം ജീവിച്ചിരിക്കുമ്പോൾ ഈ മരുന്ന് ഉപയോഗിച്ചവരുടെ ആയുസ്സ് 13.2 മാസമായി ഉയർന്നുവെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

സാധാരണയായി വിപണിയിലെത്താൻ പത്ത് മുതൽ പന്ത്രണ്ട് മാസങ്ങൾ വരെ നീളുന്ന അനുമതി പ്രക്രിയയാണ് വെറും രണ്ട് മാസത്തിനുള്ളിൽ എഫ്ഡിഎ പൂർത്തിയാക്കിയത്. അമേരിക്കയിലെ ആരോഗ്യ മേഖല നേരിടുന്ന വൻ പ്രതിസന്ധികൾ പരിഹരിക്കാനുള്ള പ്രത്യേക മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ മരുന്നിന് വേഗത്തിൽ അനുമതി നൽകിയത്.

ശരീരത്തിലെ ക്യാൻസർ കോശങ്ങളുടെ വളർച്ചയ്ക്ക് കാരണമാകുന്ന ആർഎഎസ് പ്രോട്ടീനുകളുടെ പ്രവർത്തനത്തെ തടയുകയാണ് ഈ ഗുളിക ചെയ്യുന്നത്. ദിവസവും ഒരു നേരം മാത്രം കഴിക്കേണ്ട ഈ മരുന്ന് ശരീരത്തിലെ ക്യാൻസർ വളർച്ചയെ വേഗത്തിൽ ഇല്ലാതാക്കാൻ സഹായിക്കുന്നു.

അഗ്ന്യാശയ അർബുദം ബാധിക്കുന്ന രോഗികളിൽ അഞ്ചു വർഷത്തിൽ കൂടുതൽ ജീവിക്കാൻ സാധിക്കുന്നത് വെറും 13 ശതമാനം ആളുകൾക്ക് മാത്രമാണ്. രോഗലക്ഷണങ്ങൾ പ്രാരംഭ ഘട്ടത്തിൽ തിരിച്ചറിയാൻ സാധിക്കാത്തതും കടുത്ത ചികിത്സാ രീതികളുമാണ് പലപ്പോഴും രോഗികളെ പ്രതിസന്ധിയിലാക്കുന്നത്.

ഇത്തരം സാഹചര്യത്തിലാണ് റെവല്യൂഷൻ മെഡിസിൻസ് വികസിപ്പിച്ച ഈ മരുന്ന് രോഗികൾക്ക് വലിയ പ്രതീക്ഷ നൽകുന്നത്. കീമോതെറാപ്പി മൂലമുണ്ടാകുന്ന കടുത്ത പാർശ്വഫലങ്ങളിൽ നിന്ന് ഒഴിവാകാനും മെച്ചപ്പെട്ട ജീവിത നിലവാരം പുലർത്താനും ഇത് രോഗികളെ സഹായിക്കുന്നുണ്ട്.

അമേരിക്കയിൽ മാത്രം പ്രതിവർഷം അറുപതിനായിരത്തിലധികം ആളുകൾക്കാണ് അഗ്ന്യാശയ അർബുദം സ്ഥിരീകരിക്കുന്നത്. പുതിയ മരുന്ന് വിപണിയിലെത്തുന്നതോടെ ആയിരക്കണക്കിന് രോഗികളുടെ ജീവൻ രക്ഷിക്കാൻ സാധിക്കുമെന്നാണ് മെഡിക്കൽ രംഗത്തെ പ്രമുഖ ഡോക്ടർമാർ വ്യക്തമാക്കുന്നത്.

ഗുളിക രൂപത്തിലുള്ള ഈ മരുന്ന് ക്യാൻസർ കോശങ്ങളെ മാത്രം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നതിനാൽ ശരീരത്തിലെ മറ്റ് നല്ല കോശങ്ങൾക്ക് വലിയ ആഘാതം സൃഷ്ടിക്കുന്നില്ല. ചൊറിച്ചിൽ, വയറിളക്കം, വായ പുണ്ണ്, ക്ഷീണം തുടങ്ങിയ നിസ്സാരമായ പാർശ്വഫലങ്ങൾ മാത്രമാണ് പരീക്ഷണങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

കഴിഞ്ഞ ദശകത്തിൽ ക്യാൻസർ വിരുദ്ധ ഗവേഷണ രംഗത്തുണ്ടായ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നായാണ് ഈ മരുന്നിന്റെ കണ്ടെത്തലിനെ വിദഗ്ദ്ധർ വിശേഷിപ്പിക്കുന്നത്. ഭാവിയിൽ മറ്റ് തരത്തിലുള്ള അർബുദങ്ങൾക്കും സമാനമായ ആർഎഎസ് ഇൻഹിബിറ്റർ മരുന്നുകൾ ഉപയോഗിക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തൽ.

നിലവിൽ അമേരിക്കയിൽ ലഭ്യമായി തുടങ്ങിയ ഈ മരുന്ന് വൈകാതെ തന്നെ മറ്റ് വികസിത രാജ്യങ്ങളിലേക്കും ലഭ്യമാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഇതിനോടകം ആയിരക്കണക്കിന് രോഗികൾ പ്രത്യേക അനുമതിയിലൂടെ ഈ മരുന്ന് ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

വർഷങ്ങളായി മാറ്റമില്ലാതെ തുടർന്ന അഗ്ന്യാശയ അർബുദ ചികിത്സാ രീതികൾക്ക് വലിയൊരു മാറ്റത്തിനാണ് ഈ പുതിയ മരുന്ന് വഴിതുറന്നിരിക്കുന്നത്. കടുത്ത വേദനയും യാതനയും അനുഭവിക്കുന്ന ലക്ഷക്കണക്കിന് ക്യാൻസർ ബാധിതർക്ക് ഈ മരുന്ന് പുതിയ ജീവശ്വാസമാകും.







# ‘കാനഡയെ പാഠം പഠിപ്പിക്കേണ്ട സമയം കഴിഞ്ഞു!’; കടുത്ത ഭീഷണിയുമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്



അമേരിക്കയും കാനഡയും തമ്മിൽ നിലനിൽക്കുന്ന ഉഭയകക്ഷി വ്യാപാര പോരാട്ടം വൻ വിള്ളലുകളിലേക്ക് നീങ്ങുന്നു. തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മേൽ കാനഡ കടുത്ത തിരിച്ചടി നികുതികൾ പ്രഖ്യാപിച്ചതിന് പിന്നാലെ രോഷാകുലനായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് രംഗത്തെത്തി. കാനഡയെ ഇനി പാഠം പഠിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നാണ് ട്രംപ് പരസ്യമായി മുന്നറിയിപ്പ് നൽകിയത്. ഇരു രാജ്യങ്ങളും തമ്മിൽ നടന്ന നിർണായക വാണിജ്യ ചർച്ചകൾ പൂർണ്ണമായി തകർന്നതിന് പിന്നാലെയാണ് അമേരിക്ക കടുത്ത നിലപാടിലേക്ക് കടന്നത്.

ഒരു പ്രമുഖ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് ട്രംപ് കാനഡയ്ക്കെതിരെ ആഞ്ഞടിച്ചത്. മുൻപ് തങ്ങൾ വളരെ മികച്ച ഒരു ധാരണാപത്രം കാനഡയ്ക്ക് മുന്നിൽ വെച്ചിരുന്നതായി അദ്ദേഹം അവകാശപ്പെട്ടു. എന്നാൽ കാനഡ അത് നിരസിക്കുകയും അമേരിക്കയോട് അനാവശ്യ വാശി കാണിക്കുകയുമാണ് ചെയ്തതെന്ന് യുഎസ് പ്രസിഡന്റ് ആരോപിച്ചു. അമേരിക്കയ്ക്ക് അത്യന്താപേക്ഷിതമായി വേണ്ടതൊന്നും കാനഡയുടെ കൈവശമില്ലെന്നും തങ്ങൾക്ക് മറ്റ് വഴികളുണ്ടെന്നും ട്രംപ് കൂട്ടിച്ചേർത്തു.

ചെറിയ ചില പ്രയാസങ്ങൾ ഒഴിച്ചുനിർത്തിയാൽ കാനഡയിൽ നിന്നുള്ള ഉൽപ്പന്നങ്ങളെ ആശ്രയിക്കാതെ തന്നെ അമേരിക്കയ്ക്ക് മുന്നോട്ട് പോകാൻ സാധിക്കും. അതിനാൽ ഇനി അമേരിക്കയോട് ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയില്ലെന്ന് കാനഡയെ ബോധ്യപ്പെടുത്തേണ്ട സമയം വന്നുവെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. കാനഡയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന 20 ബില്യൺ ഡോളർ മൂല്യമുള്ള സാധനങ്ങൾക്ക് മേൽ അമേരിക്ക 50 ശതമാനം നികുതി ഏർപ്പെടുത്തിയിരുന്നു.

ഇതിന് മറുപടിയായി കാനഡയും സമാനമായ രീതിയിൽ വൻ തിരിച്ചടി തീരുവ പ്രഖ്യാപിക്കുകയായിരുന്നു. അമേരിക്കൻ നിർമ്മിത ഉൽപ്പന്നങ്ങൾക്ക് മേൽ 50 ശതമാനം വരെ നികുതി ഉയർത്താനാണ് കാനഡയുടെ നിർണായക തീരുമാനം. സെപ്തംബർ ആദ്യ വാരത്തോടെ ഈ നികുതി വർദ്ധനവ് നിലവിൽ വരുമെന്ന് കാനഡ പ്രധാനമന്ത്രി മാർക്ക് കാർണി വ്യക്തമാക്കുകയും ചെയ്തു.

സ്വന്തം രാജ്യത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ ബലികഴിച്ച് അമേരിക്കയ്ക്ക് കീഴടങ്ങാൻ തങ്ങൾ തയ്യാറല്ലെന്നാണ് കാനഡയുടെ ഉറച്ച നിലപാട്. ഇത് കൂടാതെ അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് മേൽ കൂടുതൽ കടുത്ത നിയന്ത്രണങ്ങൾ കൊണ്ടുവരാനും ഒട്ടാവ പദ്ധതിയിടുന്നുണ്ട്. രാജ്യത്തെ തൊഴിലാളികളുടെയും വ്യവസായങ്ങളുടെയും സംരക്ഷണം ഉറപ്പാക്കാൻ പ്രതിപക്ഷത്തെ കൂടി ഉൾപ്പെടുത്തി കാനഡ ഒറ്റക്കെട്ടായി പ്രതിരോധം തീർക്കുകയാണ്.

എന്നാൽ കാനഡയുടെ ഈ പ്രതിരോധ നീക്കങ്ങൾ അമേരിക്കയെ കൂടുതൽ ചൊടിപ്പിക്കുകയാണ് ചെയ്തത്. കാനഡയിൽ നിന്നുള്ള വാഹനങ്ങൾക്കും സ്പെയർ പാർട്സുകൾക്കും സ്റ്റീൽ ഉൽപ്പന്നങ്ങൾക്കും മേൽ വരും മാസങ്ങളിൽ 50 ശതമാനം കൂറ്റൻ നികുതി ചുമത്തുമെന്ന് ട്രംപ് ഭീഷണിപ്പെടുത്തി. ഇത് കാനഡയുടെ വാഹന നിർമ്മാണ മേഖലയെ പൂർണ്ണമായി തകർക്കുമെന്ന് സാമ്പത്തിക വിദഗ്ദ്ധർ വിലയിരുത്തുന്നു.

ഇതിനുപുറമെ ഒന്റാറിയോ തടാകത്തിന്റെ പേര് ’ലേക് അമേരിക്ക’ എന്ന് പുനർനാമകരണം ചെയ്യുന്നത് പരിഗണനയിലാണെന്ന് ട്രംപ് വ്യക്തമാക്കിയത് തർക്കം കൂടുതൽ രൂക്ഷമാക്കി. ഒന്റാറിയോ പ്രവിശ്യാ ഭരണകൂടവുമായി നിലനിൽക്കുന്ന വ്യക്തിപരമായ വടംവലിയാണ് ഇത്തരമൊരു നീക്കത്തിന് പിന്നിലെന്ന് വിദേശ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധം ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലയിലാണ്.

കാനഡ മുൻപ് നിരസിച്ച കരാറിനേക്കാൾ മോശമായ അവസ്ഥയായിരിക്കും ഭാവിയിൽ അവർക്ക് നേരിടേണ്ടിവരികയെന്ന് വൈറ്റ് ഹൗസ് വക്താക്കൾ വ്യക്താക്കി. വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ രണ്ട് വൻശക്തികൾ തമ്മിലുള്ള ഈ പോരാട്ടം ആഗോള വിപണിയെയും വ്യവസായ മേഖലയെയും സാരമായി ബാധിച്ചേക്കാം. വാണിജ്യ തർക്കങ്ങൾ ദീർഘകാലം നീണ്ടുനിന്നാൽ സാധാരണക്കാരുടെ ജീവിതാവശ്യങ്ങൾക്കുള്ള സാധനങ്ങളുടെ വില കുതിച്ചുയരും.

നയതന്ത്ര തലത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇരുരാജ്യങ്ങളും ഇനി ഉടനടി ചർച്ചകൾക്ക് തയ്യാറാകുമോ അതോ ഉപരോധങ്ങളുടെ പരമ്പര തുടരുമോ എന്നാണ് അന്താരാഷ്ട്ര സമൂഹം ഉറ്റുനോക്കുന്നത്. അമേരിക്കയുടെ സാമ്പത്തിക ഭീഷണികൾക്ക് മുന്നിൽ പതറില്ലെന്ന നിലപാടിൽ കനേഡിയൻ ഭരണകൂടം ഉറച്ചുനിൽക്കുകയാണ്. ഇതോടെ വടക്കേ അമേരിക്കൻ അതിർത്തിയിൽ വ്യാപാര യുദ്ധം കൂടുതൽ സങ്കീർണ്ണമാകുകയാണ്.



യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭാ സെക്രട്ടറി ജേക്കബ് സി മാത്യുവിന് ടൊറന്റോയിലെ സെന്റ് പീറ്റേഴ്സ് സുറിയാനി ഓർത്തഡോക്സ് പള്ളിയിൽ സ്വീകരണം നൽകിയപ്പോൾ

# യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ സെക്രട്ടറി ജേക്കബ് സി മാത്യുവിന് സ്വീകരണം

ടൊറന്റോ: യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ സെക്രട്ടറി ജേക്കബ് സി. മാത്യു ടൊറന്റോയിലെ സെന്റ് പീറ്റേഴ്സ് സുറിയാനി ഓർത്തഡോക്സ് ദേവാലയം സന്ദർശിക്കാനെത്തി. ഒപ്പം അദ്ദേഹത്തിന്റെ ഭാര്യ ലിസി ജേക്കബും ഉണ്ടായിരുന്നു.

ആത്മാർത്ഥമായ സഭാസേവനത്തിലൂടെയും ഉത്തരവാദിത്തബോധത്തോടെയുള്ള നേതൃത്വത്തിലൂടെയും യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ പ്രവർത്തനങ്ങൾക്ക് വിലമതിക്കാനാകാത്ത സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന വ്യക്തിയാണ് ജേക്കബ് സി. മാത്യു.

അദ്ദേഹം ഇടവകാംഗങ്ങൾക്കൊപ്പം ചിലവഴിച്ച സമയവും പ്രോത്സാഹനപൂർണ്ണമായ വാക്കുകളും സഭാസമൂഹത്തിന് ആത്മീയ ഉണർവും സന്തോഷവും നൽകുന്നതാണെന്നു ഭാരവാഹികൾ അറിയിച്ചു.

# യു.എസ് – കാനഡ വ്യാപാര ചർച്ചയിൽ പോര് മുറുകുന്നു: കാനഡയുടെ വാദം തള്ളി ട്രംപ് പ്രതിനിധി

ഒട്ടാവ: അമേരിക്കയും കാനഡയും തമ്മിലുള്ള വ്യാപാര കരാർ തകരാൻ കാരണം അമേരിക്കയുടെ അവസാന നിമിഷത്തെ സമ്മർദ്ദങ്ങളാണെന്ന കനേഡിയൻ വാദത്തെ തള്ളി യു.എസ്. കരാറിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കാനഡ ഉന്നയിച്ച ചില പുതിയ ആവശ്യങ്ങളും ആശങ്കകളുമാണ് ചർച്ചകളിൽ നിന്ന് പിന്മാറാൻ ഒട്ടാവയെ പ്രേരിപ്പിച്ചതെന്ന് യു.എസ് ട്രേഡ് പ്രതിനിധി ജാമിസൺ ഗ്രീർ വ്യക്തമാക്കി. സിബിസി ന്യൂസിന് നൽകിയ അഭിമുഖത്തിലാണ് യു.എസ് ട്രേഡ് റെപ്രസെന്റേറ്റീവ് ജാമിസൺ ഗ്രീർ യു.എസിന്റെ നിലപാട് പരസ്യമാക്കിയത്.



ഓഗസ്റ്റ് 18ന് താൽക്കാലിക ധാരണയിലെത്തിയ ശേഷം കാനഡയു.എസ് വ്യാപാര മന്ത്രി ഡൊമിനിക് ലെബ്ലാങ്ക് ഒട്ടാവയിൽ പോയി തിരിച്ചെത്തിയപ്പോൾ പുതിയ അഭ്യർത്ഥനകളുമായാണ് വന്നതെന്ന് ഗ്രീർ ആരോപിച്ചു. ലോകത്തിലെ മറ്റൊരു രാജ്യത്തിനും ലഭിക്കാത്ത ഏറ്റവും മികച്ച വ്യവസ്ഥകളാണ് കാനഡയ്ക്ക് മുന്നിൽ അമേരിക്ക വെച്ചതെന്നും, എന്നാൽ അവസാന നിമിഷം കാനഡ മുന്നോട്ടുവെച്ച ചില പുതിയ കാര്യങ്ങൾ അമേരിക്കയ്ക്ക് അംഗീകരിക്കാൻ കഴിയുന്നതിലും അപ്പുറമായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചർച്ചകൾ പൂർണ്ണമായും സ്തംഭിച്ച അവസ്ഥയിലാണെന്ന് സമ്മതിച്ച ഗ്രീർ, നിലവിൽ ഇരുരാജ്യങ്ങളും തമ്മിൽ ഔദ്യോഗിക ആശയവിനിമയങ്ങൾ ഒന്നും നടക്കുന്നില്ലെന്നും വ്യക്തമാക്കി.

കരാർ തകർച്ചയ്ക്ക് കാരണം യു.എസ് മുന്നോട്ടുവെച്ച അന്യായമായ മാറ്റങ്ങളാണെന്ന് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി നേരത്തെ കുറ്റപ്പെടുത്തിയിരുന്നു. മറ്റ് രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകളിൽ ഏർപ്പെടാനുള്ള കാനഡയുടെ സ്വാതന്ത്ര്യത്തെ തടയുന്ന തരത്തിലും, രാജ്യത്തെ പ്രധാന വ്യവസായങ്ങളെയും ഫ്രഞ്ച് ഭാഷാ സംരക്ഷണ നിയമങ്ങളെയും ബാധിക്കുന്ന തരത്തിലുമായിരുന്നു അമേരിക്കയുടെ പുതിയ ഉപാധികളെന്ന് കാർണി വ്യക്തമാക്കിയിരുന്നു. എന്നാൽ ഈ ആരോപണങ്ങൾ യു.എസ് തള്ളി. സ്റ്റീൽ, അലുമിനിയം, തടി, കാനഡ നിർമ്മിത വാഹനങ്ങൾ എന്നിവയുടെ തീരുവ കുറയ്ക്കാമെന്ന യു.എസ് നിർദ്ദേശം കാനഡ നിരസിക്കുകയായിരുന്നുവെന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കി.

ഫ്രഞ്ച് ഭാഷാ സംരക്ഷണ വിഷയം ചർച്ചയിൽ ഒരു തടസ്സമായിരുന്നില്ലെന്ന് ഗ്രീർ പറഞ്ഞു. സ്റ്റീലിന്റെ തീരുവ 50 ശതമാനത്തിൽ നിന്ന് 25 ശതമാനമായും, വാഹനങ്ങളുടെ തീരുവ 25ൽ നിന്ന് 15 ശതമാനമായും (നിബന്ധനകൾക്ക് വിധേയമായി 7.5 ശതമാനം വരെ) കുറയ്ക്കാൻ തയ്യാറായിരുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു.

അമേരിക്കയുടെ പുതിയ തീരുവ ചുമത്തലിന് മറുപടിയായി ലേബർ ഡേയ്ക്ക് ശേഷം നൂറുകണക്കിന് യു.എസ് ഉൽപ്പന്നങ്ങൾക്ക് തുല്യമായ തിരിച്ചടി തീരുവ ചുമത്തുമെന്ന് കാനഡ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനെതിരെ കാനഡ കൂടുതൽ തിരിച്ചടികൾക്ക് മുതിർന്നാൽ അമേരിക്ക കൈയും കെട്ടി നോക്കിയിരിക്കില്ലെന്ന് ഗ്രീർ മുന്നറിയിപ്പ് നൽകി. ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര പോര് കനക്കുന്നതോടെ വടക്കേ അമേരിക്കൻ സാമ്പത്തിക മേഖലയിൽ ആശങ്കയാണ് ഉയരുന്നത്.





# യുഎസ് നേവി നാവികർക്കും കുടുംബങ്ങൾക്കും മുന്നറിയിപ്പ് നൽകി ഭരണകൂടം;റൊട്ടേഷനുകൾ മാറ്റിമറിക്കാൻ പെന്റഗൺ!

അമേരിക്കയും ഇറാനും തമ്മിൽ മിഡിൽ ഈസ്റ്റിൽ ആരംഭിച്ച സൈനിക പോരാട്ടം ഏഴാം മാസത്തിലേക്ക് കടക്കുമ്പോൾ യുഎസ് നാവികസേനയിൽ കടുത്ത പ്രതിസന്ധി. ഇറാനെതിരെയുള്ള യുദ്ധ ദൗത്യങ്ങൾ നീണ്ടുനിൽക്കുന്ന സാഹചര്യത്തിൽ വിമാനവാഹിനി കപ്പലുകളിലെ സൈനികരുടെ സേവന കാലാവധി ഏഴ് മാസത്തിൽ കൂടുതലായി ദീർഘിപ്പിക്കാൻ പെന്റഗൺ പദ്ധതിയിടുന്നു. ദീർഘകാലത്തേക്ക് കടലിൽ തുടരേണ്ടി വരുമെന്നതിനാൽ ഇതിനായി തയ്യാറെടുക്കാൻ നാവികർക്കും അവരുടെ കുടുംബങ്ങൾക്കും യുഎസ് നേവി ഉന്നത ഉദ്യോഗസ്ഥർ കർശന മുന്നറിയിപ്പ് നൽകി.

അറേബ്യൻ കടലിലും പേർഷ്യൻ ഗൾഫിലും വ്യോമാക്രമണങ്ങളും നാവിക ഉപരോധവും തുടരുന്ന ഓപ്പറേഷൻ എപ്പിക് ഫ്യൂറിയുടെ ഭാഗമായാണ് നാവികസേന തങ്ങളുടെ കപ്പൽ പടയെ പിൻവലിക്കാതെ നിലനിർത്തുന്നത്. യുഎസ് എസ് തിയോഡോർ റൂസ്‌വെൽറ്റ് കരിയർ സ്ട്രൈക്ക് ഗ്രൂപ്പിലെ സൈനികരോടാണ് എട്ട് മാസത്തോളം കടലിൽ തുടരേണ്ടി വരുമെന്ന് കമാൻഡിംഗ് ഓഫീസർമാർ നേരിട്ട് വ്യക്തമാക്കിയത്.

ഇറാനെതിരായ ശക്തമായ പ്രതിരോധത്തിന് രണ്ട് കരിയർ സ്ട്രൈക്ക് ഗ്രൂപ്പുകളെ അറേബ്യൻ കടലിൽ നിലനിർത്താനാണ് യുഎസ് തീരുമാനിച്ചിരിക്കുന്നത്. പസഫിക് മേഖലയിലെ സുരക്ഷാ ആശങ്കകൾക്കിടയിലും മിഡിൽ ഈസ്റ്റിലെ പോരാട്ടത്തിന് മുൻഗണന നൽകാൻ



ഡൊണാൾഡ് ട്രംപ് ഭരണകൂടം നിർബന്ധിതരാവുകയാണ്. നിലവിൽ ജപ്പാൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന യുഎസ് എസ് ജോർജ്ജ് വാഷിംഗ്ടൺ ഉൾപ്പെടെയുള്ളവൻവ്യോമവാഹിനികപ്പലുകൾ മിഡിൽ ഈസ്റ്റിലേക്ക് ഇതിനോടകം റീഡെപ്ലോയ് ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിലും ഇറാനിൽ നിന്നുള്ള ഭീഷണികളും കടൽ മാർഗ്ഗമുള്ള ആക്രമണങ്ങളും കണക്കിലെടുത്ത് യുഎസ് പ്രതിരോധ വകുപ്പ് ദൗത്യങ്ങൾ ദീർഘിപ്പിക്കുകയാണ്.

തുടർച്ചയായ പോരാട്ടങ്ങളും റോന്തുചുറ്റലുകളും കാരണം യുഎസ് നാവികസേനയുടെ ബജറ്റിലും വലിയ തുകയുടെ അധികച്ചെലവാണ് ഉണ്ടാകുന്നത്. ഈ ദൗത്യങ്ങൾപൂർത്തിയാക്കാൻകോൺഗ്രസിൽ നിന്നും ആറ് മുതൽ എട്ട് ബില്യൺ ഡോളർ വരെ അടിയന്തര ധനസഹായം ആവശ്യമായി വരുമെന്ന് നേവൽ ഓപ്പറേഷൻസ്തലവൻഅഡ്മിറൽഡാരിൽകോഡിൽ വ്യക്തമാക്കി. ഛിന്നഭിന്നമാകുന്ന സാമ്പത്തിക നയങ്ങൾക്കിടയിലും സൈനിക സാന്നിധ്യം പരമാവധി നിലനിർത്താനാണ് അമേരിക്ക ശ്രമിക്കുന്നത്.

ഇറാനെതിരായ യുദ്ധം ഉടൻ അവസാനിക്കില്ലെന്ന സൂചനകളാണ് അമേരിക്കൻ പ്രസ്താവനകളിൽ നിന്ന് വ്യക്തമാകുന്നത്. വാഷിംഗ്ടൺ മുന്നോട്ടുവെച്ച കടുത്ത വ്യവസ്ഥകൾ ഇറാൻ അംഗീകരിക്കാത്തതാണ് പ്രതിസന്ധി രൂക്ഷമാക്കുന്നത്. സഖ്യരാജ്യങ്ങളുടെയും തന്ത്രപ്രധാന വ്യാപാര പാതകളുടെയും സുരക്ഷ ഉറപ്പാക്കാൻ സൈനികർ മാസങ്ങളോളം കടലിൽ തുടരേണ്ടി വരുമെന്ന് സന്ദേശങ്ങൾ നൽകുന്നു.

ഡൊണാൾഡ് ട്രംപ് ഭരണകൂടത്തിന്റെ പുതിയ ഉത്തരവുകൾ പ്രാബല്യത്തിൽ വരുന്നതോടെ കപ്പലുകളിലെ കൂടുതൽ സൈനികർക്ക് ദീർഘകാല അവധി ഇല്ലാതെ സേവനം ചെയ്യേണ്ടിവരും. ചൈന പസഫിക് മേഖലയിൽ നടത്തുന്ന സൈനിക നീക്കങ്ങളെ പ്രതിരോധിക്കാൻ തുനിഞ്ഞിറങ്ങിയ യുഎസിന് ഈ മിഡിൽ ഈസ്റ്റ് പോരാട്ടം വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ യുദ്ധക്കപ്പലുകൾ മിഡിൽ ഈസ്റ്റ് മേഖലയിലേക്ക് തിരിച്ചേക്കും.

മധ്യപൂർവേഷ്യൻകടലിൽഅമേരിക്കയും ഇറാനും തമ്മിൽ തുടരുന്ന ഈ യുദ്ധ അന്തരീക്ഷം ആഗോള കപ്പൽ ഗതാഗതത്തെയും എണ്ണ വിപണിയെയും ഒരുപോലെ ബാധിച്ചിട്ടുണ്ട്. പ്രതിസന്ധി എത്രയും വേഗം പരിഹരിക്കപ്പെട്ടില്ലെങ്കിൽ കപ്പൽ വിന്യാസങ്ങൾ തദ്ദേശീയ വ്യവസായങ്ങളെയും വൻതോതിൽ ബാധിച്ചേക്കാം. കടുത്ത വെല്ലുവിളികൾക്കിടയിലും കപ്പൽ പടയെ ഉറപ്പിച്ചുനിർത്താൻ പെന്റഗൺ പുതിയ തന്ത്രങ്ങൾ ആസൂത്രണം ചെയ്യുകയാണ്.

# 'അദ്ദേഹം ജീവനോടെയുണ്ട്, തെറ്റായ പ്രചാരണങ്ങൾ വിശ്വസിക്കരുത്!'; ഡൊണാൾഡ് ട്രംപ്;

ഇറാന്റെ പരമോന്നത നേതാവ് മൊജ്തബ ഖമേനി കൊല്ലപ്പെട്ടുവെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ പൂർണ്ണമായും തള്ളി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അദ്ദേഹം മരിച്ചിട്ടില്ലെന്നും പൂർണ്ണ ആരോഗ്യവാനായി ജീവനോടെയുണ്ടെന്നും ട്രംപ് മാധ്യമങ്ങളോട് വ്യക്തമാക്കി. അന്താരാഷ്ട്ര തലത്തിൽ വലിയ ഊഹാപോഹങ്ങളും ആശങ്കകളും പരന്ന സാഹചര്യത്തിലാണ് യുഎസ് പ്രസിഡന്റുതന്നെ നേരിട്ട് കാര്യങ്ങൾ വിശദീകരിച്ച് രംഗത്തെത്തിയിരിക്കുന്നത്. പശ്ചിമേഷ്യയിൽ യുദ്ധസമാനമായ സാഹചര്യങ്ങൾ നിലനിൽക്കുന്നതിനിടെയാണ് ഇറാന്റെ പരമോന്നത നേതാവിനെക്കുറിച്ച് വൻ പ്രചാരണങ്ങൾ ഉയർന്നത്. ആക്രമണങ്ങളിൽ അദ്ദേഹം കൊല്ലപ്പെട്ടുവെന്ന രീതിയിലുള്ള റിപ്പോർട്ടുകൾ ആഗോള മാധ്യമങ്ങളിൽ നിറഞ്ഞുനിന്നിരുന്നു. എന്നാൽ ഈ വാർത്തകളെല്ലാം വെറും വ്യാജപ്രചാരണങ്ങൾ മാത്രമാണെന്നാണ് ട്രംപ് ഉറപ്പിച്ചുപറയുന്നത്.

ശത്രുരാജ്യങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഇത്തരം തെറ്റായ സന്ദേശങ്ങൾ കൂടുതൽ നയതന്ത്ര പ്രശ്നങ്ങൾക്ക് വഴിവെക്കുമെന്നും ട്രംപ് ചൂണ്ടിക്കാണിച്ചു. മുൻപ് അലി ഖമേനിയുടെ നിര്യാണത്തെ തുടർന്ന് മകൻ മൊജ്തബ ഖമേനിയെ ഇറാന്റെ പരമോന്നത നേതാവായി തിരഞ്ഞെടുത്തിരുന്നു. അതിനുശേഷം അദ്ദേഹത്തെലക്ഷ്യമിട്ട്വധശ്രമങ്ങൾനടന്നതായി അഭ്യൂഹങ്ങൾ പുറത്തുവന്നിരുന്നു. ഇറാന്റെ ഭരണസംവിധാനം ശക്തമായിത്തന്നെ മുന്നോട്ട് പോകുന്നുവെന്നാണ് പുതിയ വിവരങ്ങൾ സൂചിപ്പിക്കുന്നത്.

ഡൊണാൾഡ് ട്രംപിന്റെ ഈ വെളിപ്പെടുത്തൽ പശ്ചിമേഷ്യൻ രാഷ്ട്രീയത്തിൽ വലിയ അലയൊലികളാണ് സൃഷ്ടിച്ചിരിക്കുന്നത്. റഷ്യയും ചൈനയും ഉൾപ്പെടെയുള്ള മറ്റ് ആഗോള ശക്തികളും സംഭവവികാസങ്ങൾ നിരീക്ഷിക്കുന്നുണ്ട്.

ഇറാനിലെ നിലവിലെ ഭരണകൂടവും പുതിയ വാർത്തകളോട് ഇതുവരെ ഔദ്യോഗികമായി കൂടുതൽ പ്രതികരണങ്ങൾ നടത്താൻ തയ്യാറായിട്ടില്ല. എങ്കിലും രാജ്യത്ത് സമാധാനാന്തരീക്ഷം നിലനിർത്താനുള്ള ശ്രമങ്ങൾ തുടരുകയാണ്.

പശ്ചിമേഷ്യൻ മേഖലയിൽ സമാധാനം കൊണ്ടുവരുന്നതിന് ത തങ്ങളുടേതായ പങ്ക് വഹിക്കാൻ തയാറാണെന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കിയിട്ടുണ്ട്. അതിനിടെ തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുമെന്നും അമേരിക്കൻ വൃത്തങ്ങൾ അറിയിച്ചു. ട്രംപിന്റെ പ്രസ്താവനയോടെ അഭ്യൂഹങ്ങൾക്ക് താല്കാലികമായി ശമനം ഉണ്ടായിട്ടുണ്ട്.

വരും ദിവസങ്ങളിൽ മേഖലയിലെ സൈനിക, നയതന്ത്ര നീക്കങ്ങൾ എങ്ങോട്ട് തിരിയുമെന്നാണ് ലോകരാഷ്ട്രങ്ങൾ ഉറ്റുനോക്കുന്നത്. അമേരിക്കയുടെയും ഇറാന്റെയും പുതിയ തീരുമാനങ്ങൾ പശ്ചിമേഷ്യയുടെ ഭാവി നിർണ്ണയിക്കുന്നതിൽ വലിയ പങ്ക് വഹിക്കും. സാമ്പത്തിക മേഖലയും ഈ വാർത്തകളെ ഉറ്റുനോക്കുകയാണ്.












# പത്തനംതിട്ടയിലെ വാഹനാപകടം; മദ്യപിച്ച് വാഹനമോടിച്ച രണ്ട് പേർ പൊലീസ് കസ്റ്റഡിയിൽ



പത്തനംതിട്ട: പത്തനംതിട്ട ടൗണിലെ വാഹനാപകടത്തിൽ മദ്യപിച്ച് വാഹനമോടിച്ച രണ്ട് പേർ പൊലീസ് കസ്റ്റഡിയിൽ. ഇവർ മദ്യപിച്ച് അമിത വേഗത്തിൽ ഓടിച്ച കാർ വഴിയാത്രക്കാരെയും നിരവധി വാഹനങ്ങളെയും ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. കാർ ഇടിച്ച വഴിയാത്രക്കാരൻ സംഭവസ്ഥലത്ത് വെച്ച് തന്നെ മരിച്ചിരുന്നു.

ഓമല്ലൂർ സ്വദേശി വിനു(48) , വിശ്വജിത്ത്(24) എന്നിവരാണ് അപകടമുണ്ടാക്കിയത്. ഇവരെ വൈദ്യ പരിശോധനയ്ക്കായി ജനറൽ ആശുപത്രിയിൽ എത്തിച്ചു. അമിതമായി മദ്യപിച്ചിരുന്നു എന്നാണ് പ്രാഥമിക വിവരം.

പത്തനംതിട്ട ടൗണിലെ അബാൻ ആർക്കേഡിന് മുൻപിലായാണ് അപകടം സംഭവിച്ചത്. വഴിയാത്രികനായ ഫയർഫോഴ്സ് റിട്ടയേർഡ് ഉദ്യോഗസ്ഥൻ അബു(58)വിന് അപകടത്തിൽ തൽക്ഷണം ജീവൻ നഷ്ടമായി. പത്തനംതിട്ടയിലെ സ്വകാര്യ സ്കൂളിലെ ഡ്രൈവറായി ജോലി ചെയ്തു വരികയായിരുന്നു അബു.

അപകടത്തിൽ ഒൻപത് ബംഗാൾ സ്വദേശികൾക്ക് സാരമായി പരിക്കേറ്റു. ഭക്ഷണം വാങ്ങി നടന്നു വരുന്ന വഴിയാണ് ബംഗാൾ സ്വദേശികളുടെ ഇടയിലേക്ക് വാഹനം പാഞ്ഞു കയറിയത്. വിജയ് മണ്ഡൽ(18), അഷ്കർ(19), അമിത്ത്(22), അന്തോണീസ്(32), സഞ്ജത്ത് (18), ജമോഷ്(24), ഫർമാൻ(30), സൂര്യ(21), രൂപേഷ് (26) ജനറൽ എന്നിവരാണ് ചികിത്സയിലുള്ളത്.

# എംബിബിഎസിന് നാലര വർഷ ഫീസ്: ഉത്തരവ് സ്റ്റേ ചെയ്തതിനെതിരെ സർക്കാർ അപ്പീൽ നൽകും




തിരുവനന്തപുരം: എംബിബിഎസിന് നാലര വർഷ ഫീസ് മാത്രമേ വാങ്ങാവൂ എന്ന ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തതിനെതിരെ ഒടുവിൽ സംസ്ഥാന സർക്കാർ അപ്പീലിന്. ഇക്കഴിഞ്ഞ ജൂലൈ മാസമാണ് നാഷണൽ മെഡിക്കൽ കമ്മീഷൻ (എൻഎംസി) നിർദേശപ്രകാരം, നാലര വർഷ ഫീസ് മാത്രമേ വാങ്ങാവൂ എന്ന് സർക്കർ ഉത്തരവിറക്കിയത്.

ഇതിനെതിരായ സ്വകാര്യ മെഡിക്കൽകോളേജ് മാനേജ്മെന്റുകൾ ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിനെ സമീപിച്ചു സ്റ്റേനേടി. ഓഗസ്റ്റ് ഏഴാം തീയതി ഉത്തരവ് സ്റ്റേ ചെയ്തതെങ്കിലും സർക്കാർ ഇതുവരെ അപ്പീലിന്പോയിരുന്നില്ല. അപ്പീൽ വൈകുന്നത് മാനേജ്മെന്റുകളെ സഹായിക്കാനെന്ന ആക്ഷേപം ഉയർന്നിരുന്നു.

ഇതിനിടയിലാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന് മുമ്പാകെ സർക്കാർ അപ്പീൽ നൽകുന്നത്. നാലര വർഷ ഫീസ് മാത്രമേ വാങ്ങാവൂ എന്ന ഉത്തരവ് നടപ്പാക്കുന്നതിനുള്ള സഹായമാകും സർക്കാർകോടതിയിൽനിന്ന് തേടുക.ഈ വർഷത്തെ എംബിബിഎസ് പ്രവേശനത്തിൽ നാലര വർഷ ഫീസ് ഈടാക്കാൻ ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ടെന്നാണ് സർക്കാർ പറയുന്നത്.

എന്നാൽ കഴിഞ്ഞ വർഷത്തെ രീതിയിൽ തന്നെയാണ് ഈ വർഷവും മാനേജ്മെന്റുകൾ ഫീസ് ഈടാക്കുന്നത്.



# പാലക്കാട് ലോറികൾ തമ്മിൽ കൂട്ടിയിടിച്ച് തീപ്പിടിച്ചു; ഡ്രൈവർക്ക് ദാരുണാന്ത്യം

പാലക്കാട്: പാലക്കാട് കോഴിക്കോട് ദേശീയപാതയിൽ ലോറികൾ തമ്മിൽ കൂട്ടിയിടിച്ചുണ്ടായ തീപ്പിടിത്തത്തിൽ ഡ്രൈവർക്ക് ദാരുണാന്ത്യം. ലോറി ഡ്രൈവർ നസറുദ്ദീനാണ് മരിച്ചത്. കല്ലടിക്കോടിന് സമീപമാണ് അപകടമുണ്ടായത്. അപകടത്തെത്തുടർന്ന് മുണ്ടൂർ മുതൽ കല്ലടിക്കോടുവരെ ഗതാഗത തടസ്സം രൂപപ്പെട്ടു.

വ്യാഴാഴ്ച രാവിലെയാണ് സംഭവം. തീപ്പിടിത്തത്തിന്റെ കാരണം വ്യക്തമല്ല. ലോറികളിലൊന്നിൽ വളർത്തുമൃഗങ്ങൾക്ക് കൊടുക്കാനുള്ള അറക്കപ്പൊടിയായിരുന്നു. ഈ ലോറിയിലെ ഡ്രൈവറായിരുന്നു മരിച്ച നസറുദ്ദീൻ. അപകടത്തിൽ കണ്ടെയ്നർ ലോറി ഡ്രൈവർക്കും പരിക്കേറ്റിട്ടുണ്ട്. അപകടംകണ്ട് വാഹനത്തിൽനിന്ന് പെട്ടെന്ന് ഇറങ്ങിയതിനാലാണ് ജീവപായമില്ലാതെ രക്ഷപ്പെട്ടതെന്ന് കണ്ടെയ്നർ ലോറി ഡ്രൈവർ വ്യക്തമാക്കി.










# സി.ജെ.പി സമരവിജയത്തിന് ശേഷം രാഹുൽ ഗാന്ധിയുടെ ശൈലി മാറുന്നു; യുവജന പിന്തുണ ആർജ്ജിക്കാൻ പ്രതിപക്ഷ നേതാവിന്റെ അത്യാധുനിക പോരാട്ട വഴികൾ!

ഇന്ത്യൻ പ്രതിപക്ഷ രാഷ്ട്രീയത്തിൽ മുൻപ് കണ്ടിട്ടില്ലാത്ത വിധമുള്ള വിപ്ലവകരമായ മാറ്റങ്ങൾക്കാണ് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടക്കം കുറിച്ചിരിക്കുന്നത്. 2026 മേയ് -ജൂലൈ മാസങ്ങളിൽ രാജ്യത്തെ പിടിച്ചുകുലുക്കിയ നീറ്റ് പരീക്ഷാ ക്രമക്കേടുകൾക്കെതിരെ അഭിജീത് ദിപ്കെയുടെ നേതൃത്വത്തിൽ ഉയർന്നുവന്ന 'കോക്രോച്ച് ജനതാ പാർട്ടി' എന്ന യുവജന മുന്നേറ്റത്തിന്റെ വൻ വിജയത്തിന് പിന്നാലെ, രാഹുൽ ഗാന്ധിയും തങ്ങളുടെ പരമ്പരാഗത രാഷ്ട്രീയ ശൈലികൾ മാറ്റിപ്പണിയുകയാണ്.

ലോക് കല്യാൺ മാർഗിലെ പ്രധാനമന്ത്രിയുടെ വസതിക്ക് മുന്നിലെ അപ്രതീക്ഷിത ധർണ്ണകളും, പോലീസ് സ്റ്റേഷനുകൾക്ക് മുന്നിലെ മണിക്കൂറുകൾ നീണ്ട സമരങ്ങളും വഴി കേന്ദ്ര ഗവൺമെന്റിനെ നിരന്തരം പ്രതിരോധത്തിലാക്കാൻ പ്രതിപക്ഷ നേതാവിന് സാധിക്കുന്നുണ്ട്. കേവലം രാഷ്ട്രീയ പ്രസംഗങ്ങളിലും ഇൻഡോർ പത്രസമ്മേളനങ്ങളിലും ഒതുങ്ങാതെ ജനറേഷൻ ഇസഡ് ചെറുപ്പക്കാരുടെയുംവിദ്യാർത്ഥികളുടെയുംപ്രക്ഷോഭങ്ങളെ നേരിട്ട് നയിക്കുന്ന രാഹുലിന്റെ പുതിയ'രാഷ്ട്രീയപ്ലേബുക്കിന്റെ'വശങ്ങളും അതിന്റെ ആഘാതങ്ങളും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്തുന്നു:



### സി.ജെ.പി സമരം നൽകിയ പാഠങ്ങളും കോൺഗ്രസിന്റെ തന്ത്രപരമായ മാറ്റങ്ങളും

വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ ശക്തി തിരിച്ചറിഞ്ഞ പ്രതിപക്ഷം തങ്ങളുടെ സംഘടന സംവിധാനങ്ങളെ ജനറേഷൻ ഇസഡിന്റെ താളത്തിനൊത്ത് മാറ്റിസ്ഥാപിക്കുകയാണ്.

**1. സ്വതന്ത്ര യുവജന പ്രക്ഷോഭങ്ങളിൽ നിന്നും പ്രതിപക്ഷം പഠിച്ച തന്ത്രങ്ങൾ**

നീറ്റ് പരീക്ഷ തട്ടിപ്പുകൾക്കെതിരെ ജന്തർ മന്തറിൽ തുടക്കമിട്ട സി.ജെ.പി പ്രക്ഷോഭംഒരുരാഷ്ട്രീയപാർട്ടിയുടെയും ഔദ്യോഗിക പതാകകളില്ലാതെയാണ് രാജ്യവ്യാപക തരംഗമായത്. പ്രധാനമന്ത്രിയുടെയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാന്റെയും രാജി ആവശ്യപ്പെട്ട് ലക്ഷക്കണക്കിന് ചെറുപ്പക്കാരാണ് തെരുവിലിറങ്ങിയത്. ഈ ജനകീയ ചെറുത്തുനിൽപ്പിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് പ്രതിപക്ഷം തങ്ങളുടെ പഴയ പത്രസമ്മേളന ശൈലികൾ ഉപേക്ഷിച്ച് അടിയന്തിര തൽക്ഷണ സമര മാതൃകകളിലേക്ക് മാറിയത്.

**2. തൽക്ഷണ പ്രതിഷേധങ്ങളും 'സർപ്രൈസ് ധർണ്ണാ' തന്ത്രങ്ങളും**

മുൻകൂട്ടി വിവരങ്ങൾ നൽകിയുള്ള റാലികൾക്ക് പകരം, സുരക്ഷാ ഏജൻസികളെപ്പോലും ഞെട്ടിക്കുന്ന തൽക്ഷണ പ്രതിഷേധ തന്ത്രങ്ങളാണ് രാഹുൽ ഗാന്ധി ഇപ്പോൾ സ്വീകരിക്കുന്നത്. ജൂലൈ 21ന് വിജയ് ചൗക്കിലെ സുരക്ഷാ നിരീക്ഷണങ്ങളെ മറികടന്ന് പെട്ടെന്ന് പ്രധാനമന്ത്രിയുടെ വസതിക്ക് മുന്നിലേക്ക് മാർച്ച് നടത്തിയത് ഇതിന് ഉദാഹരണമാണ്. പോലീസിന്റെ കൈകടത്തലുകൾക്ക് കാത്തുനിൽക്കാതെ അപ്രതീക്ഷിതമായി താവളങ്ങൾ മാറ്റി സമരം ചെയ്യുന്നത് മാധ്യമ ശ്രദ്ധ നേടാൻ കോൺഗ്രസിനെ സഹായിക്കുന്നു.

**3. 'ഛാത്രോം കി ഗൂഞ്ച് ' കാമ്പെയ്നും യുവജന ഏകോപനങ്ങളും**

വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥികളുടെയും പ്രശ്നങ്ങൾ പഠിക്കാൻ രാഹുൽ ഗാന്ധി നേരിട്ട് രൂപം നൽകിയ പദ്ധതിയാണ് 'ഛാത്രോം കി ഗൂഞ്ച്'. പ്രവേശന പരീക്ഷാ പരിശീലന കേന്ദ്രങ്ങളായ കോട്ട, ഡെറാഡൂൺ എന്നിവിടങ്ങളിൽ നേരിട്ടെത്തി അവിടുത്തെ വിദ്യാർത്ഥികളോട് സംസാരിച്ച രാഹുൽ, അവരുടെ അമർഷങ്ങളെ ഭരണകൂടത്തിന് എതിരെയുള്ള രാഷ്ട്രീയ ആയുധമാക്കി മാറ്റി. പരമ്പരാഗത യുവജന സംഘടനകളെക്കാൾ ഉപരി വിദ്യാർത്ഥികളുമായി നേരിട്ടുള്ള വിനിമയം അദ്ദേഹം സാധ്യമാക്കുന്നു.

**4. നിയമപോരാട്ടങ്ങളിലെ നേരിട്ടുള്ള ഇടപെടലുകളും എഫ്.ഐ.ആർ വിജയങ്ങളും**

ജൂലൈ 20ലെ സൻസദ് ചലോ മാർച്ചിനിടെ പോലീസിന്റെ പെല്ലറ്റ് പ്രഹരത്തിൽ പരിക്കേറ്റ സാഹിൽ ലോചാബ് എന്ന വിദ്യാർത്ഥിക്കായി പാർലമെന്റ് സ്ട്രീറ്റ് പോലീസ് സ്റ്റേഷന് മുന്നിൽ രാഹുൽ നടത്തിയത് 6 മണിക്കൂർ നീണ്ട ധർണ്ണയായിരുന്നു. ഉന്നത ഉദ്യോഗസ്ഥരുമായി ബാരിക്കേടുകൾക്ക് മുന്നിൽ തർക്കിച്ച് ഒടുവിൽ എഫ്.ഐ.ആർ ഇടുവിച്ച വിഷ്വലുകൾ സോഷ്യൽ മീഡിയയിൽ വൈറലായി. ഇത് പരിക്കേറ്റ പൗരന്മാർക്കൊപ്പം പ്രതിപക്ഷ നേതാവ് നേരിട്ടുണ്ടെന്ന ആത്മവിശ്വാസം ചെറുപ്പക്കാരിൽ വളർത്തി.

### ജനറേഷൻ ഇസഡിനെ ആകർഷിക്കുന്ന രാഹുലിന്റെ പുതിയ മീഡിയ പ്ലേബുക്ക്

ഡിജിറ്റൽ യുഗത്തിലെ പുതിയ വോട്ടർമാരെ സ്വാധീനിക്കാൻ അത്യാധുനിക ആശയവിനിമയ ശൈലികളാണ് പ്രതിപക്ഷം ഉപയോഗിക്കുന്നത്.

**1. റീലുകളും ഇൻസ്റ്റാഗ്രാം അധിഷ്ഠിത സന്ദേശങ്ങളും**

നീളമേറിയ രാഷ്ട്രീയ പ്രസംഗങ്ങൾക്ക് പകരം 30 സെക്കൻഡ് ദൈർഘ്യമുള്ള ശക്തമായ ഹ്രസ്വ വീഡിയോകളിലൂടെയാണ് രാഹുൽ ഗാന്ധി ജനറേഷൻ ഇസഡിനോട് സംസാരിക്കുന്നത്. പരീക്ഷാ ചോർച്ചകളും തൊഴിലില്ലായ്മയും ചിത്രീകരിക്കുന്ന ഹ്രസ്വ ഡിജിറ്റൽ സന്ദേശങ്ങൾ ദശലക്ഷക്കണക്കിന് ചെറുപ്പക്കാരിലേക്ക് ഇൻസ്റ്റാഗ്രാം, യൂട്യൂബ് എന്നിവ വഴി എത്തുന്നുണ്ട്. ചെറുപ്പക്കാരുടെ ഭാഷയിൽ സങ്കീർണ്ണമായ നിയമങ്ങൾ ലളിതമായി വിശദീകരിക്കുന്ന രീതി അദ്ദേഹം സ്വീകരിക്കുന്നു.

**2. രാഷ്ട്രീയ സാംസ്കാരിക പ്രതീകങ്ങളുടെ ഉപയോഗങ്ങൾ**

വിദ്യാർത്ഥി പ്രക്ഷോഭങ്ങളെ അധിക്ഷേപിക്കുന്ന ഭരണകൂട പ്രയോഗങ്ങളെ തിരിച്ച് ആയുധമാക്കുന്ന തന്ത്രമാണ് രാഹുൽ ഉപയോഗിക്കുന്നത്. 'കോക്രോച്ച് ' എന്ന പേരിൽ സമരം ചെയ്ത ചെറുപ്പക്കാരെ പിന്തുണച്ചുകൊണ്ട് ഭരണഘടനാ പുസ്തകവും ദേശീയ പതാകയും ഉയർത്തിപ്പിടിച്ച് തെരുവിലിറങ്ങിയ രാഹുലിന്റെ ചിത്രങ്ങൾ ജനപ്രീതി നേടി. ഭരണകൂടം പൗരന്മാരെ അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ പ്രതിപക്ഷം സംരക്ഷകനായി മാറുന്നു എന്ന സന്ദേശമാണിത്.

**3. ജാതി സെൻസസും ഒ.ബി.സി യുവജന മുന്നേറ്റങ്ങളും**

പരീക്ഷാ ക്രമക്കേടുകളിൽ ഇരയാകുന്നവരിൽ ഭൂരിഭാഗവും ഒ.ബി.സി, എസ്.സി, എസ്.ടി വിഭാഗങ്ങളിൽ നിന്നുള്ള ചെറുപ്പക്കാരാണെന്ന് ഉയർത്തിക്കാട്ടിയാണ് രാഹുലിന്റെ പുതിയ കാമ്പെയ്നുകൾ. ജാതി സെൻസസ് എന്ന ആവശ്യം കേവലം വോട്ട് രാഷ്ട്രീയത്തിനപ്പുറം ചെറുപ്പക്കാരുടെ തൊഴിൽ സുരക്ഷയുമായി കൂട്ടിച്ചേർക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഈ തന്ത്രം ഗ്രാമീണനഗര യുവത്വത്തിനിടയിൽ വലിയൊരളവിൽ സ്വാധീനം ചെലുത്തുന്നുണ്ട്.

**4. പ്രക്ഷോഭ രാഷ്ട്രീയവും ബി.ജെ.പിയുടെ പ്രതിരോധങ്ങളും**

രാഹുൽ ഗാന്ധിയുടെ ഈ പുതിയ സമര ശൈലിയെ 'ശ്രദ്ധ നേടാനുള്ള നാടകങ്ങൾ' എന്ന് ബി.ജെ.പി വിമർശിക്കുന്നുണ്ട്. എങ്കിലും,രാഷ്ട്രീയത്തിൽ പരീക്ഷണങ്ങൾ നടത്തി ജനറേഷൻ ഇസഡിനെ ഒപ്പം നിർത്താനുള്ള ശ്രമങ്ങളിൽ നിന്നും പിന്നോട്ട് പോകാൻ കോൺഗ്രസ് തയ്യാറല്ല. പ്രക്ഷോഭ രാഷ്ട്രീയമാണ് ഭാരതീയ ജനാധിപത്യത്തിന്റെ യഥാർത്ഥ ശ്വാസമെന്ന് രാഹുൽ സ്ഥാപിക്കാൻ ശ്രമിക്കുന്നു.

### ഭാരതീയ രാഷ്ട്രീയത്തിലെ ഭാവി സമവാക്യങ്ങളും 2029 ലക്ഷ്യങ്ങളും

2029ലെ പൊതുതിരഞ്ഞെടുപ്പിൽ ഏറ്റവും വലിയ വോട്ട് ബാങ്കായി മാറാൻ പോകുന്ന ജനറേഷൻ ഇസഡിനെ ലക്ഷ്യമിട്ടാണ് ഈ തന്ത്രങ്ങൾ.

**1. രാജ്യത്തെ ഏറ്റവും വലിയ വോട്ട് ബാങ്കായി മാറുന്ന യുവത്വം**

വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യാൻ പോകുന്ന ഭൂരിഭാഗം പൗരന്മാരും ആദ്യമായി വോട്ട് ചെയ്യുന്ന ജനറേഷൻ ഇസഡ് ചെറുപ്പക്കാരാണ്. മതപരമായ ധ്രുവീകരണങ്ങൾക്ക് അപ്പുറം തങ്ങളുടെ ഭാവി, ജോലി സുരക്ഷ, സുതാര്യമായ ഭരണസംവിധാനങ്ങൾ എന്നിവയ്ക്കാണ് ഇവർ പ്രാധാന്യം നൽകുന്നത്. ഇത്തരമൊരു വോട്ട് ബാങ്കിനെ ആകർഷിക്കാൻ രാഹുൽ നടത്തുന്ന പ്രക്ഷോഭ ശൈലി രാഷ്ട്രീയ ആധിപത്യങ്ങൾ മാറ്റിമറിക്കാം.

**2. ആർ.എസ്.എസ് ബി.ജെ.പി മുന്നണികളുടെ ബദൽ യുവജന പദ്ധതികൾ**

രാഹുൽ ഗാന്ധിയുടെ ജനറേഷൻ ഇസഡ് കുതിച്ചുചാട്ടത്തെ ചെറുക്കാൻ ഭരണപക്ഷവും ആർ.എസ്.എസും പുതിയ തന്ത്രങ്ങൾക്ക് രൂപം നൽകുന്നുണ്ട്. ആർ.എസ്.എസ് അധ്യക്ഷൻ മോഹൻ ഭഗവത് മുംബൈയിൽ രണ്ടായിരത്തിലധികം ചെറുപ്പക്കാരുമായി നേരിട്ട് സംവാദം നടത്തിയത് ഇതിന്റെ ഭാഗമാണ്. ചെറുപ്പക്കാരുമായി ഭരണകൂടം നേരിട്ട് ആശയവിനിമയം നടത്തണമെന്ന നിർദ്ദേശം ഉയർന്നത് പ്രതിപക്ഷ പോരാട്ടങ്ങളുടെ സമ്മർദ്ദം മൂലമാണ്.

**3. സഭയ്ക്ക് ഉള്ളിലും വെളിയിലുമുള്ള സംയുക്ത പോരാട്ടങ്ങൾ**

പാർലമെന്റിന് ഉള്ളിൽ ഭരണകൂട ചോദ്യങ്ങൾ ചോദിക്കുകയും അതേ സമയം പുറത്ത് തെരുവുകളിൽ സമരക്കാർക്കൊപ്പം ഉറച്ചുനിൽക്കുകയും ചെയ്യുന്ന ഇരട്ട പ്ലേബുക്കാണ് രാഹുൽ നടപ്പിലാക്കുന്നത്. സുപ്രീം കോടതി നിയമിച്ച റിട്ടയേർഡ് ജസ്റ്റിസ് ആർ. സുഭാഷ് റെഡ്ഡി കമ്മീഷന്റെ റിപ്പോർട്ടുകൾ വരുന്നതോടെ പോലീസ് അതിക്രമങ്ങൾ തുറന്നുകാട്ടാൻ പ്രതിപക്ഷത്തിന് സാധിക്കും. ഇത് കോൺഗ്രസിന് കൂടുതൽ ആക്കം നൽകും.

**4. ജനാധിപത്യ പോരാട്ടങ്ങളുടെ പുതിയ അധ്യായങ്ങൾ**

സി.ജെ.പിയുടെ സമര വിജയങ്ങൾക്ക് ശേഷം രാഹുൽ ഗാന്ധി സ്വീകരിച്ച തന്ത്രപരമായ മാറ്റങ്ങൾ ഭാരതീയ പ്രതിപക്ഷത്തെ വീണ്ടും ജീവസ്സുറ്റതാക്കി മാറ്റിയെടുത്തു. ഭരിക്കുന്ന ഭരണകൂടത്തിന് നിരന്തരം ഭീഷണിയാകുന്ന പ്രതിപക്ഷ നേതാവായി രാഹുൽ മാറുമ്പോൾ, വരാനിരിക്കുന്ന സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകളിലും ഇതിന്റെ പ്രതിഫലനങ്ങൾ പ്രകടമാകും. ജനറേഷൻ ഇസഡിന്റെ വികാരം മനസ്സിലാക്കുന്നവർക്കായിരിക്കും ഭാരതത്തിന്റെ ഭാവി.

സി.ജെ.പിയുടെ നേതൃത്വത്തിൽ ഉയർന്നുവന്ന ജനകീയ പ്രക്ഷോഭങ്ങളെ കൃത്യമായി ഉൾക്കൊണ്ടുകൊണ്ട് രാഹുൽ ഗാന്ധി നടപ്പിലാക്കുന്ന പുതിയ സമാന്തര രാഷ്ട്രീയ ശൈലി ഭാരതീയ ജനായത്ത ഭരണക്രമത്തെ കൂടുതൽ സജീവമാക്കുകയാണ്.

തൽക്ഷണ പ്രതിഷേധങ്ങളും ഡിജിറ്റൽ സന്ദേശങ്ങളും വഴി ജനറേഷൻ ഇസഡ് ചെറുപ്പക്കാരുടെ വികാരങ്ങളെ കോൺഗ്രസ് ഒപ്പം നിർത്തുന്നത് വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കും.



# മുല്ലപ്പെരിയാറിൽ 'വിടമാട്ടേൻ' നയം പയറ്റി വിജയ്



ബാബു കദളിക്കാട്

വഞ്ചി പിന്നെയും തിരുനക്കരെ തന്നെ; മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന് പ്രതീക്ഷ പകരുന്ന എന്തെങ്കിലും സംഭവിക്കുന്നതിന്റെ സൂചനകളല്ല ഇതുവരെയുള്ളത്. പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള മുഴുവൻ ചെലവും കേരളം വഹിക്കാമെന്നും ഡാമിന്റെ സ്ഥാനവും രൂപകൽപ്പനയും തീരുമാനിക്കാനുള്ള പൂർണ അധികാരം തമിഴ്നാടിന് വിട്ടുനൽകാമെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രഖ്യാപിച്ചെങ്കിലും തമിഴ്നാട് വീണ്ടും തനിനിറം കാട്ടി. തമിഴക മുഖ്യമന്ത്രിയുടെ പ്രതികരണം ഒട്ടും അനുകൂലമായില്ല.

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ മഹാബലിപുരത്ത് ചേർന്ന ദക്ഷിണ മേഖലാ കൗൺസിലിൽ ആണ് കേരളത്തിന്റെ നിലപാട് മുഖ്യമന്ത്രി സതീശൻ അറിയിച്ചത്. അതേസമയം, കോടതി വിധിയുടെ അടിസ്ഥാനത്തിലാകണം നടപടികളെന്നും, കാവേരി നദീജല തർക്കത്തിൽ സുപ്രീംകോടതി വിധിയും ട്രൈബ്യൂണൽ തീരുമാനവും നടപ്പാക്കണമെന്നുമാണ് തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് പറഞ്ഞത്. പ്രശ്നം ചർച്ചയിലൂടെയും സമവായത്തിലൂടെയും പരിഹരിക്കാൻ തമിഴ്നാട് സർക്കാരിന് താല്പര്യമില്ലെന്ന നിലപാട് ആവർത്തിക്കപ്പെട്ടു. സുപ്രീംകോടതി നിലപാട് തമിഴ്നാടിന് അനുകൂലമാണെന്നതിനാൽ കേരളത്തിന്റെ പുതിയ ഡാമെന്ന ആവശ്യം മിക്കവാറും പരുങ്ങലിലായ അവസ്ഥയിൽ തന്നെ തുടരുന്നു.

പുതിയ അണക്കെട്ടിൽ നിന്നുള്ള മുഴുവൻ വെള്ളവും തമിഴ്നാടിനു നൽകാമെന്ന് മുഖ്യമന്ത്രി സതീശൻ വ്യക്തമാക്കി. പക്ഷേ, മുല്ലപ്പെരിയാർ വിഷയത്തിൽ തന്റെ മുൻഗാമികളുടെ നിലപാടിൽ നിന്നു മാറാൻ തമിഴ്നാട് മുഖ്യമന്ത്രി തയ്യാറാകുന്നില്ല. കേരളത്തിനിത് ജീവന്മരണ പ്രശ്നമാണ്. ഏകദേശം മുപ്പത്തിയഞ്ച് ലക്ഷം ജനങ്ങളുടെ ജീവനും സ്വത്തും അപകടത്തിലാവുന്ന പ്രശ്നം. എന്നാൽ തമിഴ്നാടിന് അങ്ങനെയല്ല. അവർക്ക് ജലത്തിന്റെ മാത്രം പ്രശ്നമാണിത്. കേരളത്തിന് സുരക്ഷ തമിഴ്നാടിന് വെള്ളം എന്നതാണ് കാലങ്ങളായി ഈ വിഷയത്തിൽ കേരളത്തിന്റെ നിലപാട്. തത്വാധിഷ്ഠിതമായ ഈ നിലപാടിൽ തന്നെ ചരിത്രപരമായ ഒരു വിട്ടുവീഴ്ചയ്ക്കാണ് കേരളം തയ്യാറായത്.

ദക്ഷിണ മേഖലാ കൗൺസിൽ യോഗത്തിനു ശേഷം മുല്ലപ്പെരിയാർ അണക്കെട്ട് പ്രശ്നം അവലോകനം ചെയ്യുന്നതിനായി പാർലമെന്ററി ജലവിഭവ സ്റ്റാൻഡിങ് കമ്മിറ്റി കഴിഞ്ഞ ദിവസം ഇടുക്കിയിൽ ഔദ്യോഗിക യോഗം ചേർന്നു. കേരളത്തിന്റെയും തമിഴ്നാടിന്റെയും ന്യായമായ ആവശ്യങ്ങളും ആശങ്കകളും പാനൽ ഒരുപോലെ പരിഗണിക്കുമെന്ന് കമ്മിറ്റി ചെയർമാനും ലോക്സഭാ എംപിയുമായ രാജീവ് പ്രതാപ് റൂഡി നൽകിയ ഉറപ്പ് എന്തായാലും കേരളത്തിന്റെ പ്രതീക്ഷകൾക്കു ശക്തി പകർന്നില്ല. തികച്ചും നയതന്ത്ര പ്രസ്താവനയായിരുന്നു റൂഡിയുടേത്. 'ചർച്ചകൾ പ്രധാനമായും ഇരട്ട അജണ്ടയെ ചുറ്റിപ്പറ്റിയായിരുന്നു'വെന്ന് റൂഡി പറഞ്ഞു. കമ്മിറ്റി രണ്ട് നിർണായക വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു: ദീർഘകാലമായി നിലനിൽക്കുന്ന തർക്കം പരിഹരിക്കുന്നതിനുള്ള സന്തുലിത സമീപനത്തിന് ഊന്നൽ നൽകിക്കൊണ്ട് അണക്കെട്ടിന്റെ സമ്പൂർണ്ണ സുരക്ഷയും ജലലഭ്യതയും ഉറപ്പാക്കും. ശുപാർശകൾ സമർപ്പിക്കുന്നതിന് മുമ്പ് ഇരു സംസ്ഥാനങ്ങളും അവതരിപ്പിച്ച സങ്കേതികവും നിയമപരവുമായ വാദങ്ങൾ പാനൽ സമഗ്രമായി വിലയിരുത്തുമെന്നും റൂഡി കൂട്ടിച്ചേർത്തു.

വർഷങ്ങളായി പ്രകൃതിക്ഷോഭങ്ങളും വെള്ളപ്പൊക്കവും ഒക്കെ ഉണ്ടാകുമ്പോൾ ഉയർന്നു വരികയും അതു തീരുമ്പോൾ കെട്ടടങ്ങുകയും ചെയ്യുന്ന കീറാമുട്ടി വിഷയമാണ് കേരളത്തെ സംബന്ധിച്ച് മുല്ലപ്പെരിയാർ. ഇതിനൊരു പരിഹാരം ഉണ്ടാകേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകം തന്നെ. പുതിയ ഡാം നിർമ്മിക്കാൻ അനുവദിക്കില്ലെന്ന് മാത്രമല്ല ഇപ്പോഴുള്ള ഡാമിലെ ജലനിരപ്പ് 152 അടിയായി ഉയർത്തണമെന്നും തമിഴ്നാട് ആവശ്യപ്പെട്ടിരിക്കുന്നത് കേരളത്തിലെ ജനങ്ങളുടെ ജീവൻ വച്ച് പന്താടുന്നതിന് തുല്യമാണ്. ശാശ്വതമായി നീട്ടികൊണ്ടു പോകാൻ പറ്റുന്ന ഒരു പ്രശ്നമല്ലിത്. അരുതാത്തതൊന്നും സംഭവിക്കില്ല എന്ന് കരുതുന്നതിനും ഒരു പരിധിയുണ്ടെന്ന് കേരള ജനത വിശ്വസിക്കുന്നു. അതേസമയം, പുതിയ ഡാം നിർമ്മിക്കാൻ കേരളത്തിന് അനുവാദം ലഭിച്ചാൽ പഴയ കരാർ ഇല്ലാതാകുമെന്നും ഭാവിയിൽ തമിഴ്നാടിന് വെള്ളം കിട്ടാതാവുമെന്നും ഈ വെള്ളം കൊണ്ട് കൃഷി ചെയ്തു ജീവിക്കുന്ന തമിഴ്നാട്ടിലെ നാലഞ്ച് ജില്ലകളിലെ ജനങ്ങൾ ഒന്നടങ്കം കരുതുന്നു. അതു തന്നെയാവും തമിഴ്നാടിന്റെ വിട്ടുവീഴ്ചയില്ലാത്ത നിലപാടിന് പിന്നിൽ.





തമിഴ്നാട് പറയുന്ന ന്യായം വളരെ വിചിത്രമാണ്. നിലവിലുള്ള അണക്കെട്ട് പൂർണമായും സുരക്ഷിതമായതിനാൽ പുതിയ ഒന്ന് ആവശ്യമില്ലെന്നാണ് തമിഴ്നാടിന്റെ വാദം. മേജർ ജോൺ പെനിക്വിക്ക് എന്ന ബ്രിട്ടീഷ് എൻജിനിയറുടെ നേതൃത്വത്തിൽ ഡാമിന്റെ നിർമ്മാണം പൂർത്തിയാക്കിയത് 1895 ലാണ്. കരിങ്കല്ലും സുർക്കിയും ചേർത്ത് നിർമ്മിക്കുന്ന സമയത്ത് അമ്പത് വർഷമാണ് അണക്കെട്ടിന് ആയുസായി കണക്കാക്കിയിരുന്നത്. ആ കണക്കിൽ ആയുസിന്റെ മൂന്നിരട്ടി സമയം പിന്നിടാൻ ഇനി അധികം വർഷങ്ങളില്ല. ഡാമിന് കാര്യമായ ചോർച്ച ഉണ്ടെന്നുള്ളത് വിദഗ്ദ്ധർ വരെ പരിശോധനയിൽ സമ്മതിച്ചിട്ടുള്ളതുമാണ്. അതിനാൽ ഒരു പുതിയ ഡാം വേണമെന്നുള്ള കേരളത്തിന്റെ ആവശ്യം തികച്ചും ന്യായമാണെന്നറിയാമെങ്കിലും പല കാരണങ്ങളാൽ അക്കാര്യം അതേപടി തുറന്നു പറയാൻ സുപ്രീം കോടതിക്കും കേന്ദ്ര സർക്കാരിനും കഴിയാത്ത സാഹചര്യമാണുള്ളത്. നിലവിൽ ദേശീയ ഡാം സുരക്ഷ അതോറിറ്റിയും കേന്ദ്ര ജലകമ്മിഷനുമാണ് ഡാമുമായി ബന്ധപ്പെട്ട നിർണായക തീരുമാനങ്ങൾ എടുക്കുന്നത്. സുപ്രീം കോടതി നിയോഗിച്ച മേൽനോട്ട സമിതികൾ മൂന്ന് മാസത്തിലൊരിക്കൽ പരിശോധന നടത്തുന്നുണ്ട്.

## നിയമക്കുരുക്കുകൾ

സങ്കീർണമായ നിയമപ്രശ്നങ്ങൾ ഉൾപ്പെട്ടതാണ് മുല്ലപ്പെരിയാർ തർക്കം. സുപ്രീം കോടതിയുടെയും കേന്ദ്ര ജലവിഭവ കമ്മിഷന്റെയും മറ്റും പരിഗണനയിലുള്ള വിഷയമായതിനാൽ ഇത് ആ നിയമത്തിന് അനുരോധമായേ പരിഹരിക്കാനാവൂ. അതല്ലാതെ ഇതിന്റെ പേരിൽ ജനങ്ങളെ പ്രക്ഷോഭരംഗത്തിറക്കുന്ന രീതി ഒരു കക്ഷിക്കും ഗുണകരമാകില്ല. പ്രശ്നം പരിഹരിക്കുന്നത് സങ്കീർണമാക്കാനും അപരിഹാര്യമായി തുടരാനുമേ അതിടയാക്കൂ. ഇതിനേക്കാൾ വലിയ പ്രശ്നങ്ങൾ സമന്വയത്തിലൂടെ സ്വതന്ത്ര ഇന്ത്യ പരിഹരിച്ചിട്ടുണ്ടെന്നത് മറക്കാനാകില്ല. മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കുന്നതിനും ആ വഴി തന്നെ പിന്തുടരുകയാകും ഉചിതമെന്ന അഭിപ്രായമാണ് നിയമജ്ഞരും പരിണത പ്രജ്ഞരായ രാഷ്ട്രീയ നേതാക്കളും പങ്കുവയ്ക്കുന്നത്. വാജ്പേയ് സർക്കാരിന്റെ കാലത്ത് കവേരി നദീജലം പങ്കിടുന്നത് സംബന്ധിച്ച് കർണാടകയും തമിഴ്നാടും തമ്മിലുണ്ടായ സംഘർഷം അന്നത്തെ കേന്ദ്രമന്ത്രി ജസ്വന്ത് സിങ് മുൻകയ്യെടുത്താണ് പരിഹരിച്ചത്.

മുല്ലപ്പെരിയാറിൽ കേരളത്തിന് നിരന്തരം തിരിച്ചടിയുണ്ടാവാൻ കാരണം സംസ്ഥാനം ഭരിച്ചവർ തന്നെയാണെന്ന ആരോപണം ഇതിനിടെ ബലപ്പെട്ടു വരുന്നുണ്ട്. അണക്കെട്ടിന്റെ ഉടമസ്ഥത സംബന്ധിച്ചും, ജലനിരപ്പ് എത്രയാവണം എന്നതു സംബന്ധിച്ചുമുള്ള കേസുകളിൽ മാറി മാറി വന്ന സർക്കാരുകൾ ഗുരുതര അനാസ്ഥയാണ് കാണിച്ചതത്രേ. അതേസമയം തമിഴ്നാട്ടിലെ സർക്കാരുകൾ രാഷ്ട്രീയ ഭേദം മറന്ന് ഇക്കാര്യത്തിൽ ഒരേ നിലപാട് സ്വീകരിക്കുകയും ചെയ്തു. ബ്രിട്ടീഷുകാരുടെ കാലത്ത് ഒപ്പുവച്ച മുല്ലപ്പെരിയാർ പാട്ടക്കരാർ കാലാവധി കഴിഞ്ഞിട്ടും തമിഴ്നാടിന് അനുകൂലമായി പുതുക്കി നൽകിയത് സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. രാഷ്ട്രീയ താൽപ്പര്യം മുൻനിർത്തി എടുത്ത ഈ തീരുമാനം കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം മരണ വാറണ്ടായി. കേരളത്തിലെ ഭരണാധികാരികൾക്ക് ബോധോദയം ഉണ്ടായപ്പോഴേക്കും സമയം വൈകിപ്പോയി.

ബ്രിട്ടിഷ് ഭരണകാലത്ത് 1887നും 1895നും ഇടയിലാണ് മുല്ലപ്പെരിയാർ ഡാം നിർമിക്കുന്നത്. 1895 ൽ ഡാമിന്റെ പ്രവർത്തനം ആരംഭിച്ചു. സുരക്ഷ ആശങ്കകളെ തുടർന്ന് 1979 ൽ കേന്ദ്ര ജലകമ്മീഷൻ അധ്യക്ഷനായിരുന്ന കെ.സി തോമസിന്റെ നേതൃത്വത്തിലുള്ള ചർച്ചയെ തുടർന്ന് ജലനിരപ്പ് 152 അടിയിൽനിന്ന് 136 അടിയാക്കി. കൂടുതൽ ഉയരം തേടി 2006 ൽ തമിഴ്നാട് സുപ്രീം കോടതിയിൽ ഹർജി നൽകി. തമിഴ്നാടിന് 142 അടിവരെ ജലനിരപ്പ് ഉയർത്താമെന്ന ഉത്തരവു കിട്ടി. ഇതേ തുടർന്ന് 2006 ൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 ഭേദഗതി ചെയ്ത് മുല്ലപ്പെരിയാറിനെ സുരക്ഷ ഭീഷണി നേരിടുന്ന അണക്കെട്ടായി പ്രഖ്യാപിച്ചു. 136 അടിയായി ജലനിരപ്പ് പരിമിതപ്പെടുത്തി. പിറ്റേവർഷം പുതിയ ഡാം നിർമിക്കാനുള്ള നടപടികൾക്ക് കേരള സർക്കാർ തുടക്കം കുറിച്ചു. ഈ നീക്കത്തിനെതിരെ തമിഴ്നാട് വീണ്ടും സുപ്രീംകോടതിയെ സമീപിച്ചു. 2010 ൽ ഡാം സുരക്ഷയെ കുറിച്ച് പഠിക്കാൻ സുപ്രീം കോടതി ഒരു സമിതിയെ നിയമിച്ചു. 2012 ൽ ഡാം സുരക്ഷിതമാണെന്ന് സമിതി റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ കേരളം കേന്ദ്ര ഇടപെടൽ തേടി.

പുതിയ ഡാം വേണമെന്ന ആവശ്യം കേന്ദ്രത്തോട് കേരളം ഉന്നയിച്ചു. പക്ഷേ കനത്ത തിരിച്ചടിയാണ് പിന്നീട് കേരളത്തിനുണ്ടായത്. 2014 ൽ കേസിൽ വീണ്ടും ഇടപെട്ട സുപ്രീം കോടതി കേരളം പാസ്സാക്കിയ 2006ലെ കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട് റദ്ദാക്കി. തമിഴ്നാടിന് ഡാം ബലപ്പെടുത്തി ജലനിരപ്പ് ഉയർത്താമെന്ന് വീണ്ടും ഉത്തരവിട്ടു. ഡാം കൂടുതൽ ബലപ്പെടുത്തി സുരക്ഷ ഉറപ്പാക്കിയാൽ 152 അടിവരെയും ജലനിരപ്പ് ഉയർത്താമെന്നും കോടതി അറിയിച്ചു. ഡാം സുരക്ഷ പരിശോധിക്കാൻ മറ്റൊരു സമിതിയെയും നിയമിച്ചു. 2021 ൽ ജലനിരപ്പ് 136 അടിയാക്കണമെന്ന് കേരളം കോടതിയോട് ആവശ്യപ്പെട്ടു. എന്നാൽ നിലപാട് മാറ്റാൻ അന്നും തമിഴ്നാട് തയാറായില്ല.

മുല്ലപ്പെരിയാർ അണക്കെട്ട് കാലഹരണപ്പെട്ടതാണെന്ന് ആദ്യം അംഗീകരിക്കേണ്ടതുണ്ട്. അണക്കെട്ടിലെ വിള്ളലുകളും ചോർച്ചയും പലപ്പോഴും വാർത്തയായിട്ടുള്ളതാണ്. ഇടയ്ക്കിടെ നടത്തുന്ന 'ബലപ്പെടുത്തലുകൾ' അണക്കെട്ടിന്റെ ആയുസ്സ് വർദ്ധിപ്പിക്കുമെന്ന് വിവരമുള്ള ആരും പറയുന്നില്ല. ഇക്കാര്യങ്ങൾ കോടതിയെ ധരിപ്പിക്കേണ്ട ഉത്തരവാദിത്വം കേരളത്തിനാണ്. ഈ ഉത്തരവാദിത്വം യഥാവിധി നിറവേറ്റപ്പെട്ടില്ല. മാത്രമല്ല, മുല്ലപ്പെരിയാർ അണക്കെട്ട് പൊട്ടിയാൽ ഇടുക്കി അണക്കെട്ട് തടഞ്ഞുകൊള്ളും എന്ന അടിസ്ഥാനമില്ലാത്ത വാദഗതിയെ ശക്തമായി എതിർക്കുന്നതിലും കേരളം പരാജയപ്പെട്ടു. അണക്കെട്ടിനുമേലുള്ള അവകാശം സംബന്ധിച്ച് കേരളം കോടതിയിൽ അവതരിപ്പിക്കാൻ പോകുന്ന വാദമുഖങ്ങൾ അപ്പപ്പോൾ തമിഴ്നാട് സർക്കാരിന് ചോർന്നുകിട്ടിയെന്നും പറയപ്പെടുന്നുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രിമാരായി പ്രവർത്തിച്ച തമിഴ്നാട്ടിൽ നിന്നുള്ളവരെ കേരളം അന്ധമായി വിശ്വസിക്കുകയും ചെയ്തു.

തമിഴ്നാടിന്റെ അവകാശവാദങ്ങൾ കേരളം അംഗീകരിക്കാൻ പാടില്ലായിരുന്നു. മുല്ലപ്പെരിയാറിലെ ജലബോംബ് നിർവീര്യമാക്കിയേ മതിയാവൂ. അണക്കെട്ടിന് 127 വർഷം പഴക്കമുണ്ട്. എന്ത് ശാസ്ത്രീയമായ നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ അണക്കെട്ട് പൊട്ടില്ലെന്ന് പറയുന്നതെന്ന കാര്യം ഇനിയും വ്യക്തമല്ല. ഓരോ മഴക്കാലത്തും അണക്കെട്ട് നിറഞ്ഞുകവിയുന്നു. മഹാദുരന്തം സംഭവിക്കാനുള്ള സാധ്യത എപ്പോഴുമുണ്ട്. അങ്ങനെ സംഭവിച്ചാൽ അഞ്ച് ജില്ലകളിലെ ജനങ്ങൾ ഒലിച്ചുപോകും. ഇത് മുൻകൂട്ടി കണ്ട് ഒഴിവാക്കേണ്ട ഉത്തരവാദിത്വം, ഭരിക്കുന്നത് ആരായാലും കേരളത്തിലെ സർക്കാരിനുണ്ട്. തമിഴ്നാടിന്റെ പ്രശ്നം കൃഷിയാണ്. വെള്ളം കിട്ടിയില്ലെങ്കിൽ രണ്ട് ജില്ലകളിലെ കൃഷി നശിക്കുമത്രേ. ഇതിനുവേണ്ടി കേരളത്തിലെ ലക്ഷക്കണക്കിനാളുകളുടെ ജീവൻ ബലിനൽകണമെന്ന വാദം നിരർത്ഥകമെന്ന് സുപ്രീം കോടതി എന്ന് ചൂണ്ടിക്കാട്ടുമെന്നറിയാൻ കേരളം കാത്തിരിപ്പു തുടരുന്നു.



# ഇത് അവസാനത്തിന്റെ ആരംഭമോ?

കണ്ണൂരിൽമണ്ണിടിഞ്ഞതിൽ മനംനൊന്ത് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ മാധ്യമങ്ങൾക്ക് മുന്നിൽ വന്ന് സർക്കാരിനോട് വികാരാധീനനായി പറയുന്നു, അതീവ ജാഗ്രത വേണമെന്ന്. തികച്ചും ന്യായമായ ഒരു ആവശ്യമാണ് അത്. സ്വന്തം പ്രസ്ഥാനത്തിൽ നടക്കുന്ന മടവീഴ്ച അറിയാതെയാണോ പഴയ പാർട്ടി സെക്രട്ടറിയുടെ ഈ ആവശ്യം.

ഒരു പ്രസ്ഥാനം വളരുന്ന ഘട്ടത്തിൽ അതിന്റെ ക്യാപ്ടനായി പുതുകാലത്ത് നിലകൊണ്ട ഒരാൾ പറയുന്ന ഈ വാക്കുകൾ വളരെ വലുതാണ്. ഇത്തരം വ്യാധികൾ അലട്ടുന്ന ഒരാൾ എന്ന നിലയിൽ പിണറായി വിജയൻ എന്ന നേതാവിനെ ആഗ്രഹിക്കുന്നവർ നിരവധിയാണ്. എന്നാൽ,സ്വന്തം ഘടകകക്ഷിയെ തോളിൽ ചേർത്തുനിർത്താൻ കഴിയുന്നില്ലെങ്കിൽ ആ നേതൃത്വത്തിന് എന്താണ് പ്രസക്തി ?

തൊട്ടരികിൽ സ്വന്തം കൂട്ടുകാരനെ ഇരുത്താൻ മനസ്സില്ലാത്ത ഒരു മനുഷ്യൻ എന്ന നിലയിൽ സി.പി.എമ്മിന്റ പരമോന്നതനേതാവിനെഅവർകാണുന്നുവെങ്കിൽ അത് അർത്ഥം ഒരു കമ്മ്യൂണിസ്റ്റ് ഏകാധിപതി അവർക്കു മുന്നിൽ നിൽക്കുന്നു എന്നു തന്നെയാണ്.

കമ്മ്യൂണിസത്തിന്റെ പേരിൽ അധികാരത്തിൽ ഏറുകയും ഏകാധിപതികളായി മാറുകയും ചെയ്ത ആളുകൾ ലോക ചരിത്രത്തിൽ നമുക്കു മുന്നിൽ നിലകൊള്ളുകയാണ്. അപ്പോഴാണ് കേവലം ഒരു രാജ്യത്തിലെ ഒരു തുണ്ട് ഭൂമിയിൽ മാത്രം അസ്ഥിത്വമുള്ള ഒരു പ്രസ്ഥാനത്തിന്റെ അമരക്കാരൻ ഇവിടെ ഏകാധിപതി കളിക്കുന്നത്.ഇത്തരക്കാർ എന്നും ചരിത്രത്തിൽ ഉണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം അതാണ് പറയുന്നത്.

ചരിത്രത്തിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പേരിൽ അധികാരത്തിൽ വരികയും ഏകാധിപത്യ ഭരണം കാഴ്ചവെക്കുകയും ചെയ്ത പ്രധാന നേതാക്കൾ നിരവധിയാണ്. ജോസഫ് സ്റ്റാലിൻ സോവിയറ്റ് യൂണിയന്റെ (യൂഎസ്എസ്ആർ) ഭരണാധികാരിയായിരുന്നു. കടുത്ത അടിച്ചമർത്തലുകളിലൂടെയും രാഷ്ട്രീയ ശുദ്ധീകരണങ്ങളിലൂടെയും അദ്ദേഹം രാജ്യം നിയന്ത്രിച്ചു. മാവോ സേതുങ് - പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ സ്ഥാപകനും ആദ്യകാല ഭരണാധികാരിയുമായിരുന്നു. അദ്ദേഹം നടപ്പാക്കിയ 'ഗ്രേറ്റ് ലീപ് ഫോർവേഡ്', 'കൾച്ചറൽ റെവല്യൂഷൻ' തുടങ്ങിയ നയങ്ങൾ വലിയ തോതിലുള്ള മനുഷ്യനാശത്തിനും പട്ടിണിക്കും കാരണമായി. പോൾ പോട്ട് കംബോഡിയയിലെ ഖെമർ റൂഷ് ഭരണകൂടത്തിന്റെ നേതാവായിരുന്നു.



രാജ്യത്ത് നടത്തിയ കടുത്ത നവീകരണങ്ങളുടെയും കൂട്ടക്കൊലകളുടെയും പേരിൽ കുപ്രസിദ്ധനായി. ഇമ്മാതിരി കുപ്രസിദ്ധി നേടി കാല യവനികയിൽ മറയാനാണ് പിണറായി വിജയന്റെയും മോഹമെന്ന് നമുക്ക് കരുതാം.

### വെറുതെ ഒരു തർക്കം

ഇപ്പോൾ നമുക്ക് ആവശ്യം ചെറിയ സംസ്ഥാനത്തെ പ്രതിപക്ഷ ഉപ നേതാവിന്റെ പദവിയെ ചൊല്ലിയുള്ള ചെറിയ കാര്യമല്ല. ആഴ്ചകൾക്ക് മുൻപ് പ്രതിപക്ഷ ഉപനേതാവ് സ്ഥാനം സംബന്ധിച്ച് പരസ്യ പ്രതികരണം വേണ്ടെന്ന് സി.പി.എം നേതാക്കൾക്ക് നിർദേശം പാർട്ടി നൽകിയിരുന്നു. ഇക്കാര്യത്തിൽ സി.പി.ഐ എന്ന കൊച്ചനുന്റെ കരച്ചിൽ കേൾക്കണ്ട എന്നായിരുന്നു ഏട്ടന്റെ തീരുമാനം. ഇതൊരു രാഷ്ട്രീയ വിവാദം ആകുമെന്ന് ദയന്നിട്ടാവാം സി.പി.ഐയെ കൂടുതൽ പ്രകോപിപ്പിക്കേണ്ടതില്ലെന്നാണ് സ.ിപി.എം തീരുമാനിച്ചത്.

പ്രതിപക്ഷ നേതാവ് പിണറായി വിജയനെതിരായ സി.പി.ഐ സംസ്ഥാനസെക്രട്ടറിബിനോയ്വിശ്വത്തിന്റെപ്രതികരണത്തിൽ മറുപടി പറയേണ്ടതില്ലെന്ന് സി.പി.എം തീരുമാനം വന്നു.

സി.പി.ഐ നേതാവ് ബിനോയ് വിശ്വത്തിന്റെ പ്രതികരണത്തിൽ സി.പി.എമ്മിന് അതൃപ്തിയുണ്ടായി. എന്നാൽ പാർട്ടി മറുപടി പറയേണ്ടതില്ലെന്നും എന്തെങ്കിലും പറയാനുണ്ടെങ്കിൽ പിണറായി വിജയൻ തന്നെ മറുപടി പറയട്ടെയെന്നുമാണ് സി.പി.എം നിലപാട്. അനുനയ നീക്കത്തിലേക്കും സി.പി.എം കടക്കില്ലത്രേ ! വിഷയം അടുത്ത സി.പി.എം സെക്രട്ടേറിയറ്റ് ചർച്ച ചെയ്യും. ഓണക്കാലമായതിനാൽ പതിവ് സെക്രട്ടറിയറ്റ് ഒഴിവാക്കി പ്രശ്ന പരിഹാരത്തിന് സമയമുണ്ടെന്നാണ് വിലയിരുത്തൽ.

എന്നാൽ കേവലം ഒരു പ്രതിപക്ഷ ഉപ നേതാവ് പദവിയുടെ പേരിൽ കമ്മ്യൂണിസ്റ്റ് സ്ഥാനത്തിന്റെ അതിശക്തനായ നേതാവ് നടത്തുന്ന ബാലിശമായ നിലപാടുകൾ കേരള ജനതയെ അമ്പരപ്പിക്കുകയാണ്.

പ്രതിപക്ഷഉപനേതാവ്സ്ഥാനംസി.പി.എമ്മിനാണെന്നും ഉപനേതാവിന്റെ പേരുള്ള കത്ത് സ്പീക്കർക്ക് വൈകാതെ കൈമാറുമെന്നുമായിരുന്നു പിണറായി വിജയൻ പറഞ്ഞത്. പിന്നാലെ അത്തരമൊരു പ്രസ്താവന പിണറായി വിജയൻ നടത്തിയെങ്കിൽ അത് അദ്ദേഹത്തിന്റെ പദവിക്കും രാഷ്ട്രീയ പക്വതയ്ക്കും നിരക്കാത്ത പ്രസ്താവനയാണെന്ന് ബിനോയ് വിശ്വം മറുപടി പറഞ്ഞതോടെ മുന്നണിയിൽ പ്രതിസന്ധി ഉടലെടുക്കുകയായിരുന്നു. എന്നാൽ പ്രതിപക്ഷ ഉപനേതാവ് പദവിയിൽ കടുത്ത നിലപാടിലേക്ക് സി.പി.ഐ കടന്നേക്കും. പ്രതിപക്ഷ ഉപനേതൃ പദവിയിൽ സി.പി.ഐ കടുത്ത പ്രതിസന്ധിയിലായിരിക്കുകയാണ്. പിണറായി വിജയൻ നിലപാട് കടുപ്പിച്ചതോടെ ഇനിയെന്ത് ചെയ്യുമെന്നതിൽ സി.പി.ഐയിൽ ആശയക്കുഴപ്പം ശക്തമാകുകയാണ്.

പദവി സി.പി.ഐക്ക് നൽകില്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ വ്യക്തമാക്കിയതോടെയാണ് വിയോജിപ്പും ശക്തമാക്കി സി.പി.ഐയും രംഗത്ത് വന്നത്. അതിനാൽ പാർട്ടിയുടെ അഭിമാനത്തെ ചോദ്യം ചെയ്യാൻ ആർക്കും അധികാരമില്ലെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം രൂക്ഷമായി പ്രതികരിച്ചിരുന്നു. എൽ.ഡി.എഫ് യോഗങ്ങളിൽ പങ്കെടുക്കുമെങ്കിലും എൽ.ഡി.എഫ് പാർലമെന്ററി പാർട്ടി യോഗങ്ങളുമായി സഹകരിക്കേണ്ടതില്ലെന്നാണ് സി.പി.ഐയുടെ തീരുമാനം.

അതേസമയം, ദേശീയ നേതൃത്വത്തെ വീണ്ടും സമീപിക്കാനാണ് ആലോചന. വിഷയത്തിൽ വിട്ടുവീഴ്ചയ്ക്കില്ലെന്ന നിലപാടിലാണ് ഇരുപാർട്ടികളുടെയും സംസ്ഥാന നേതൃത്വങ്ങൾ. സെപ്തംബർ ഒന്നിന് ഡൽഹിയിൽ കേന്ദ്ര സർക്കാരിനെതിരേ സി.പി.ഐ സംഘടിപ്പിക്കുന്ന സമരത്തിന് ശേഷം കൂടുതൽ തീരുമാനങ്ങളുണ്ടാകും.

### സി.പി.ഐ പറയുന്നു:

പാരമ്പര്യമാണ് സി.പി.ഐയുടേത്. അതിന്റെ ശ്രദ്ധേയമായ അധ്യായങ്ങളിലൊന്നാണ് സഖാവ് സി. അച്യുതമേനോന്റെ കാലഘട്ടം. 1969 നവംബർ മുതൽ 1970 ഓഗസ്റ്റ് വരെയും 1970 ഒക്ടോബർ മുതൽ 1977 മാർച്ച് വരെയും അദ്ദേഹം കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു.

കേരള ചരിത്രത്തിൽ കാലാവധി പൂർത്തിയാക്കിയ ആദ്യ മുഖ്യമന്ത്രിയും തുടർച്ചയായി രണ്ട് തവണ മുഖ്യമന്ത്രിയായ ആദ്യ വ്യക്തിയും സി.പി.ഐ നേതാവ് സഖാവ് സി. അച്യുതമേനോനായിരുന്നു. ഭരണപക്ഷം അടുത്ത തെരഞ്ഞെടുപ്പിൽ പ്രതിപക്ഷമാകുന്ന പതിവിനെ മറികടന്ന അപൂർവമായ ചരിത്രത്തിനും അദ്ദേഹം സാക്ഷിയായി. അന്നൊന്നും സി.പി.ഐ, സി.പി.എമ്മിന്റെ കൂടെയായിരുന്നില്ല.

പിന്നീട് സഖാവ് പി.കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിൽ, വിശാലമായ ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപപ്പെടേണ്ട സാഹചര്യം വന്നപ്പോൾ, അധികാരത്തിന്റെ കണക്കുപുസ്തകം തുറന്നുവെക്കാതെ മുഖ്യമന്ത്രി പദം കൈവശം വെക്കാനുള്ള അവസരത്തേക്കാൾ ഇടതുപക്ഷത്തിന്റെ വിശാലമായ രാഷ്ട്രീയ ഐക്യത്തിനാണ് സി.പി.ഐ മുൻതൂക്കം നൽകിയത്. പി.കെ.വി 1979 ഒക്ടോബറിൽ മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചതും ഇടതുപക്ഷ ഐക്യത്തിനുള്ള രാഷ്ട്രീയ പുനഃസംഘടനയുടെ പശ്ചാത്തലത്തിലായിരുന്നു.

സ്വന്തം രാഷ്ട്രീയ ശക്തിക്ക് ലഭിക്കാവുന്ന അധികാര പങ്കുപോലും മാറ്റിവെച്ച് വിശാലമായ ഇടതുപക്ഷ ഐക്യത്തിന് വഴിയൊരുക്കിയ ആ സമീപനത്തെ വെറും രാഷ്ട്രീയ 'വിട്ടുവീഴ്ച'യായി ചുരുക്കാനാകില്ല. അധികാരത്തെ എങ്ങനെ കാണുന്നു എന്നതിന്റെ രാഷ്ട്രീയ പ്രഖ്യാപനമായിരുന്നു അത്.

അധികാരം ലഭിക്കുമ്പോൾ അത് നിലനിർത്താൻ ശ്രമിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ അധികാരത്തേക്കാൾ വലിയൊരു രാഷ്ട്രീയ ലക്ഷ്യം മുന്നിൽ വരുമ്പോൾ സ്വന്തം സ്ഥാനവും അവകാശവാദവും മാറ്റിവയ്ക്കാൻ തയ്യാറാകുന്നതിലാണ് ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ മഹത്വം. ഇടതുപക്ഷ ഐക്യത്തിനും ജനാധിപത്യ രാഷ്ട്രീയത്തിന്റെ വിശാലമായ മുന്നേറ്റത്തിനുമായി അധികാരത്തോട് വിട്ടുവീഴ്ച ചെയ്യാൻ തയ്യാറായ സി.പി.ഐയുടെ ചരിത്രം അതുകൊണ്ടുതന്നെ രാഷ്ട്രീയ ത്യാഗത്തിന്റെ ചരിത്രം കൂടിയാണ്.

ഈ ചരിത്ര ഘട്ടത്തിൽ ചിന്തിക്കേണ്ടത് പിണറായി വിജയന്റെ ഭാവിയെക്കുറിച്ചല്ല;

സാക്ഷാൽ ഇ.എം.എസ്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉത്ഭവവും വളർച്ചയും എന്ന ചരിത്ര രേഖയിൽ പറയും പോലെ, പിണറായി സമ്മേളനം എന്നറിയപ്പെടുന്ന ഒന്നുണ്ടായിരുന്നു. 1939 അവസാനത്തോടെ അർദ്ധനിയമവിരുദ്ധാവസ്ഥയിൽ ചേർന്ന ആ സമ്മേളനത്തിൽ സി.പി.ഐയുടെ കേരള ഘടകം ആവിർഭവിച്ച കഥയാണത്. അതാണ് പിന്നീട് ഇന്ന് കാണുന്ന സി.പി.ഐ (എം) എന്ന പ്രസ്ഥാനമായി വളർന്നത്.

പിണറായിയിലെ പാറപ്പുറത്ത് തുടങ്ങി വളർന്നു പന്തലിച്ച ആ പ്രസ്ഥാനം ആ പേരുകാരന്റെ പേരിൽത്തന്നെ ഇല്ലാതാവുന്നത് കണേണ്ടി വരുമോ. അങ്ങനെ ചിന്തിക്കുന്നവരാണ് യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ. ആചാര്യന്മാർ അങ്ങനെ ചിന്തിക്കുന്നില്ലെങ്കിലും !

◗ *പ്രിജിത്ത് രാജ്*






# മുടവൻമുകളിലെ കുസൃതിക്കണ്ണൻ



CELEBRATING 48 MOHANLAL YEARS
വിസ്മയനടനം 01
ജോഷി ജോർജ്

**അപ്പൂപ്പൻ വേഷത്തിൽ ആദ്യമായി ക്യാമറയ്ക്കും ജനങ്ങൾക്കും മുന്നിലെത്തിയ ഒരു ആറാം ക്ലാസ്സുകാരൻ! മോഹൻലാൽ എന്ന നടന്റെ ബാല്യകാല കുസൃതികളിലേക്കും ആദ്യ അരങ്ങേറ്റത്തിലേക്കും ഒരു കണ്ണോട്ടം...**



ജോഷി ജോർജ്

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമത്തിലുള്ള മനപ്പാടത്ത് മേമുറിയിലാണ് മോഹൻലാൽ ജനിച്ചത്. പിതാവ് വിശ്വനാഥൻ നായർ സർക്കാർ ലോ സെക്രട്ടറിയായിരുന്നു. ജോലിസംബന്ധമായ കാരണങ്ങളാൽ തിരുവനന്തപുരത്ത് പൂജപ്പുരയിലെ മുടവൻമുകളിലായിരുന്നു കുടുംബത്തിന്റെ താമസം. ചെറുപ്രായത്തിൽ ലാൽ തികച്ചും അന്തർമുഖനായിരുന്നു; അധികമൊന്നും സംസാരിക്കില്ല. എങ്കിലും എപ്പോഴും എന്തെങ്കിലും വേലത്തരങ്ങൾ ഒപ്പിച്ചുകൊണ്ടിരിക്കും. ചുറ്റുമുള്ള എല്ലാ കാര്യങ്ങളെയും സൂക്ഷ്മമായി നിരീക്ഷിക്കാനുള്ള ഒരു പ്രത്യേക പാടവം അന്നേ അവനിൽ പ്രകടമായിരുന്നു.

മുറ്റത്തു വന്നിരിക്കുന്ന കാക്കകളെയും കൗശലത്തോടെ പതുങ്ങിയിരുന്ന് ഇരപിടിക്കുന്ന പൂച്ചകളെയും പറമ്പിലൂടെ ഓടിക്കളിക്കുന്ന പശുക്കുട്ടികളെയുമെല്ലാം അവൻ കൗതുകത്തോടെ വീക്ഷിച്ചു. അവയുടെ നേരിയ ചലനങ്ങൾ പോലും മനസ്സിൽ പതിപ്പിച്ചുവെക്കുകയും പിന്നീട് അവയെ അതേപടി അനുകരിച്ചു കാണിക്കുകയും ചെയ്യുമായിരുന്നു. ആരെയെങ്കിലും അനുകരിച്ചു കാണിക്കാമോ എന്ന് ചോദിച്ചാൽ, ലാൽ അത് അപ്പടി തന്മയത്വത്തോടെ ചെയ്തു കാണിക്കും.

മോഹൻലാലിന്റെ അമ്മ ശാന്താദേവിക്ക് ഒരു പെൺകുഞ്ഞ് വേണമെന്നത് വലിയ ആഗ്രഹമായിരുന്നു. അതുകൊണ്ടുതന്നെ, ബാല്യത്തിൽ ഒരു പെൺകുട്ടിയെപ്പോലെയാണ് അവർ ലാലിനെ വളർത്തിയത്. ചെറുപ്പത്തിൽ നല്ല തുടുതുടുത്ത ശരീരപ്രകൃതമായിരുന്നു അവന്റേത്. ഇടതൂർന്ന മുടി നീട്ടിവളർത്തി, കൈകളിൽ കരിവളയണിയിച്ച്, കണ്ണെഴുതി പൊട്ടും കുത്തിച്ച് നടത്തുമായിരുന്നു അമ്മ. ഏവരുടെയും മനംകവരുന്ന രീതിയിലുള്ള വശ്യമായ ചിരിയും പെരുമാറ്റവും അന്നേ മോഹൻലാലിന് വശമായിരുന്നു. ശാന്താദേവി നന്നായി പാടുമായിരുന്നു. തനിക്കറിയാവുന്ന പാട്ടുകളൊക്കെ അവർ മകനെയും പഠിപ്പിച്ചു.

മോഹൻലാലിനെ സ്കൂളിൽ ചേർക്കേണ്ട കാലമായി. ജ്യേഷ്ഠൻ പ്യാരിലാൽ പഠിക്കുന്ന മുടവൻമുകൾ എൽ.പി. സ്കൂളിലാണ് ലാലിനെയും ചേർത്തത്. നാലാം ക്ലാസ് പാസ്സായതോടെ തിരുവനന്തപുരം ഗവൺമെന്റ് മോഡൽ സ്കൂളിലേക്ക് മാറ്റി. പത്താം ക്ലാസ് വരെയുള്ള മോഡൽ സ്കൂൾ ജീവിതം ലാലിന് തികച്ചും ഒരു പുത്തൻ അനുഭവമായിരുന്നു.

മുതിർന്ന കുട്ടികൾ, വിശാലമായ ക്ലാസ് മുറികൾ, ബഹളമയം! എല്ലാ ദിവസവും കൃത്യസമയത്ത് സ്കൂൾ ബസ് വരും; യാത്രയും സുഖകരം. സ്കൂളിലെത്തി ഏതാനും ദിവസങ്ങൾക്കകം ലാലിന് രണ്ട് നല്ല കൂട്ടുകാരെ കിട്ടി സരേഷ് കുമാറും മധുമതിയും. ആ സുരേഷ് കുമാറാണ് പിന്നീട് "പൂച്ചയ്ക്കൊരു മൂക്കുത്തി", "ആറാം തമ്പുരാൻ" തുടങ്ങിയ സൂപ്പർഹിറ്റ് മോഹൻലാൽ ചിത്രങ്ങൾ നിർമ്മിച്ചത്. മധുമതിയാകട്ടെ, പ്രശസ്ത സംവിധായകൻ പ്രിയദർശന്റെ അനിയത്തിയും. പ്രിയദർശൻ ലാലിനേക്കാൾ മൂന്ന് വയസ്സിന് മൂത്തതായിരുന്നു. മോഡൽ സ്കൂളിൽത്തന്നെയാണ് പ്രിയനും പഠിച്ചിരുന്നതെങ്കിലും, അക്കാലത്ത് മോഹൻലാലിന്റെ "മുഖ്യശത്രു" പ്രിയദർശനായിരുന്നു!

അന്ന് മോഡൽ സ്കൂളിലെ കുട്ടികളുടെ പ്രധാന "ഹീറോ" സുധീർകുമാർ ആയിരുന്നു. അഭിനയമായിരുന്നു സുധീർകുമാറിന്റെ പ്രധാന പ്ലസ് പോയിന്റ്. സ്കൂളിലെ സ്ഥിരം "ബെസ്റ്റ് ആക്ടർ". "രാജു" എന്ന് ഓമനപ്പേരുള്ള ഈ സുധീർകുമാറാണ് ഇന്നത്തെ പ്രശസ്ത നടനും നിർമ്മാതാവുമായ മണിയൻപിള്ള രാജു!

മോഡൽ സ്കൂളിൽനിന്നും പത്താം ക്ലാസ് പാസ്സായ രാജു, ഒരു പാരലൽ കോളേജിൽ പ്രീഡിഗ്രിക്ക് പഠിക്കുന്ന കാലം. മോഹൻലാൽ അന്ന് ആറാം ക്ലാസ്സിലും. അങ്ങനെയിരിക്കെ സ്കൂൾ യുവജനോത്സവം വന്നെത്തി. മോഹൻലാലിനാണെങ്കിൽ നാടകത്തിൽ അഭിനയിക്കണമെന്ന് കടുത്ത ആഗ്രഹം. അതിനായി അഞ്ചെട്ടു കൂട്ടുകാരെ ലാൽ തന്നെ സംഘടിപ്പിച്ചു. എന്നാൽ നാടകം വേണം, അത് പഠിപ്പിക്കാൻ ഒരാളും വേണമല്ലോ! സംഘത്തിലെ സനൽകുമാറാണ് ആ ചോദ്യം ഉന്നയിച്ചത്. ചോദ്യം ന്യായമായിരുന്നു. ആ എട്ടംഗ സംഘത്തിന് നാടകത്തിന്റെ "എബിസിഡി" പോലും അറിഞ്ഞുകൂടായിരുന്നു. അപ്പോഴാണ് സ്കൂളിലെ അഭിനയപ്രതിഭയായിരുന്ന, മോണോ ആക്ടിലും നാടകത്തിലുമൊക്കെ തുടർച്ചയായി സമ്മാനങ്ങൾ വാരിക്കൂട്ടിയിരുന്ന രാജുവിനെ ലാലിന് ഓർമ്മവന്നത്.

രാജുവും മോഹൻലാലിന്റെ ജ്യേഷ്ഠൻ പ്യാരിലാലും ഒരുമിച്ചാണ് പഠിച്ചിരുന്നത്. അങ്ങനെ എല്ലാവരും കൂടി രാജുവിനെ തേടിയിറങ്ങി. ലാലായിരുന്നു സംഘത്തിന്റെ നായകൻ.

അവർ സുധീർകുമാർ എന്ന രാജുവിന്റെ മുന്നിലെത്തി. മോഹൻലാൽ പറഞ്ഞു:

"ചേട്ടാ, ഞങ്ങൾക്ക് ഒരു നാടകത്തിൽ അഭിനയിക്കണം. ഞങ്ങൾക്ക് ഇതിനെക്കുറിച്ച് ഒന്നും അറിഞ്ഞുകൂടാ, പക്ഷെ ഭയങ്കര ആഗ്രഹമാണ്. എങ്ങനെയെങ്കിലും ചേട്ടൻ ഞങ്ങളെ ഒരു നാടകം പഠിപ്പിക്കണം!"

രാജുവിന് ആ പീക്കിരിപ്പിള്ളേരുടെ നാടകക്കമ്പം അത്ര പിടിച്ചില്ലെന്നു തോന്നുന്നു. അല്പം ചെരിഞ്ഞും തിരിഞ്ഞുമൊക്കെ നോക്കി മണിയൻപിള്ള സ്റ്റൈലിൽ രാജു പിള്ളേരെ വിലയിരുത്തി. എന്നിട്ട് ഒരു നാടകസംവിധായകന്റെ എല്ലാ ഗമയുമെടുത്ത് ഒരു വിരട്ടൽ:

"എന്താടാ, ഈ നാടകാഭിനയം എന്നൊക്കെപ്പറഞ്ഞാൽ പിള്ളേരുകളിയാണെന്നാണോ വിചാരം?"

പിള്ളേർസംഘം ഒന്നു പരുങ്ങി.



*മോഹൻലാൽ അച്ഛനും അമ്മയും സഹോദരനുമൊപ്പം*

ഹൈസ്കൂൾ കുട്ടികളുടെ, പ്രത്യേകിച്ച് എസ്.എസ്.എൽ.സി.ക്കാരുടെ കുത്തകയായിരുന്നു അന്ന് നാടകം കളിക്കൽ. ഒന്നു "ഷൈൻ" ചെയ്യാൻ വേണ്ടി മാത്രമായിരുന്നു ഭൂരിഭാഗം പേരും ഇത്തരം കലാപരിപാടികളിൽ മത്സരിച്ചിരുന്നത്.

അതോടെ വെറും ആറാം ക്ലാസുകാരായ മോഹൻലാലിനും കൂട്ടർക്കും ചെറിയൊരു ചമ്മൽ. സംഗതി അതിമോഹമായിപ്പോയോ എന്നൊരു തോന്നും. എങ്കിലും, ഒരു "അമൂൽ ബേബി"യെപ്പോലിരിക്കുന്ന മോഹൻലാൽ തന്റെ സ്മാർട്ട്നെസ്സ് ഒട്ടും ചോർന്നുപോകാതെ രാജുവിനോട് ചോദിച്ചു:

"പിള്ളേരുകളിയല്ല നാടകം എന്ന് ശരിക്കറിയാവുന്നതുകൊണ്ടല്ലേ ഞങ്ങൾക്ക് ചേട്ടന്റെ അടുത്ത് തന്നെ വരേണ്ടി വന്നത്? എങ്ങനെയെങ്കിലും ഒരു നാടകം പഠിപ്പിച്ചു തന്നേ പറ്റൂ!"

"ശ്ശെടാ... ഇവനാള് കൊള്ളാമല്ലോ!" എന്ന് രാജു മനസ്സാ പറഞ്ഞുപോയി. എന്നിട്ട്, ഒരു സൂപ്പർ സംവിധായകന്റെ ഗമ ഒട്ടും കുറയ്ക്കാതെ പറഞ്ഞു:

"ആട്ടെ... രണ്ടു ദിവസം കഴിഞ്ഞ് എന്റെ വീട്ടിലേക്ക് വാ."

രാജുവിന്റെ വീട് തൈക്കാടാണ്. ശ്വാസമടക്കിയാണ് അടുത്ത രണ്ടുദിവസം ലാൽ കഴിച്ചുകൂട്ടിയത്. നിശ്ചിത ദിവസം രാവിലെതന്നെ കൂട്ടുകാരെയും സംഘടിപ്പിച്ച് രാജുവിന്റെ വീട്ടിലെത്തുമ്പോൾ, സംവിധായകന് പഴയ "ജനയുഗം" വാരികകളും വാർഷിക പ്പതിപ്പുമൊക്കെ തപ്പിപ്പെറുക്കി അതിൽ നിന്നൊരു നാടകം എടുത്തു വെച്ചിട്ടുണ്ടായിരുന്നു.

ഹാസ്യനാടകമാണ് വേളൂർ കൃഷ്ണൻകുട്ടിയുടെ "കമ്പ്യൂട്ടർ ബോയ്".

രാജുവിന്റെ വീടിന്റെ വരാന്തയിലിരുന്ന് മോഹൻലാലും കൂട്ടരും നാടകം പകർത്തിയെഴുതി. റിഹേഴ്സൽ ക്യാമ്പും ആ വരാന്തതന്നെയായിരുന്നു! നൂറ്റാണ്ടുകൾക്കപ്പുറമുള്ള ശാസ്ത്രവളർച്ചയെ ഹാസ്യത്തിലൂടെ അവതരിപ്പിക്കുന്ന ഒരു രസികൻ ഏകാങ്കനാടകമായിരുന്നു "കമ്പ്യൂട്ടർ ബോയ്".

"കല്ലുകൊത്താനുണ്ടോ കല്ല്..." എന്ന് നാടോടികൾ ചോദിക്കുന്നതുപോലെ, ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഡോക്ടർമാരും എഞ്ചിനീയർമാരുമൊക്കെ റോഡിലൂടെ തെക്കുവടക്ക് നടന്ന് വിളിച്ചുചോദിക്കുന്നതാണ് പ്രമേയം:

"ഹൃദയം മാറ്റിവെക്കാനുണ്ടോ ഹൃദയം...", "വീടുവെക്കാനുണ്ടോ വീട്...", "പ്ലാൻ വരയ്ക്കാനുണ്ടോ പ്ലാൻ..." എന്നിങ്ങനെ തികച്ചും തമാശ നിറഞ്ഞൊരു സംഭവം!

തൊണ്ണൂറ് വയസ്സായ ഒരു വൃദ്ധന്റെ റോളായിരുന്നു മോഹൻലാൽ അഭിനയിക്കേണ്ടിയിരുന്നത്. രാജുവിന്റെ സംവിധാനത്തിൽ റിഹേഴ്സൽ പൊടിപൊടിച്ചു. ആകെ ആറു ദിവസത്തെ റിഹേഴ്സൽ.

യൂത്ത് ഫെസ്റ്റിവൽ അടുത്തെത്തി. ഒരു ദിവസം രാജു അവരെ വിളിച്ചിട്ടു പറഞ്ഞു:

"അപ്പോഴേ... ചുമ്മാ റിഹേഴ്സൽ കളിച്ചതുകൊണ്ടു മാത്രം കാര്യം നടക്കില്ല. ചുരുങ്ങിയത് ഒരു അമ്പത് രൂപയെങ്കിലും വേണ്ടിവരും. മേക്കപ്പിനുതന്നെ മുപ്പത് രൂപയോളം ചെലവാകും."

അത് ആ നാടകസംഘത്തിന് വലിയൊരു ആഘാതമായിരുന്നു. അൻപത് രൂപ (അന്നതൊരു വലിയ തുകയാണല്ലോ) ഇനി എങ്ങനെ ഉണ്ടാക്കും? ഒടുവിൽ ഓരോരുത്തരായി പിരിവെടുക്കാൻ തീരുമാനിച്ചു. എങ്ങനെയൊക്കെ ശ്രമിച്ചിട്ടും വെറും 27 രൂപ മാത്രമേ ആ കുട്ടിത്താരങ്ങൾക്ക് സംഘടിപ്പിക്കാൻ കഴിഞ്ഞുള്ളൂ!

ഒടുവിൽ ആ 27 രൂപയുമായി അവർ രാജുവിന്റെ മുന്നിലെത്തി പണം കൊടുത്തു. രാജു പണം എണ്ണിനോക്കിയിട്ട്:

"ഇരുപത്തേഴ് ഉലുവായോ... ഇതുകൊണ്ട് എന്തുണ്ടാക്കാനാ!" എന്നു പറഞ്ഞ് പണം പോക്കറ്റിലിട്ടു.

അങ്ങനെ യൂത്ത് ഫെസ്റ്റിവൽ ആരംഭിച്ചു. മോഹൻലാൽ അതിരാവിലെ കുളിച്ചൊരുങ്ങി. വീട്ടിലെ ഗണപതിവിഗ്രഹത്തിന് മുന്നിൽ വണങ്ങി, ചെറുപ്പത്തിലേ പഠിച്ച ഗണപതിമന്ത്രം ജപിച്ചു. തൊണ്ണൂറ് വയസ്സുള്ള ഒരാൾക്ക് ചേരുന്ന തുണിത്തരങ്ങളൊക്കെ ബാഗിലാക്കി രാവിലെതന്നെ സ്കൂളിലെത്തി. വൈകാതെ സംവിധായകൻ രാജുവും എത്തിച്ചേർന്നു. ഒരു ഫൈനൽ റിഹേഴ്സൽ കൂടി നടത്തിയ ശേഷം, എല്ലാവരോടും മുഖം നന്നായി കഴുകിവരാൻ രാജു ഉത്തരവിട്ടു.

അഭിനേതാക്കൾ മുഖം കഴുകി വന്നപ്പോഴേക്കും പിൻവശത്തെ ഒരു ക്ലാസ് മുറി സ്കൂൾ സ്ക്രീനൊക്കെ വെച്ച് മറച്ച് "മേക്കപ്പ് റൂം" ആക്കി മാറ്റിയിരുന്നു.

ഒരു വാഴയിലയിൽ റോസ് പൗഡർ, റെഡ് പൗഡർ, ഉമിക്കരി, ഭസ്മം, ഈർക്കിലി, പഞ്ഞി, വെളിച്ചെണ്ണ, ഒട്ടിക്കുന്ന നരച്ച ക്രേപ്പ് ഹെയർ, സ്പിരിറ്റ് ഗം... അങ്ങനെ കുറെ സാധനങ്ങൾ നിരത്തിവെച്ചിരിക്കുന്നു. രാജുതന്നെയായിരുന്നു മേക്കപ്പ്മാൻ!

ആദ്യം മോഹൻലാലിനെ വിളിച്ചു. വലിയ അഭിമാനത്തോടെയാണ് മോഹൻലാൽ മണിയൻപിള്ള രാജുവിന്റെ മുന്നിൽ മേക്കപ്പിടാൻ ഇരുന്നത്. അങ്ങനെ തന്റെ ചിരകാലാഭിലാഷം സാക്ഷാത്കരിക്കപ്പെടാൻ പോകുന്നു; താനും ഒരു നടനായി മാറാൻ പോകുന്നു!

രാജു ലാലിന്റെ മുഖത്ത് പൗഡർ ഇടുന്നതിന് മുൻപ് ലാൽ ഇരുകൈകളും കൂപ്പി കണ്ണടച്ച് ഈശ്വരനെ ധ്യാനിച്ചു. രാജു ശക്തിയോടെ മുഖത്ത് പൗഡർ അടിച്ച പിടിപ്പിച്ചു. ചുണ്ടിനു മുകളിലും കവിളിലും താടിയിലുമൊക്കെ ഈർക്കിലിയിൽ പഞ്ഞിചുറ്റി, സ്പിരിറ്റ് ഗമ്മിൽ മുക്കി തേച്ചുപിടിപ്പിച്ചു. ആ സ്പിരിറ്റ് ഗമ്മിന്റെ രൂക്ഷഗന്ധം ഇപ്പോഴും തന്റെ മൂക്കിൻതുമ്പത്തുണ്ടെന്ന് ലാൽ ഇപ്പോഴും അവകാശപ്പെടാറുണ്ട്! തുടർന്ന് നരച്ച ക്രേപ്പ് ഹെയർ ഒട്ടിച്ചു വെച്ചു.

എല്ലാം കഴിഞ്ഞ് കണ്ണാടിയിൽ നോക്കിയപ്പോൾ ലാൽ അമ്പരന്നുപോയി! താനതാ ഒരു അപ്പൂപ്പനായി മാറിയിരിക്കുന്നു! ഏറെനേരം കണ്ണാടിയിൽനിന്ന് കണ്ണെടുക്കാൻ ലാലിനായില്ല.

പിന്നീടെപ്പോഴോ അവരുടെ നാടകത്തിന്റെ പേര് (കമ്പ്യൂട്ടർ ബോയ്) അനൗൺസ് ചെയ്തു. ആരൊക്കെയോ ചേർന്ന് ലാലിനെയും കൂട്ടരെയും സ്റ്റേജിലേക്ക് തള്ളിവിട്ടു. തൊണ്ണൂറ് വയസ്സുള്ള പടുകിഴവനായി ലാൽ രംഗത്തെത്തിയപ്പോൾത്തന്നെ സദസ്സിൽനിന്ന് വൻ കൈയടി ഉയർന്നു! മാത്രമല്ല, "കമ്പ്യൂട്ടർ ബോയി'ൽ അഭിനയിച്ച് എല്ലാവരും കസറി. എല്ലാം സംവിധായകൻ കൃത്യമായി ആസൂത്രണം ചെയ്തതിന്റെ ഫലം!

മത്സരത്തിനുള്ള നാടകങ്ങളെല്ലാം അരങ്ങേറി. റിസൾട്ടറിയാൻ അഭിനേതാക്കളും കൂട്ടരും ശ്വാസമടക്കി നിൽക്കുകയാണ്. ഏതാണ്ട് അരമണിക്കൂറിനു ശേഷം ആ ഫലപ്രഖ്യാപനം വന്നു...!

(തുടരും)

# മോസ്കോയിൽ ജയശങ്കർ, ബെയ്ജിംഗിൽ ഡോവൽ; ആഗോള ശക്തികേന്ദ്രങ്ങളിൽ ഒരേസമയം തന്ത്രപ്രധാന നീക്കങ്ങളുമായി ഇന്ത്യ!

ആഗോള രാഷ്ട്രീയ രംഗത്തെ ഞെട്ടിച്ചുകൊണ്ട് ഇന്ത്യ തങ്ങളുടെ ചരിത്രപരമായ സമാന്തര നയതന്ത്രത്തിന് വീണ്ടും വേഗത കൂട്ടിയിരിക്കുകയാണ്. ഒരുവശത്ത് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ റഷ്യൻ തലസ്ഥാനമായ മോസ്കോ സന്ദർശിച്ച് റഷ്യൻ വിദേശകാര്യ മന്ത്രിയും ഉന്നത നേതാക്കളുമായി നിർണ്ണായക ചർച്ചകൾ നടത്തുകയും, മറുവശത്ത് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ചൈനയിലെ ബെയ്ജിംഗിൽ എത്തി അതിർത്തിസുരക്ഷാ ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്ന അപൂർവ്വ കാഴ്ച്ചയ്ക്കാണ് ലോകം സാക്ഷ്യം വഹിക്കുന്നത്.



അമേരിക്കയിൽ ഡൊണാൾഡ് ട്രംപ് ഭരണകൂടം വ്യാപാര താരിഫുകളും ഉപരോധ ഭീഷണികളും കടുപ്പിക്കുകയും, പശ്ചിമേഷ്യൻയൂറോപ്യൻ മേഖലകൾ സായുധ പോരാട്ടങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്ന ഈ സങ്കീർണ്ണ ഘട്ടത്തിൽ, വിദേശ നയതന്ത്ര സമവാക്യങ്ങൾ സ്വന്തം ദേശീയ താല്പര്യങ്ങൾക്ക് അനുസൃതമായി ഭദ്രമാക്കുകയാണ് ഇന്ത്യ. റഷ്യയുമായുള്ള വാണിജ്യ-ഊർജ്ജ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനൊപ്പം ചൈനയുമായുള്ള അതിർത്തി നിശ്ശബ്ദത ഉറപ്പാക്കാൻ ഇന്ത്യ നടപ്പിലാക്കുന്ന പുതിയ ഭൗമരാഷ്ട്രീയ പദ്ധതികളുടെ ആഴത്തിലുള്ള വിശകലനം താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്താം:

## മോസ്കോയിൽ ജയശങ്കർ: ഇന്ധന സുരക്ഷയും റഷ്യൻ വാണിജ്യ സഖ്യങ്ങളും

പാശ്ചാത്യ രാജ്യങ്ങളുടെ കടുത്ത നിരീക്ഷണങ്ങൾക്കിടയിലും റഷ്യയുമായുള്ള തന്ത്രപ്രധാന ബന്ധങ്ങൾക്ക് ഇന്ത്യ നൽകുന്ന മുൻഗണനയാണ് ജയശങ്കറിന്റെ മോസ്കോ സന്ദർശനം എടുത്തുകാണിക്കുന്നത്.

**1. 27–ാമത് ഇന്ത്യ–റഷ്യ അന്തർഗവൺമെന്റൽ കമ്മീഷൻ യോഗങ്ങൾ**

റഷ്യൻ ഫസ്റ്റ് ഡെപ്യൂട്ടി പ്രൈം മിനിസ്റ്റർ ഡെനിസ് മന്തുറോവിന്റെ ക്ഷണപ്രകാരം മോസ്കോയിലെത്തിയ ജയശങ്കർ, വ്യാപാരം, സാങ്കേതികവിദ്യ, സംസ്കാരംഎന്നിവയെക്കുറിച്ചുള്ള27–ാമത് ഐആർഐജിസിടിഇസി ഉച്ചകോടിക്ക് സംയുക്തമായി നേതൃത്വം നൽകി.

ഉക്രെയ്ൻ യുദ്ധത്തിനും ഉപരോധങ്ങൾക്കും ശേഷം ഇന്ത്യറഷ്യ ഉഭയകക്ഷി വ്യാപാരം 65 ബില്യൺ ഡോളർ കവിഞ്ഞ പശ്ചാത്തലത്തിൽ, വിനിമയങ്ങൾ കൂടുതൽ സുതാര്യമാക്കാൻ ധാരണയായി. സെർജി ലാവ്റോവുമായി നടത്തിയ ഭൗമരാഷ്ട്രീയ ചർച്ചകൾ മേഖലയിൽ ഇന്ത്യയ്ക്കുള്ള പ്രാധാന്യം തെളിയിക്കുന്നു.

**2. ഡോളർ ഇതര കറൻസി ഇടപാടുകളും റൂപ്പിറൂബിൾ സംവിധാനങ്ങളും**

അമേരിക്കൻ സാമ്പത്തിക ഉപരോധങ്ങളെ മറികടന്ന് ഉഭയകക്ഷി വ്യാപാരം സുഗമമാക്കാൻ തദ്ദേശീയ കറൻസികളായ രൂപയിലും റൂബിളിലും പേയ്മെന്റ് ബാങ്കിംഗ് സംവിധാനങ്ങൾ വ്യാപിപ്പിക്കാൻ ഇന്ത്യയും റഷ്യയും തീരുമാനിച്ചു. ഇത് ഇന്ത്യൻ വ്യവസായികൾക്ക് വിദേശ കറൻസി വ്യതിയാനങ്ങൾ ഇല്ലാതെ റഷ്യൻ വിപണിയിലേക്ക് ചരക്കുകൾ അയക്കാൻ വഴിയൊരുക്കും. ബഹുരാഷ്ട്ര ധനകാര്യ ഏജൻസികളുടെ കൈകടത്തലുകളിൽ നിന്നും ഇന്ത്യയുടെ ആഭ്യന്തര വിപണിയെ സ്വതന്ത്രമാക്കാനാണ് നിർദ്ദേശം.

**3. ക്രൂഡ് ഓയിൽ ഇറക്കുമതി ഭദ്രതയും വടക്കൻ സമുദ്ര പാതകളും**

ഇന്ത്യൻ ശുദ്ധീകരണ ശാലകൾക്കുള്ള റഷ്യൻ എണ്ണ വിതരണം തടസ്സമില്ലാതെ ഉറപ്പാക്കുന്നതിനൊപ്പം, ആർട്ടിക് സർക്കിളിലൂടെയുള്ള വടക്കൻ സമുദ്ര പാത വഴി ചരക്ക് ഗതാഗതം വേഗത്തിലാക്കാനുള്ള കരാറുകളിലും ഒപ്പുവെച്ചു. ചെങ്കടലിലെ ആക്രമണങ്ങൾ മൂലം സൂയസ് കനാൽ പാത സങ്കീർണ്ണമായ പശ്ചാത്തലത്തിൽ, റഷ്യ വഴി യൂറോപ്പിലേക്കും ഏഷ്യയിലേക്കും പുതിയ ട്രാൻസിറ്റ് ഇടനാഴികൾ തുറക്കാൻ ഇന്ത്യയ്ക്ക് സാധിക്കും. ഇത് ഇന്ത്യൻ കപ്പൽ മേഖലയ്ക്ക് വലിയൊരു ആശ്വാസമാണ്.

**4. നയതന്ത്ര സന്തുലിതാവസ്ഥയും പ്രധാനമന്ത്രിയുടെ സന്ദേശങ്ങളും**

അമേരിക്കയും യൂറോപ്യൻ യൂണിയനും തങ്ങളുടെ വിദേശ നയങ്ങളിൽ ഭിന്നതകൾ സൂക്ഷിക്കുമ്പോഴും, മോസ്കോയുമായുള്ള സുഹൃദ്ബന്ധത്തിൽ നിന്നും ഇന്ത്യ പിന്നോട്ട് പോകില്ലെന്ന് ജയശങ്കർ വ്യക്തമാക്കി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രത്യേക നയതന്ത്ര സന്ദേശങ്ങൾ റഷ്യൻ ഭരണകൂടത്തിന് കൈമാറിക്കൊണ്ട്, ബഹുധ്രുവ ലോക ക്രമത്തിൽ റഷ്യയെ ഇന്ത്യ പ്രധാന പങ്കാളിയായി തന്നെ വീക്ഷിക്കുന്നു.

## ബെയ്ജിംഗിൽ ഡോവൽ: അതിർത്തി സമാധാനവും ചൈനീസ് നയതന്ത്ര ചർച്ചകളും

അതിർത്തി തർക്കങ്ങൾ പരിഹരിച്ച് കിഴക്കൻ ഏഷ്യയിൽ സൈനിക സന്തുലിതാവസ്ഥ ഉറപ്പാക്കാനാണ് അജിത് ഡോവൽ ചൈനയിൽ എത്തിയത്.

**1. വാങ് യിയുമായുള്ള ഉന്നതതല സുരക്ഷാ സംഭാഷണങ്ങൾ**

ചൈനീസ് വിദേശകാര്യ മന്ത്രിയും കമ്മ്യൂണിസ്റ്റ് പാർട്ടി ഉന്നത നേതാവുമായ വാങ് യിയുമായി അജിത് ഡോവൽ ബെയ്ജിംഗിൽ നടത്തിയത് മണിക്കൂറുകൾ നീണ്ട ഉന്നതതല സുരക്ഷാ ചർച്ചകളാണ്. 2020ലെ ഗാൽവാൻ താഴ്വരയിലെ സംഘർഷങ്ങൾക്ക് ശേഷം സ്തംഭിച്ചുപോയ ഇരുരാജ്യങ്ങളും തമ്മിലുള്ള 'സ്പെഷ്യൽ റെപ്രസെന്റേറ്റീവ്' അതിർത്തി ചർച്ചകൾ പുനരാരംഭിക്കാൻ ഈ സന്ദർശനം സഹായിച്ചു. ലഡാക്കിലെ നിയന്ത്രണ രേഖയിൽ പൂർണ്ണ സമാധാനം ഉറപ്പാക്കാനാണ് ഇന്ത്യ ശ്രമിക്കുന്നത്.

**2. അതിർത്തി പ്രദേശങ്ങളിലെ സൈനിക പിന്മാറ്റ അന്തിമ ഘട്ടങ്ങൾ**

ഡെപ്സാങ്, ഡെംചോക് എന്നീ അവസാന തർക്ക പോയിന്റുകളിൽ നിന്നും ഇരുരാജ്യങ്ങളുടെയും സൈനികരെ പൂർണ്ണമായി പഴയ താവളങ്ങളിലേക്ക് പിൻവലിക്കുന്നതിനുള്ള സാങ്കേതിക ചട്ടക്കൂടുകൾക്ക് ഡോവലിന്റെ സന്ദർശനം വഴി ആക്കം കൂട്ടി. സായുധ സൈനികർ മുഖാമുഖം നിൽക്കുന്നത് ഒഴിവാക്കി ബഫർ സോണുകൾ വഴി സമാധാനം കൊണ്ടുവരുന്നത് അതിർത്തി നിരീക്ഷണങ്ങൾക്ക് സുരക്ഷ നൽകും.

**3. ഇന്ത്യ–ചൈന വിമാന സർവീസുകളും വിസ ലളിതവൽക്കരണങ്ങളും**

കഴിഞ്ഞ ഏതാനും വർഷങ്ങളായി നിർത്തിവെച്ചിരുന്ന നേരിട്ടുള്ള ഇന്ത്യ-ചൈന വിമാന സർവീസുകൾ പുനരാരംഭിക്കാനും ബിസിനസ്സ് വിസകൾ അനുവദിക്കുന്നത് എളുപ്പമാക്കാനും ധാരണയിലെത്തി. ചൈനീസ് സാങ്കേതിക വിദ്യകളെയും അസംസ്കൃത വസ്തുക്കളെയും ആശ്രയിക്കുന്ന ഇന്ത്യൻ വ്യാവസായിക മേഖലയ്ക്ക് വിതരണ ശൃംഖലയിലെ തടസ്സങ്ങൾ മാറുന്നത് പുതിയ ഉണർവ് നൽകും.

**4. പസഫിക്–ഏഷ്യൻ നയതന്ത്രവും ഇരട്ട അതിർത്തി ജാഗ്രതകളും**

പാകിസ്താനിലെ പുതിയ സൈനിക ഭരണ സംവിധാനങ്ങളും ഐ എ സ് ഐ യുടെ പ്രകോപനങ്ങളും ശക്തമാകുമ്പോൾ, ചൈനയുമായി അതിർത്തിയിൽ താൽക്കാലിക സമാധാനം ഉറപ്പാക്കുന്നത് ഇന്ത്യയ്ക്ക് വടക്കൻ അതിർത്തിയിലെ സുരക്ഷാ ഭാരം കുറയ്ക്കാൻ സഹായകരമാകും. ഒരേസമയം ചൈനയെ പ്രതിരോധിക്കുകയും അതേ സമയം നയതന്ത്ര ചർച്ചകളിലൂടെ സംഘർഷങ്ങൾ ഒഴിവാക്കുകയും ചെയ്യുന്ന രീതിയാണ് ഇന്ത്യ സ്വീകരിക്കുന്നത്.

## ഇന്ത്യയുടെ പുതിയ ഭൗമരാഷ്ട്രീയ മാറ്റിമറിച്ചിലുകളും ഭാവി പ്രതീക്ഷകളും

വാഷിംഗ്ടണിലെ വിദേശ നയ മാറ്റങ്ങൾക്കിടയിൽ സ്വന്തം തന്ത്രപ്രധാന സ്വയംഭരണം കാത്തുസൂക്ഷിക്കുകയാണ് ന്യൂഡൽഹി.

**1. ട്രംപിന്റെ താരിഫ് ഭീഷണികൾക്കുള്ള അടിയന്തിര ബദൽ തന്ത്രങ്ങൾ**

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വിവിധ രാജ്യങ്ങൾക്ക് മേൽ ഏകപക്ഷീയമായി 25 മുതൽ 50 ശതമാനം വരെ കസ്റ്റംസ് താരിഫുകൾ ചുമത്താൻ ഒരുങ്ങുമ്പോൾ, ഇന്ത്യ തങ്ങളുടെ വ്യാപാര സഖ്യങ്ങൾ റഷ്യയിലേക്കും ചൈനയിലേക്കും ഏഷ്യൻ രാഷ്ട്രങ്ങളിലേക്കും വൈവിധ്യവൽക്കരിക്കുകയാണ്. അമേരിക്കൻ വിപണിയെ മാത്രം അന്ധമായി ആശ്രയിക്കുന്നത് ഒഴിവാക്കാൻ ഇത്തരം സമാന്തര നയതന്ത്രങ്ങൾ ഇന്ത്യയെ സഹായിക്കും.

**2. ബ്രിക്സ്, എസ്സിഒ കൂട്ടായ്മകളുടെ കരുത്ത് വർദ്ധിക്കൽ**

റഷ്യയും ചൈനയുമായുള്ള ഉയർന്നതല ചർച്ചകൾ വരുന്ന ബ്രികളട, ഷാങ്ഹായ് സഹകരണ ഉച്ചകോടികളിൽ ഇന്ത്യയുടെ സ്ഥാനം കൂടുതൽ ഉറപ്പുള്ളതാക്കും. പാശ്ചാത്യ സാമ്പത്തിക മേൽക്കോയ്മകൾക്കെതിരെ വികസിച്ചുവരുന്ന ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങൾക്ക് നേതൃത്വം നൽകാൻ ഇന്ത്യയ്ക്ക് സാധിക്കും. സാമ്പത്തിക ബഹുധ്രുവത്വം ഇതിലൂടെ കൂടുതൽ ശക്തമാകും.

**3. വിദേശ നിക്ഷേപങ്ങളുടെയും തദ്ദേശീയ നിർമ്മാണങ്ങളുടെയും വളർച്ചകൾ**

റഷ്യയിൽ നിന്നുള്ള കുറഞ്ഞ നിരക്കിലെ എണ്ണ സ്രോതസ്സുകളും ചൈനയിൽ നിന്നുള്ള അസംസ്കൃത വ്യവസായ ഘടകങ്ങളും തടസ്സമില്ലാതെ ലഭ്യമാകുന്നത് 'ആത്മനിർഭർ ഭാരത്' പദ്ധതിക്ക് മിഴിവേകും. ഇന്ത്യൻ ഫാക്ടറികളുടെ ഉൽപ്പാദന ചിലവുകൾ കുറയുന്നത് ആഭ്യന്തര വിപണിയിൽ സാധനങ്ങളുടെ വില നിയന്ത്രിക്കാനും ആഗോള കയറ്റുമതിയിൽ ആധിപത്യം നേടാനും ഇന്ത്യയെ സഹായിക്കും.

**4. നയതന്ത്ര മാതൃകയും ആഗോള സമാധാന ശ്രമങ്ങളും**

ഒരു വശത്ത് പാശ്ചാത്യ രാജ്യങ്ങളായ അമേരിക്കയും യുകെയും ആയി ഉഭയകക്ഷി ബന്ധങ്ങൾ സൂക്ഷിക്കുമ്പോൾത്തന്നെ, മറുവശത്ത് റഷ്യയുമായും ചൈനയുമായും തന്ത്രപ്രധാനമായ ആഴത്തിലുള്ള ആശയവിനിമയം നടത്തുന്ന ഇന്ത്യൻ ശൈലി ലോകത്തിനു തന്നെ മാതൃകയാണ്. ആഗോള അസ്ഥിരതകൾക്കിടയിൽ സ്വന്തം ജനതയുടെ സാമ്പത്തിക സുരക്ഷയും അതിർത്തികളുടെ പരമാധികാരവും ഉറപ്പുവരുത്തി ഭാരതം മുന്നേറുന്നു.

മോസ്കോയിലും ബെയ്ജിംഗിലും ഒരേസമയം ഇന്ത്യ നടത്തുന്ന ഭൗമരാഷ്ട്രീയ ഇടപെടലുകൾ രാജ്യത്തിന്റെ സ്വതന്ത്ര വിദേശനയത്തിന്റെ കരുത്താണ് വ്യക്തമാക്കുന്നത്. പാശ്ചാത്യ സാമ്പത്തിക സമ്മർദ്ദങ്ങൾക്കും ആഗോള അസ്ഥിരതകൾക്കും മുന്നിൽ പതറാതെ തങ്ങളുടെ ഊർജ്ജഅതിർത്തി സുരക്ഷകൾ ഉറപ്പുവരുത്താൻ ഇന്ത്യയ്ക്ക് സാധിക്കുന്നു.





# അടുത്ത ഊഴം സൗരവ് ദാസിനാണ്: അഭിജിത് ദിപ്കെ

ന്യൂഡെൽഹി: കോക്രോച്ച് ജനതാ പാർട്ടി (സിജെപി) നേതാക്കൾ തുടർച്ചയായി ആക്രമിക്കപ്പെടുന്ന സംഭവത്തിൽ പ്രതികരിച്ച് സ്ഥാപകനും ദേശീയ കൺവീനറുമായ അഭിജിത് ദിപ്കെ. ന്യൂസ് 24 ന് നൽകിയ അഭിമുഖത്തിലായിരുന്നു അഭിജിത്തിന്റെ പ്രതികരണം.

'തനിക്കും കോ-കൺവീനർ അശുതേഷ് റാങ്കയ്ക്കും ഇതിനോടകം മർദനമേറ്റെന്നും അടുത്ത ഊഴം സൗരവ് ദാസിനാണെന്നും' ആയിരുന്നു അദേഹം രസകരമായി പറഞ്ഞത്. ഇക്കഴിഞ്ഞ ജൂണിൽ ജയ്പൂർ സന്ദർശിക്കാനെത്തിയപ്പോഴാണ് അഭിജിത് ദീപ്കെയ്ക്ക് മർദനമേറ്റത്. പൊതുയോഗത്തിൽ പ്രസംഗിക്കാനായി ആളുകൾ ചുമലിലേറ്റി കൊണ്ടുപോകവെ ആൾക്കൂട്ടത്തിൽ നിന്ന് തുടർച്ചയായി മർദ്ദിക്കുകയായിരുന്നു. തന്നെ മർദ്ദിച്ചത് ആർഎസ്എസുകാരായിരുന്നു എന്നാണ് അന്ന് ദീപ്കെ പറഞ്ഞത്.

കഴിഞ്ഞ ആഴ്ചയിൽ സിജെപിയുടെ 'സ്കൂൾ ഠീക് കരോ' ക്യാംപെയിന്റെ ഭാഗമായി രാജസ്ഥാനിലെ സർക്കാർ സ്കൂളിലേക്ക് എത്തിയപ്പോഴാണ് അശുതോഷ് റാങ്കയും സംഘവും ആക്രമിക്കപ്പെട്ടത്. ഈ സാഹചര്യത്തിലാണ് അടുത്ത ഊഴം പാർട്ടി വക്താവായ സൗരവ് ദാസിനാണെന്ന് അഭിജിത് ദീപ്കെ പറഞ്ഞത്. 'എത്ര മർദിച്ചാലും ഞങ്ങൾ തിരികെ വരും, അങ്ങനെയുള്ളവരാണ് ഞങ്ങൾ' അദ്ദേഹം പറഞ്ഞു.

# 'ഒരു റീൽ കൂടി പോരട്ടെ ഖിലാഡി!'; പാർലമെന്റ് അങ്കണത്തിലെ വെള്ളക്കെട്ടിൽ കിരൺ റിജിജുവിനെ പരിഹസിച്ച് കോൺഗ്രസ്

ദേശീയ തലസ്ഥാനമായ ന്യൂഡൽഹിയിൽ പെയ്ത കനത്ത മഴയ്ക്ക് പിന്നാലെ പാർലമെന്റ് അങ്കണത്തിലുണ്ടായ രൂക്ഷമായ വെള്ളക്കെട്ടിൽ ഭരണപക്ഷത്തെ കടന്നാക്രമിച്ച് കോൺഗ്രസ്. കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അടുത്തിടെ അരുണാചൽ പ്രദേശിലെ പുഴയിൽ നീന്തുന്ന വീഡിയോ പങ്കുവെച്ച് സ്വയം 'ഖിലാഡി' (മിടുക്കനായ താരം) എന്ന് വിശേഷിപ്പിച്ചിരുന്നു. ഈ റീൽ മുൻനിർത്തിയാണ് കോൺഗ്രസ് ഇപ്പോൾ കേന്ദ്ര സർക്കാരിനും മന്ത്രിമാർക്കുമെതിരെ കടുത്ത പരിഹാസവുമായി രംഗത്തെത്തിയിരിക്കുന്നത്.

പാർലമെന്റ് മന്ദിരത്തിന് മുന്നിൽ വെള്ളം കെട്ടിക്കിടക്കുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചുകൊണ്ടാണ് കോൺഗ്രസ് തങ്ങളുടെ പ്രതിഷേധം അറിയിച്ചത്. 'ഇവിടുത്തെ ഖിലാഡി കിരൺ റിജിജു, ഒരു റീൽ കൂടി പോരട്ടെ' എന്ന് കോൺഗ്രസിന്റെ കേരള ഘടകം എക്സ് (ട്വിറ്റർ) പ്ലാറ്റ്ഫോമിൽ കുറിപ്പിട്ടു. രാജ്യത്തെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ദയനീയ അവസ്ഥ തുറന്നുകാട്ടുന്നതാണ് ഈ വെള്ളക്കെട്ടെന്ന് കോൺഗ്രസ് നേതാക്കൾ ആരോപിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി പുതിയ പാർലമെന്റ് കെട്ടിടം ഒരു ഇൻഡോർ വാട്ടർ പാർക്കാക്കി മാറ്റിയിരിക്കുകയാണെന്ന് കോൺഗ്രസ് പരിഹസിച്ചു. സ്വന്തം സംസ്ഥാനമായ അരുണാചൽ പ്രദേശിലേക്ക് യാത്ര ചെയ്ത് ഖജനാവിലെ പണം പാഴാക്കാതെ മന്ത്രിമാർക്ക് ഇവിടെ വെച്ച് തന്നെ നീന്തൽ റീലുകൾ ചിത്രീകരിക്കാമെന്നും കോൺഗ്രസ് പരിഹാസരൂപേണ കൂട്ടിച്ചേർത്തു.

കഴിഞ്ഞ ദിവസങ്ങളിൽ അരുണാചൽ പ്രദേശിലെ മലയോര പുഴകളിൽ നീന്തുന്ന ദൃശ്യങ്ങൾ പോസ്റ്റ് ചെയ്ത റിജിജു, വേഗത്തിലൊഴുകുന്ന പുഴകളിൽ എങ്ങനെ നീന്തണമെന്ന് വിശദീകരിച്ചിരുന്നു. താൻ ഈ കാര്യത്തിൽ ഒരു 'ഖിലാഡി' ആണെന്നായിരുന്നു അദ്ദേഹത്തിന്റെ അവകാശവാദം. ഈ വീഡിയോ പ്രതിപക്ഷം ഏറ്റെടുക്കുകയും രാഹുൽ ഗാന്ധിയുമായുള്ള ഫിറ്റ്നസ് മത്സരത്തിന്റെ ഭാഗമാണിതെന്ന് സോഷ്യൽ മീഡിയയിൽ ചർച്ചയാവുകയും ചെയ്തു.



അതേസമയം, രാജ്യതലസ്ഥാനത്തെ പ്രമുഖ മേഖലകളിലും സഭാവളപ്പിലും വെള്ളക്കെട്ട് രൂപപ്പെട്ടത് വലിയ സേവന വീഴ്ചയാണെന്ന് പ്രതിപക്ഷ എംപിമാർ ചൂണ്ടിക്കാണിക്കുന്നു. കോടികൾ ചെലവഴിച്ച് നിർമ്മിച്ച പുതിയ പാർലമെന്റ് മന്ദിരത്തിൽ ചോർച്ചയും വെള്ളക്കെട്ടും പതിവാകുന്നത് കേന്ദ്ര സർക്കാരിന് കടുത്ത നാക്കേടായി മാറിയിട്ടുണ്ട്. മഴ ശക്തമായതോടെ ഡൽഹിയിലെ പല പ്രമുഖ റോഡുകളിലും ഗതാഗതം തടസ്സപ്പെടുകയും ചെയ്തു.

പ്രതിപക്ഷത്തിന്റെ ഈ കളിയാക്കലുകൾക്ക് മറുപടിയുമായി ബി.ജെ.പി വക്താക്കളും രംഗത്തെത്തിയിട്ടുണ്ട്. പ്രതിപക്ഷം വ്യാജ വീഡിയോകളും പ്രചാരണങ്ങളും നടത്തുകയാണെന്നും പാർലമെന്റിന്റെ അന്തസ്സ് കെടുത്താനാണ് ശ്രമിക്കുന്നതെന്നും ബി.ജെ.പി വക്താക്കൾ കുറ്റപ്പെടുത്തി. എങ്കിലും സോഷ്യൽ മീഡിയയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ട്രോളുകളും വാക്പോരുകളും ഇപ്പോഴും സജീവമായി തുടരുകയാണ്.




475 Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered investment Advisor).
Securities offered through NYLIFE Securities LLC (Member FINRA/SIPC).
Insurance offered through NYLIFE Securities LLC, a Licensed Insurance Agency.
Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from
NYLIFE Securities LLC and its affiliates and does not offer tax or legal advice.



## അമേരിക്കൻ ആകാശത്തിന് സമീപമുള്ള വിമാനങ്ങളെ ലക്ഷ്യമിടാൻ ചൈനയ്ക്ക് സാധിക്കുമോ?

# ചൈനീസ് റഡാർഹൈപ്പർസോണിക് നീക്കങ്ങളിൽ അമേരിക്കൻ പ്രതിരോധ മേഖലയിൽ ഉയർന്ന ആശങ്കകൾ!



അമേരിക്കൻ തീരങ്ങൾക്ക് തൊട്ടടുത്ത് പറക്കുന്ന ബോയിംഗ് ഇ3 സെൻട്രി പോലെയുള്ള തന്ത്രപ്രധാനമായ യുഎസ് സൈനിക വിമാനങ്ങളെപ്പോലും അതിദൂരത്തുനിന്ന് കൃത്യമായി ലക്ഷ്യമിടാൻ ചൈന തങ്ങളുടെ പുതിയ ഹൈപ്പർസോണിക് ആയുധ വിദ്യയിലൂടെ ഒരുങ്ങുകയാണ്. ശാങ്ഹായ് ജിയാവോ തോങ് സർവ്വകലാശാലയിലെ ചൈനീസ് പ്രതിരോധ ശാസ്ത്രജ്ഞർ പുറത്തുവിട്ട സിമുലേഷൻ പഠനങ്ങൾ അനുസരിച്ച്, 8,000 കിലോമീറ്ററിലധികം ദൂരപരിധിയുള്ള പുതിയൊരു വ്യോമ പോരാട്ട തന്ത്രത്തിനാണ് ബെയ്ജിംഗ് രൂപം നൽകിയിരിക്കുന്നത്.

അമേരിക്കൻ ഭൂഖണ്ഡത്തിന്റെ വ്യോമാതിർത്തികളിൽ നിരീക്ഷണത്തിലോ റീഫ്യുവലിംഗിലോ ഏർപ്പെട്ടിരിക്കുന്ന ബി2 സ്റ്റെൽത്ത് ബോംബറുകൾ, വെയർഹൗസ് വിമാനങ്ങൾ എന്നിവയെ തടയാൻ ശേഷിയുള്ളതാണ് ഈ സാങ്കേതികവിദ്യ. ചൈന തങ്ങളുടെ തദ്ദേശീയമായി വികസിപ്പിച്ച ഹൈപ്പർസോണിക് സാങ്കേതികവിദ്യകളും റഡാർ ശൃംഖലകളും ഉപയോഗിച്ച് പസഫിക് മഹാസമുദ്രത്തിന് കുറുകെ പ്രഹരശേഷി വർദ്ധിപ്പിക്കുന്നതിന്റെ കാതലായ വശങ്ങളും വാഷിംഗ്ടണിന്റെ സുരക്ഷാ ആശങ്കകളും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്താം:

### ചൈനീസ് ഹൈപ്പർസോണിക് ഗ്ലൈഡ് സാങ്കേതികവിദ്യയും പ്രവർത്തനാടിത്തറകളും

അതിവേഗത്തിൽ സഞ്ചരിക്കുന്ന ഹൈപ്പർസോണിക് വാഹനങ്ങളെ വ്യോമ പോരാട്ടങ്ങൾക്കായി ഉപയോഗിക്കുന്ന വിപ്ലവകരമായ രീതിയിലാണ് ചൈന ഗവേഷണം നടത്തുന്നത്.

### 1. 8,000 കിലോമീറ്റർ ദൂരപരിധിയും ഹൈപ്പർസോണിക് വേഗതകളും

ചൈനീസ് പ്രതിരോധ ശാസ്ത്രജ്ഞരുടെ പഠനങ്ങൾ അനുസരിച്ച്, ഭൂഖണ്ഡാന്തര ബാല്ലിസ്റ്റിക് മിസൈലുകളിലോ (ICBM) റോക്കറ്റ് ബൂസ്റ്ററുകളിലോ ഘടിപ്പിച്ച് അയക്കുന്ന ഹൈപ്പർസോണിക് ഗ്ലൈഡ് വെഹിക്കിൾ (HGV) ശബ്ദത്തേക്കാൾ എട്ട് മുതൽ പത്ത് മടങ്ങ് വരെ ഉയർന്ന വേഗതയിലാണ് സഞ്ചരിക്കുന്നത്. ഈ വാഹനം 8,000 കിലോമീറ്റർ അകലെയുള്ള അമേരിക്കൻ സൈനിക വിമാനങ്ങൾക്ക് തൊട്ടടുത്ത് വരെയെത്തുകയും, അവിടെവെച്ച് ചെറിയ എയർടുഎയർ മിസൈലുകൾ തുറന്നുവിട്ട് ലക്ഷ്യം തകർക്കുകയും ചെയ്യും.

### 2. സ്പോട്ട്വെയ്റ്റിംഗ് പോയിന്റുകളും ടെർമിനൽ മിസൈൽ പ്രഹരങ്ങളും

മിസൈൽ നേരിട്ട് വിമാനത്തിൽ ചെന്ന് പതിക്കുന്നതിന് പകരം, ശത്രു വിമാനത്തിന്റെ സഞ്ചാരപാതയ്ക്ക് മുന്നിലുള്ള നിശ്ചിത ആകാശ മേഖലയിൽ വച്ച് ചെറിയ എയർടുഎയർ മിസൈൽ വിന്യസിക്കുന്ന തന്ത്രമാണ് ചൈന വികസിപ്പിക്കുന്നത്. പരമ്പരാഗത ദീർഘദൂര മിസൈലുകൾക്ക് ദിശ മാറ്റുന്ന വിമാനങ്ങളെ പിന്തുടരാൻ കഴിയില്ലെന്ന പരിമിതിയെ മറികടക്കാൻ ഈ സാങ്കേതികവിദ്യ സഹായിക്കും. ഹൈപ്പർസോണിക് വാഹനം വേർപെട്ട ശേഷം എയർടുഎയർ മിസൈലിലെ റഡാർ സ്വയം ലക്ഷ്യം കണ്ടെത്തി വിമാനം തകർത്തുകളയും.

### 3. അവ്വാക്സ്, ടാങ്കർ വിമാനങ്ങൾക്കുമേലുള്ള അടിയന്തിര ഭീഷണികൾ

അമേരിക്കൻ വ്യോമസേനയുടെ നട്ടെല്ലായ ബോയിങ് ഇ3 സെൻട്രി ആകാശ പ്രതിരോധ റഡാറുകളെയും വിമാനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്ന കെസി135 ടാങ്കറുകളെയുമാണ് ഈ മിസൈൽ പ്രധാനമായും ലക്ഷ്യമിടുന്നത്. ഈ സഹായ വിമാനങ്ങൾ തകർക്കപ്പെട്ടാൽ അമേരിക്കയുടെ അത്യാധുനിക എഫ്22, എഫ്35 പോർവിമാനങ്ങൾക്ക് ദീർഘദൂരം പറക്കാനോ ലക്ഷ്യസ്ഥാനങ്ങൾ കൃത്യമായി കണ്ടെത്താനോ സാധിക്കില്ല. അമേരിക്കയുടെ വ്യോമ മേൽക്കോയ്മയെ നിർവീര്യമാക്കാൻ ഈ നീക്കത്തിലൂടെ ചൈനയ്ക്ക് സാധിക്കും.

### 4. പസഫിക് മഹാസമുദ്രത്തിലെ ഉപഗ്രഹ റഡാർ ശൃംഖലകൾ

8,000 കിലോമീറ്റർ അകലെയുള്ള പറക്കുന്ന വിമാനങ്ങളുടെ സ്ഥാനം കൃത്യമായി നിർണ്ണയിക്കാൻ അതിവിപുലമായ സാറ്റലൈറ്റ് ഉപഗ്രഹ റഡാറുകളും സമുദ്ര അധിഷ്ഠിത നിരീക്ഷണ കപ്പലുകളും ചൈന സജ്ജമാക്കിയിട്ടുണ്ട്. ചൈനയിലെ മണ്ണിൽ നിന്ന് തൊടുക്കുന്ന മിസൈലിന് തത്സമയ വിവരങ്ങൾ കൈമാറാൻ തദ്ദേശീയ ബാസിക് പോയിന്റിംഗ് സിസ്റ്റം ഉപയോഗിക്കുന്നു. ഇത് മിസൈലിന്റെ കൃത്യത ഇരട്ടിയാക്കുന്നു.

### അമേരിക്കൻ പ്രതിരോധ മേഖലയിലെ ഭീതികളും പ്രതിരോധ തന്ത്രങ്ങളും

ചൈനീസ് സൈന്യത്തിന്റെ ഈ മുന്നേറ്റങ്ങൾ വാഷിംഗ്ടണിന്റെ ആഗോള സുരക്ഷാ കവചങ്ങൾക്ക് കടുത്ത ഭീഷണിയാണ് സൃഷ്ടിക്കുന്നത്.

### 1. പരമ്പരാഗത വ്യോമപ്രതിരോധ സംവിധാനങ്ങളുടെ പരാജയ സാധ്യതകൾ

നിലവിൽ അമേരിക്കയുടെ കൈവശമുള്ള തിയേറ്റർ ഹൈആൾട്ടിറ്റ്യൂഡ് ഏരിയ ഡിഫൻസ്, പേട്രിയറ്റ് മിസൈൽ പ്രതിരോധ സംവിധാനങ്ങൾ ബാല്ലിസ്റ്റിക് മിസൈലുകളെ ചെറുക്കാൻ രൂപകൽപ്പന ചെയ്തതാണ്. എന്നാൽ അന്തരീക്ഷത്തിലൂടെ പാറിനടക്കുന്ന ഹൈപ്പർസോണിക് ഗ്ലൈഡ് വാഹനങ്ങളുടെ സഞ്ചാരപാത പ്രവചിക്കാൻ ഇവയ്ക്ക് സാധിക്കില്ല. ഇത് യുഎസ് വ്യോമാതിർത്തികളിൽ വൻ സുരക്ഷാ സുഷിരങ്ങൾ ഉണ്ടാക്കും.

### 2. അമേരിക്കൻ മെയിൻലാന്റിന് തൊട്ടടുത്തുള്ള വിന്യാസങ്ങൾ

അമേരിക്കൻ ഭൂഖണ്ഡത്തിൽ നിന്നും ആയിരക്കണക്കിന് കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ചൈനയ്ക്ക് തങ്ങളുടെ സ്വന്തം അതിർത്തിക്കുള്ളിൽ നിന്നുകൊണ്ട് അമേരിക്കൻ ആകാശത്തുള്ള വിമാനങ്ങളെ ആക്രമിക്കാൻ ഈ വിദ്യയിലൂടെ സാധിക്കും. കൊളറാഡോ, കലിഫോർണിയ എന്നിവിടങ്ങളിലെ അമേരിക്കൻ സൈനിക ആസ്ഥാനങ്ങളുടെ സുരക്ഷയ്ക്ക് പോലും ഇത് സങ്കീർണ്ണമായ ഭീഷണികൾ സൃഷ്ടിക്കും.

### 3. സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ജാമർ പദ്ധതികൾ

ചൈനയുടെ ഈ ദീർഘദൂര മിസൈൽ ലക്ഷ്യങ്ങളെ നിർവീര്യമാക്കാൻ അമേരിക്കൻ പ്രതിരോധ ഏജൻസികൾ തങ്ങളുടെ സ്പേസ് ഫോഴ്സ് വഴി ചൈനീസ് ഉപഗ്രഹ നെറ്റ്വർക്കുകളിൽ തടസ്സങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നുണ്ട്. ഹൈപ്പർസോണിക് ഗ്ലൈഡ് വാഹനത്തിലേക്ക് സന്ദേശങ്ങൾ എത്താതിരുന്നാൽ അത് ലക്ഷ്യം തെറ്റി കടലിൽ പതിക്കും. ഇതിനായി ഇലക്ട്രോണിക് വാർഫെയർ സംവിധാനങ്ങൾ വിന്യസിക്കുകയാണ് അമേരിക്ക.

### 4. ഇൻഡോപസഫിക്കിലെ ഓക്കസ് സുരക്ഷാ അലേർട്ടുകൾ

ഓസ്ട്രേലിയ, ബ്രിട്ടൻ, അമേരിക്ക എന്നിവരടങ്ങുന്ന ഓക്കസ് സഖ്യത്തിന്റെ കപ്പലുകൾക്കും പസഫിക്കിലെ വ്യോമ കേന്ദ്രങ്ങൾക്കും ഈ ചൈനീസ് മിസൈൽ വിദ്യ ഭീഷണിയാണ്. ഗുവാം ദ്വീപിലുള്ള കൂറ്റൻ അമേരിക്കൻ നാവികവ്യോമ താവളം പൂർണ്ണമായി ഈ ചൈനീസ് മിസൈലുകളുടെ ഭീഷണി നിഴലിലാകും. പസഫിക്കിൽ കൂടുതൽ അത്യാധുനിക വ്യോമപ്രതിരോധ നിരകൾ വിന്യസിക്കാൻ വാഷിംഗ്ടൺ തയാറാകുന്നു.

### ഇന്ത്യൻ അതിർത്തി സുരക്ഷയിലെ സ്വാധീനങ്ങളും നയതന്ത്ര ജാഗ്രതകളും

ചൈന തങ്ങളുടെ വ്യോമ ആയുധ ശേഖരം അതിവേഗം ലഡാക്കിനും അരുണാചൽ പ്രദേശിനും എതിർവശങ്ങളിൽ ശക്തിപ്പെടുത്തുമ്പോൾ ഇന്ത്യയ്ക്ക് കൃത്യമായ ഭൗമരാഷ്ട്രീയ കാഴ്ചപ്പാടുകൾ അത്യാവശ്യമാണ്.

### 1. അരുണാചൽ, ലഡാക് അതിർത്തികളിലെ വിമാനത്താവള സുരക്ഷകൾ

അതിദൂരത്തുള്ള വ്യോമ ലക്ഷ്യങ്ങളെ തകർക്കാൻ ചൈന സാങ്കേതിക വിദ്യകൾ നിർമ്മിക്കുമ്പോൾ, ഇന്ത്യൻ വ്യോമസേനയുടെ ഇന്റഗ്രേറ്റഡ് എയർ കമാൻഡ് ആൻഡ് കൺട്രോൾ സിസ്റ്റത്തിനും അവ്വാക്സ് വിമാനങ്ങൾക്കും കൂടുതൽ സുരക്ഷാ കവചങ്ങൾ പണിയേണ്ടതുണ്ട്. ഇന്ത്യയുടെ വടക്കൻ അതിർത്തികളിൽ തദ്ദേശീയ ഡ്രോൺമിസൈൽ കവചങ്ങൾ അതിവേഗം സജ്ജമാക്കപ്പെടണം.

### 2. സുദർശൻ (S-400) മിസൈൽ ഗ്രിഡുകളുടെ പ്രതിരോധ പാതകൾ

റഷ്യൻ നിർമ്മിത എസ്400 സുദർശൻ വ്യോമപ്രതിരോധ സംവിധാനങ്ങളും അത്യാധുനിക തെർമൽ സിസ്റ്റങ്ങളും ഇന്ത്യൻ അതിർത്തികളിൽ വിന്യസിച്ചത് ചൈനീസ് പോർവിമാനങ്ങളെ തടയാൻ പ്രാപ്തമാണ്. എങ്കിലും ഹൈപ്പർസോണിക് ഭീഷണികൾ നേരിടാൻ തദ്ദേശീയമായി നിർമ്മിക്കുന്ന പ്രൊജക്റ്റ് കുശ ദീർഘദൂര മിസൈൽ പദ്ധതികൾ ഇന്ത്യ അതിവേഗത്തിലാക്കുന്നുണ്ട്.

### 3. ക്വാഡ് സഖ്യത്തിലെ ഡിജിറ്റൽ വിവര കൈമാറ്റങ്ങൾ

ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ ചൈനീസ് സമുദ്രഉപഗ്രഹ കപ്പലുകളുടെ നീക്കങ്ങൾ നിരീക്ഷിക്കാൻ ഇന്ത്യ ക്വാഡ് പങ്കാളികളായ അമേരിക്ക, ജപ്പാൻ, ഓസ്ട്രേലിയ എന്നിവരുമായി ചേർന്ന് തത്സമയ റഡാർ വിവരങ്ങൾ പങ്കുവെക്കുന്നുണ്ട്. ഈ സംയുക്ത നീക്കം ചൈനയുടെ ഏത് അടിയന്തിര ഹൈപ്പർസോണിക് പരീക്ഷണങ്ങളെയും മുൻകൂട്ടി തിരിച്ചറിയാൻ സഹായിക്കും.

### 4. തന്ത്രപ്രധാന സ്വയംഭരണവും നയതന്ത്ര പ്രതിരോധങ്ങളും

ചൈനയുമായി അടുത്തകാലത്ത് അതിർത്തി സൈനിക പിന്മാറ്റ ചർച്ചകൾ പുരോഗമിക്കുന്നുണ്ടെങ്കിലും, അവരുടെ സായുധ ആധുനികവൽക്കരണങ്ങൾ ഇന്ത്യ നിസ്സാരമായി കാണുന്നില്ല. സൈനിക ബജറ്റുകളിൽ വ്യോമസേനയ്ക്ക് കൂടുതൽ അത്യാധുനിക യുദ്ധവിമാനങ്ങളും മിസൈലുകളും നൽകി സ്വന്തം അതിർത്തികൾ കാത്തുസൂക്ഷിക്കാൻ ഇന്ത്യ പൂർണ്ണമായി തയാറാണ്.

ശാന്തസമുദ്രത്തിന് കുറുകെ 8,000 കിലോമീറ്ററിലധികം ദൂരമുള്ള വിമാനങ്ങളെപ്പോലും ലക്ഷ്യമിടാൻ പാകത്തിൽ ചൈന വികസിപ്പിക്കുന്ന പുതിയ ഹൈപ്പർസോണിക് മിസൈൽ വിദ്യകൾ ആഗോള വ്യോമ പോരാട്ട നിയമങ്ങളെത്തന്നെ മാറ്റിമറിക്കുകയാണ്.

അമേരിക്കയുടെ വ്യോമ ആധിപത്യത്തെ നേരിട്ട് ചോദ്യം ചെയ്യുന്ന ഈ നീക്കങ്ങൾ പസഫിക്കിലും ഏഷ്യയിലും പുതിയൊരു അത്യാധുനിക ആയുധ മത്സരത്തിന് വഴിയൊരുക്കുന്നു.

# മോഡലിംഗ് രംഗത്തേക്ക് ചുവടുവെച്ച് ടോം ബ്രാഡി! മുൻഭാര്യ ജിസെൽ ബുണ്ഡ്ചന്റെ കരിയറിന് ഭീഷണിയോ എന്ന് ആരാധകർ



എൻഎഫ്എൽ ഇതിഹാസം ടോം ബ്രാഡിയുടെ പുതിയ സോഷ്യൽ മീഡിയ പോസ്റ്റുകൾ ഇന്റർനെറ്റിൽ വൻ ചർച്ചകൾക്ക് തിരികൊളുത്തിയിരിക്കുകയാണ്. ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ച സ്റ്റൈലിഷ് ഫോട്ടോകൾ കണ്ടതോടെ താരം തന്റെ മുൻഭാര്യയും മോഡലുമായ ജിസെൽ ബുണ്ഡ്ചന്റെ തൊഴിൽ മേഖല ലക്ഷ്യമിടുകയാണോ എന്നാണ് ആരാധകരുടെ ചോദ്യം. ഗ്ലാമറസ് പോസുകളിലുള്ള ചിത്രങ്ങൾ നിമിഷങ്ങൾക്കുള്ളിലാണ് വൈറലായി മാറിയത്.കളിക്കളത്തിൽ നിന്ന് വിരമിച്ച ശേഷം സ്പോർട്സ് കമന്റേറ്ററായും ബിസിനസുകാരനായും സജീവമാണ് ടോം ബ്രാഡി. എന്നാൽ പുതിയ ചിത്രങ്ങളിൽ ഒരു പ്രൊഫഷണൽ ഫാഷൻ മോഡലിനെ വെല്ലുന്ന ലുക്കിലാണ് അദ്ദേഹം പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. വസ്ത്രധാരണത്തിലും പോസുകളിലും പുലർത്തിയ കൃത്യത പ്രേക്ഷകരെ അത്ഭുതപ്പെടുത്തി.ടോം ബ്രാഡിയുടെ ഈ മാറ്റം കണ്ടതോടെ ഇൻസ്റ്റാഗ്രാമിൽ കമന്റുകളുടെ പ്രവാഹമാണ് ഉണ്ടാകുന്നത്. ജിസെൽ ബുണ്ഡ്ചന്റെ സൂപ്പർ മോഡൽ പദവിക്ക് ഭീഷണിയാകാനാണോ ബ്രാഡിയുടെ നീക്കമെന്ന് പലരും തമാശയായി ചോദിക്കുന്നു. ഫാഷൻ ലോകത്തേക്ക് ബ്രാഡി ഉടൻ തന്നെ മുഴുവൻ സമയ സാന്നിധ്യമായി മാറുമെന്നും ചില ആരാധകർ പ്രവചിക്കുന്നു.വർഷങ്ങൾ നീണ്ട ദാമ്പത്യത്തിന് ശേഷമാണ് ടോം ബ്രാഡിയും ജിസെൽ ബുണ്ഡ്ചനും വേർപിരിഞ്ഞത്. ലോകത്തിലെ ഏറ്റവും ജനപ്രിയരായ ദമ്പതികളിലൊന്നായിരുന്നു ഇരുവരും. വേർപിരിയലിന് ശേഷവും ഇവരുടെ വ്യക്തിജീവിതത്തിലെയും കരിയറിലെയും ഓരോ ചലനങ്ങളും മാധ്യമങ്ങൾ വളരെ ശ്രദ്ധയോടെയാണ് വീക്ഷിക്കുന്നത്.സ്പോർട്സ് രംഗത്ത് ചരിത്രം സൃഷ്ടിച്ച ബ്രാഡിക്ക് ഫാഷൻ രംഗത്തും തന്റേതായ ഇടം കണ്ടെത്താൻ സാധിക്കുമെന്ന് ചിത്രങ്ങൾ തെളിയിക്കുന്നു. മുൻപ് പല പ്രമുഖ ബ്രാൻഡുകളുടെയും പരസ്യങ്ങളിൽ അദ്ദേഹം മുഖം കാണിച്ചിട്ടുണ്ടെങ്കിലും ഇത്തരം പോസുകൾ ഇതാദ്യമാണ്. പ്രായത്തെ വെല്ലുന്ന ലുക്കാണ് ബ്രാഡിയെ വീണ്ടും ശ്രദ്ധാകേന്ദ്രമാക്കിയത്.



# കങ്കണയുമായുള്ള പോരിൽ തടസ്സമില്ലാതെ സംസാരിച്ച് താപ്സി പന്നു! 'എല്ലാവർക്കും തമാശയാണല്ലേ? ഇനി ഇക്കാര്യത്തിൽ ചോദ്യങ്ങൾ വേണ്ട'



ബോളിവുഡ് നടി താപ്സി പന്നുവും നടിയും എംപിയുമായ കങ്കണ റണാവത്തും തമ്മിലുള്ള വാക്പോര് സിനിമാ ലോകത്ത് വീണ്ടും കനക്കുന്നു. തന്റെ പുതിയ ചിത്രമായ 'ഗാന്ധാരി'യുടെ പ്രചാരണ തിരക്കുകളിലുള്ള താപ്സി, കങ്കണയുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയുമായി രംഗത്തെത്തി. ഇനിയും ഈ വിഷയത്തിൽ തന്നോട് ചോദ്യങ്ങൾ ചോദിക്കരുതെന്നും ജനങ്ങൾക്ക് ഇത് വെറുമൊരു വിനോദം മാത്രമാണെന്നും താരം പ്രതികരിച്ചു.കഴിഞ്ഞ കുറച്ചു ദിവസങ്ങളായി സോഷ്യൽ മീഡിയയിലും അഭിമുഖങ്ങളിലും ഇരുവരും തമ്മിൽ കടുത്ത വാദപ്രതിവാദങ്ങളാണ് നടക്കുന്നത്. ഒരു അഭിമുഖത്തിനിടെ കങ്കണയെ നേരിട്ട് കണ്ടിട്ടില്ലെന്ന് വെളിപ്പെടുത്തിയ താപ്സി, ഒരാളുടെ സംസാരിക്കുന്ന രീതിയും കാര്യങ്ങളെ കാണുന്ന രീതിയും അവരുടെ വളർത്തുമൃഗങ്ങളുടെയോ കുടുംബത്തിന്റെയോ വളർത്തലിന്റെ പ്രതിഫലനമാണെന്ന് അഭിപ്രായപ്പെട്ടിരുന്നു.

## ഇൻഫ്ലുവൻസർമാർക്ക് കൊട്ടേഷനുമായി പിന്നിൽ നിന്നവരെ പൊക്കി നോറ



പ്രശസ്ത ബോളിവുഡ് നടി നോറ ഫത്തേഹി പ്രധാന വേഷത്തിലെത്തിയ പാട്ടിനെ ചൊല്ലിയുള്ള വിവാദങ്ങൾ സിനിമാ ലോകത്ത് വീണ്ടും പുകയുന്നു. കന്നഡ ചിത്രമായ 'കെഡി ദി ഡെവിൾ' സിനിമയിലെ 'സർക്കെ ചുനർ തേരി സർക്കെ' എന്ന പാട്ടിനെതിരെ ഉയർന്ന വിമർശനങ്ങൾ തികച്ചും ആസൂത്രിതമായിരുന്നുവെന്നാണ് താരം വെളിപ്പെടുത്തിയിരിക്കുന്നത്. സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാർക്ക് പണം നൽകി തനിക്കെതിരെ സൈബർ ആക്രമണം അഴിച്ചുവിടുകയായിരുന്നുവെന്ന് നോറ പരസ്യമായി ആരോപിച്ചു.ഒരു പ്രമുഖ പോഡ്കാസ്റ്റ് പരിപാടിയിൽ സംസാരിക്കവേയാണ് നോറ ഫത്തേഹി ഈ ഞെട്ടിക്കുന്ന വിവരങ്ങൾ തുറന്നുപറഞ്ഞത്. തനിക്കെതിരെ സംസാരിക്കാൻ ആരെയൊക്കെയാണ് നിയോഗിച്ചതെന്നും എത്ര തുകയാണ് അവർക്ക് ഇതിനായി നൽകിയതെന്നും കൃത്യമായി അറിയാമെന്ന് നോറ വ്യക്തമാക്കി. ചില ശക്തികൾ തനിക്കെതിരെയുള്ള ഈ അവസരം പരമാവധി മുതലെടുക്കുകയായിരുന്നുവെന്നും അവർ കൂട്ടിച്ചേർത്തു.പാട്ടിന്റെ ഹിന്ദി പതിപ്പിലെ വരികളും ദൃശ്യങ്ങളും മോശമാണെന്ന് ചൂണ്ടിക്കാട്ടി മുൻപ് വലിയ രീതിയിലുള്ള വിദ്വേഷ പ്രചരണമാണ് നടന്നിരുന്നത്. എന്നാൽ ഈ പാട്ടിന്റെ ഹിന്ദി പതിപ്പിന് താൻ യാതൊരുവിധ അനുമതിയും നൽകിയിരുന്നില്ലെന്ന് നടി മുൻപേ വ്യക്തമാക്കിയിരുന്നു.

# മലയാളി സുന്ദരിക്ക് അവഗണന! മിസ് യൂണിവേഴ്സ് ഇന്ത്യ കാസിയ ലിസ് മേജോയെ സുഷ്മിത സെൻ തള്ളിപ്പറഞ്ഞോ?



മിസ് യണിവേഴ്സ് ഇന്ത്യ 2026 കിരീടം ചൂടിയ മലയാളി താരം കാസിയ ലിസ് മേജോയെ മുൻ മിസ് യൂണിവേഴ്സും നടിയുമായ സുഷ്മിത സെൻ അവഗണിച്ചതായി സോഷ്യൽ മീഡിയയിൽ കടുത്ത പ്രചരണം. ജയ്പൂരിൽ വെച്ച് നടന്ന മനോഹരമായ ഫിനാലെ ചടങ്ങിന് ശേഷം വേദിയിൽ നടന്ന ഒരു രംഗമാണ് ഇപ്പോൾ ഇന്റർനെറ്റിൽ വലിയ ചർച്ചകൾക്ക് തിരികൊളുത്തിയിരിക്കുന്നത്.വിജയിയായി തിരഞ്ഞെടുക്കപ്പെട്ട കാസിയയോട് നിമിഷങ്ങൾ മാത്രം സംസാരിച്ച സുഷ്മിത, ഒന്നാം റണ്ണറപ്പായ വൈഷ്ണവി ഗണേഷിന് കൂടുതൽ പരിഗണന നൽകിയെന്നാണ് ആരാധകരുടെ ആരോപണം. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രചരിക്കുന്ന വീഡിയോയിൽ സുഷ്മിത സെൻ കാസിയയെ മറികടന്ന് പോകുന്നതും വൈഷ്ണവിയുടെ കിരീടം ശരിയാക്കി കൊടുക്കുന്നതും കാണാം.ഈ വീഡിയോ പുറത്തുവന്നതോടെ സുഷ്മിത സെന്നിന്റെ പെരുമാറ്റത്തിനെതിരെ വലിയ രീതിയിലുള്ള വിമർശനങ്ങളാണ് ഉയരുന്നത്. വിജയിയായ കാസിയയെ പൂർണ്ണമായി അഭിനന്ദിക്കുന്നതിന് പകരം റണ്ണറപ്പിന് സുഷ്മിത കൂടുതൽ ശ്രദ്ധ നൽകിയത് പക്ഷപാതപരമായ പെരുമാറ്റമാണെന്ന് ഒരു വിഭാഗം നെറ്റിസൺസ് ആരോപിക്കുന്നു.മുൻ മിസ് യൂണിവേഴ്സ് എന്ന പദവിക്ക് യോജിച്ച പെരുമാറ്റമല്ല സുഷ്മിതയുടെ ഭാഗത്തുനിന്നും ഉണ്ടായതെന്ന് പലരും എക്സിലും ഇൻസ്റ്റാഗ്രാമിലും കുറിച്ചു. എന്നാൽ തിരക്കേറിയ വേദിയിൽ സംഭവിച്ച ഒരു ചെറിയ നിമിഷം മാത്രമാണിതെന്നും അനാവശ്യ വിവാദങ്ങൾ ഉണ്ടാക്കേണ്ടതില്ലെന്നും മറുഭാഗം വാദിക്കുന്നുണ്ട്. കേരളത്തിലെ മാവേലിക്കര സ്വദേശിയായ പത്തൊൻപതുകാരി കാസിയ ലിസ് മേജോ കടുത്ത മത്സരത്തിനൊടുവിലാണ് ഇന്ത്യയുടെ പരമോന്നത സൗന്ദര്യ കിരീടം സ്വന്തമാക്കിയത്. നിയമ വിദ്യാർത്ഥിനിയും മോഡലുമായ കാസിയയുടെ ആത്മവിശ്വാസവും കൃത്യമായ ഉത്തരങ്ങളുമാണ് വിധികർത്താക്കളുടെ മനം കവർന്നത്. തനിക്ക് ലഭിച്ച വലിയ അംഗീകാരത്തെ സോഷ്യൽ മീഡിയ സൈബർ പോരുകൾക്കിടയിലേക്ക് വലിച്ചിഴയ്ക്കുന്നതിൽ കാസിയയുടെ ആരാധകർക്കും കടുത്ത അമർഷമുണ്ട്. വിവാദങ്ങളോട് കാസിയയോ സുഷ്മിത സെന്നോ ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

# കരീന കപൂറും പൃഥ്വിരാജും ഒന്നിക്കുന്ന ഡാർക്ക് ക്രൈം ത്രില്ലർ 'ദായറ'; നിഗൂഢതകൾ നിറച്ച് ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത്



ബോളിവുഡ് സുന്ദരി കരീന കപൂറും മലയാളത്തിന്റെ പ്രിയ താരം പൃഥ്വിരാജ് സുകുമാരനും ആദ്യമായി ഒന്നിക്കുന്ന ബിഗ് ബജറ്റ് ചിത്രം 'ദായറ'യുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി. പ്രഖ്യാപന സമയം മുതൽ സിനിമാ പ്രേമികൾക്കിടയിൽ കൗതുകം വളർത്തിയ ഈ ചിത്രം ഒരു ഡാർക്ക് ക്രൈം സസ്പെൻസ് ത്രില്ലറാണെന്നാണ് സൂചനകൾ. ചിത്രത്തിന്റെ വിസ്മയിപ്പിക്കുന്ന പോസ്റ്റർ സോഷ്യൽ മീഡിയയിൽ നിമിഷങ്ങൾക്കുള്ളിലാണ് തരംഗമായി മാറിയത്. ആദ്യ കാഴ്ചയിൽ തന്നെ പ്രേക്ഷകരിൽ വലിയ ഉദ്വേഗം നിറയ്ക്കാൻ അണിയറപ്രവർത്തകർക്ക് സാധിച്ചിട്ടുണ്ട്. പ്രശസ്ത സംവിധായിക മേഘ്ന ഗുൽസാർ ആണ് ഈ വമ്പൻ ക്രൈം ത്രില്ലർ ചിത്രം സംവിധാനം ചെയ്യുന്നത്. തൽവാർ, റാസി, സം ബഹാദൂർ തുടങ്ങിയ മികച്ച ചിത്രങ്ങൾക്ക് ശേഷം മേഘ്ന ഒരുക്കുന്ന പുതിയ പ്രോജക്റ്റാണിത്. യാഥാർത്ഥ്യത്തോട് അടുത്തുവെക്കുന്ന കഥപറച്ചിൽ രീതി കൊണ്ട് ശ്രദ്ധേയയായ മേഘ്നയുടെ പുതിയ പരീക്ഷണം വൻ പ്രതീക്ഷയാണ് നൽകുന്നത്. ബോളിവുഡിലും സൗത്ത് ഇന്ത്യൻ സിനിമാ ലോകത്തും ഒരുപോലെ തരംഗമാകാൻ പോകുന്ന ഒന്നാണ് ഈ അപൂർവ്വ കൂട്ടുകെട്ട്. ഇതുവരെ കാണാത്ത വേറിട്ട ഒരു കഥാപാത്രത്തെയാണ് പൃഥ്വിരാജ് ഈ ചിത്രത്തിൽ അവതരിപ്പിക്കുന്നത്.

## ഷൂട്ടിംഗ് തുടങ്ങാൻ ദിവസങ്ങൾ ബാക്കിനിൽക്കെ പ്രിയങ്കയെ ചതിച്ചു? പുതിയ ചിത്രത്തിൽ നിന്നും ഓർലാൻഡോ ബ്ലൂം പിന്മാറി



ഇന്ത്യൻ താരം പ്രിയങ്ക ചോപ്ര പ്രധാന വേഷത്തിലെത്തുന്ന ഏറ്റവും പുതിയ ഹോളിവുഡ് ചിത്രമായ 'റീസെറ്റ്' ഷൂട്ടിംഗ് തുടങ്ങാൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ വൻ പ്രതിസന്ധിയിൽ. ചിത്രത്തിലെ പ്രധാന നായകനും നിർമ്മാതാക്കളിൽ ഒരാളുമായ പ്രശസ്ത ഹോളിവുഡ് താരം ഓർലാൻഡോ ബ്ലൂം പ്രോജക്റ്റിൽ നിന്നും അപ്രതീക്ഷിതമായി പിന്മാറി. കാമറകൾ ചലിക്കാൻ തുടങ്ങുന്നതിന് തൊട്ടുമുൻപുള്ള ഈ അടിയന്തര പിന്മാറ്റം സിനിമയുടെ അണിയറ പ്രവർത്തകരെ കടുത്ത അമർഷത്തിലും ആശങ്കയിലുമാക്കിയിരിക്കുകയാണ്.ചിത്രത്തിന്റെ പ്രീ-പ്രൊഡക്ഷൻ ജോലികളിൽ പൂർണ്ണമായി പങ്കാളിയായ ശേഷമാണ് 'പൈറേറ്റ്സ് ഓഫ് ദി കരീബിയൻ' ഫെയിം ഓർലാൻഡോ ബ്ലൂമിന്റെ ഈ പെട്ടെന്നുള്ള തീരുമാനം. സിനിമയിൽ നിന്നും മാറിനിൽക്കാനുള്ള വ്യക്തമായ കാരണം താരം ഇതുവരെയും പുറത്തുവിട്ടിട്ടില്ല. വൻകിട താരം എന്ന നിലയിൽ ഓർലാൻഡോ ബ്ലൂമിന്റെ സാന്നിധ്യമാണ് ചിത്രത്തിന്റെ രാജ്യാന്തര വിതരണാവകാശത്തിനും സാമ്പത്തിക സമാഹരണത്തിനും നിർണായകമായിരുന്നത്. ഒരു സ്വതന്ത്ര സർവൈവൽ ത്രില്ലറായി അണിയറയിൽ ഒരുങ്ങുന്ന ചിത്രമാണ് 'റീസെറ്റ്'. വനത്തിനുള്ളിൽ മുൻകാല ഓർമ്മകൾ ഒന്നുമില്ലാതെ ഒറ്റപ്പെട്ടുപോകുന്ന ഒരു സ്ത്രീയുടെയും, അവളെ സഹായിക്കാൻ എത്തുന്ന ആകർഷകനായ ഒരു അപരിചിതന്റെയും കഥയാണ് ചിത്രം പറയുന്നത്. എന്നാൽ ഈ അപരിചിതൻ യഥാർത്ഥത്തിൽ ആരാണെന്ന സസ്പെൻസാണ് സിനിമയുടെ പ്രധാന പ്രമേയം.പെട്ടെന്നുള്ള പിന്മാറ്റം മൂലം ഷൂട്ടിംഗ് ഷെഡ്യൂളുകൾ അവതാളത്തിലായതോടെ പുതിയ നായകനെ കണ്ടെത്താനുള്ള തീവ്ര ശ്രമത്തിലാണ് സിനിമാ സംഘം. മൂന്ന് പ്രമുഖ ഹോളിവുഡ് നടന്മാരെ നിലവിൽ ഓർലാൻഡോയ്ക്ക് പകരക്കാരായി പരിഗണിക്കുന്നുണ്ട്. അടിയന്തരമായി ഒരാളെ തിരഞ്ഞെടുത്ത് ഷൂട്ടിംഗ് മുൻപോട്ട് കൊണ്ടുപോകാനാണ് നിർമ്മാതാക്കളുടെ പ്ലാൻ.

## യഷിന്റെ 'ടോക്സിക്' തിയേറ്ററുകളിൽ! എഡിറ്റിംഗിനും തിരക്കഥയ്ക്കും കടുത്ത വിമർശനം

കെജിഎഫ് ചിത്രങ്ങളുടെ വൻ വിജയത്തിന് ശേഷം കന്നഡ റോക്കിംഗ് സ്റ്റാർ യഷ് നായകനായി തിയേറ്ററുകളിലെത്തിയ ഏറ്റവും പുതിയ ചിത്രം'ടോക്സിക്' സോഷ്യൽ മീഡിയയിൽ സമ്മിശ്ര പ്രതികരണങ്ങൾ നേടുന്നു. വൻ പ്രേക്ഷക പ്രതീക്ഷയോടെ എത്തിയ ചിത്രത്തിന്മേൽ സമ്മിശ്ര പ്രതികരണങ്ങളാണ് ഇപ്പോൾ ഉയർന്നുവരുന്നത്. ചിത്രത്തിലെ യഷിന്റെ സ്ക്രീൻ പ്രസൻസും തകർപ്പൻ ആക്ഷൻ രംഗങ്ങളും സാങ്കേതിക തികവുമാണ് പ്രധാന പ്ലസ് പോയിന്റുകളായി പ്രേക്ഷകർ ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ മറുഭാഗത്ത് ചിത്രത്തിന്റെ തിരക്കഥയെയും കഥപറച്ചിലിനെയും എഡിറ്റിംഗിനെയും രൂക്ഷമായ ഭാഷയിലാണ് പലരും വിമർശിക്കുന്നത്. കെജിഎഫ് സിനിമകളുടെ സ്വാധീനം ചിത്രത്തിൽ പ്രകടമായി കാണാമെന്നും കഥയിൽ വലിയ പുതുമയൊന്നുമില്ലെന്നും ചില നിരൂപകർ അഭിപ്രായപ്പെടുന്നു.



# ബോക്സ് ഓഫീസിൽ ചിലന്തിവല നെയ്ത് സ്പൈഡർമാൻ! തുടർച്ചയായ 4-ാം വാരത്തിലും ഒന്നാമത്; വിപണി കീഴടക്കി ടോം ഹോളണ്ട് ചിത്രം

അമേരിക്കൻ ബോക്സ് ഓഫീസിൽ തങ്ങളുടെ ആധിപത്യം തുടർന്ന് പുതിയ സ്പൈഡർമാൻ ചിത്രം 'സ്പൈഡർമാൻ: ബ്രാൻഡ് ന്യൂ ഡേ'. റിലീസ് ചെയ്ത് നാലാം വാരാന്ത്യത്തിലും കളക്ഷൻ റെക്കോർഡുകളിൽ ഒന്നാമതായി തുടരുകയാണ് ഈ മാർവൽ സൂപ്പർഹീറോ ചിത്രം. കഴിഞ്ഞ വാരങ്ങളെ അപേക്ഷിച്ച് കളക്ഷനിൽ നേരിയ കുറവുണ്ടായെങ്കിലും മറ്റ് ചിത്രങ്ങൾക്ക് എത്തിപ്പിടിക്കാനാകാത്ത ഉയരത്തിലാണ് ടോം ഹോളണ്ട് ചിത്രം നിലകൊള്ളുന്നത്.നാലാം വാരാന്ത്യത്തിൽ മാത്രം നോർത്ത് അമേരിക്കൻ തിയേറ്ററുകളിൽ നിന്ന് 39 മില്യൺ ഡോളറാണ് ചിത്രം വാരിയത്. കഴിഞ്ഞ ആഴ്ചയിലെ വരുമാനത്തേക്കാൾ 45 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തിയെങ്കിലും ഒന്നാം സ്ഥാനം നിലനിർത്താൻ ചിത്രത്തിന് സാധിച്ചു. യുഎസ്, കാനഡ വിപണികളിൽ നിന്ന് മാത്രം ഇതുവരെ 854.9 മില്യൺ ഡോളർ സമാഹരിക്കാൻ ചിത്രത്തിന് സാധിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിപണിയിൽ നിന്ന് 1.37 ബില്യൺ ഡോളർ അധികമായി നേടാനും ചിത്രത്തിന് കഴിഞ്ഞതായി പ്രമുഖ ഇൻഡസ്ട്രി ട്രാക്കറായ എക്സിബിറ്റർ റിലേഷൻസ് വ്യക്തമാക്കി. ആഗോളതലത്തിൽ വൻ വിജയമായി മാറിയ ചിത്രം മാർവൽ സിനിമാറ്റിക് യൂണിവേഴ്സിന് പുതിയ ഉണർവാണ് നൽകിയിരിക്കുന്നത്.സോണി പിക്ചേഴ്സ് തന്നെ വിതരണത്തിനെത്തിച്ച ഹൊറർ ചിത്രം 'ഇൻസിഡിയസ്: ഔട്ട് ഓഫ് ദി ഫർദർ' ആണ് ബോക്സ് ഓഫീസിൽ രണ്ടാമതെത്തിയത്. ഇൻസിഡിയസ് ഫ്രാഞ്ചൈസിയിലെ ആറാം പതിപ്പായ ഈ ചിത്രം ആദ്യ വാരാന്ത്യത്തിൽ 25.3 മില്യൺ ഡോളറിന്റെ മികച്ച കളക്ഷനാണ് നേടിയത്. ആത്മാക്കളെ മർത്യലോകത്തേക്ക് കൊണ്ടുവരാൻ കഴിവുള്ള ഒരു യുവതിയെ ചുറ്റിപ്പറ്റിയാണ് ഈ ഹൊറർ ചിത്രത്തിന്റെ കഥ മുന്നോട്ട് പോകുന്നത്.ക്രിസ്റ്റഫർ നോളന്റെ ബ്രഹ്മാണ്ഡ ചിത്രം 'ദി ഒഡീസി' ബോക്സ് ഓഫീസ് പട്ടികയിൽ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു.

# ഉപഭോക്തൃ വിപണിയിൽ ചൈനയെ പിന്തള്ളി ഇന്ത്യൻ ജനത പുതിയ നാഴികക്കല്ലിലേക്ക്



നീൽസെൻ ഐക്യുവും വേൾഡ് ഡാറ്റാ ലാബും സംയുക്തമായി പുറത്തുവിട്ട ഏറ്റവും പുതിയ സാമ്പത്തികഉപഭോക്തൃ റിപ്പോർട്ടുകൾ പ്രകാരം, വരും ദശകത്തിൽ ലോക വിപണിയിൽ ഇന്ത്യ വലിയ കുതിച്ചുചാട്ടത്തിന് സാക്ഷ്യം വഹിക്കും. ഉയർന്ന ഉപഭോഗ ശേഷിയുള്ള അഥവാ അഫ്ളുവന്റ് കൺസ്യൂമർ വിഭാഗത്തിൽ 2036ഓടെ ഇന്ത്യ ചൈനയെ മറികടക്കുമെന്നാണ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തൽ. പ്രതിദിനം 90 ഡോളറിലധികം അതായത് ഏകദേശം 7,500 രൂപയ്ക്ക് മുകളിൽ ചെലവാക്കാൻ ശേഷിയുള്ള ഉപഭോക്താക്കളുടെ എണ്ണമാണ് ഈ റിപ്പോർട്ടിലൂടെ കൃത്യമായി നിർണ്ണയിച്ചിരിക്കുന്നത്.

ഏഷ്യൻ വിപണികളിൽ വരാനിരിക്കുന്ന വലിയ സാമ്പത്തിക മാറ്റങ്ങളെ വരച്ചുകാണിക്കുന്നതാണ് ഈ പുതിയ കണക്കുകൾ. സാമ്പത്തിക വരുമാനത്തേക്കാൾ ഉപഭോക്താക്കളുടെ നിത്യേനയുള്ള ചെലവാക്കൽ ശേഷി വർദ്ധിക്കുന്നത് ആഗോള ബ്രാൻഡുകൾക്ക് ഇന്ത്യയിൽ വലിയ വാണിജ്യ സാധ്യതകളാണ് തുറന്നുനൽകുന്നത്. നീൽസെൻ ഐക്യു പുറത്തുവിട്ട റിപ്പോർട്ടിലെ പ്രധാന വിവരങ്ങളും ഇന്ത്യൻ വിപണിയുടെ ഭാവി മാറ്റങ്ങളും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്തുന്നു:

**എൻ.ഐക്യു വേൾഡ് ഡാറ്റാ ലാബ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ**

പുതിയ ദശകത്തിൽ ഉപഭോക്താക്കളുടെ ചെലവാക്കൽ രീതികളിൽ വരുന്ന കാതലായ മാറ്റങ്ങളാണ് പുതിയ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്.

**1. 10.8 കോടി അഫ്ളുവന്റ് ഉപഭോക്താക്കളെന്ന ലക്ഷ്യം**

നിലവിൽ 2026ലെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 2.6 കോടി അഫ്ളുവന്റ് ഉപഭോക്താക്കളാണ് ഉള്ളത്. എന്നാൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ ഈ സംഖ്യയിലേക്ക് പുതിയതായി 8.2 കോടി ആളുകൾ കൂടി കടന്നുവരും. ഇതോടെ 2036 ആകുമ്പോൾ പ്രതിദിനം 90 ഡോളറിലധികം ചെലവാക്കുന്ന ഇന്ത്യൻ ഉപഭോക്താക്കളുടെ ആകെ എണ്ണം 10.8 കോടിയായി കുത്തനെ ഉയരും. ആഗോളതലത്തിൽ തന്നെ വലിയൊരു സാമ്പത്തിക കുതിച്ചുചാട്ടമായാണ് സാമ്പത്തിക നിരീക്ഷകർ ഇതിനെ വിലയിരുത്തുന്നത്.

**2. ചൈനീസ് വിപണിയെ പിന്നിലാക്കുന്ന ഇന്ത്യൻ കുതിപ്പ്**

അടുത്ത പത്ത് വർഷത്തിനുള്ളിൽ ചൈനയ്ക്ക് തങ്ങളുടെ അഫ്ളുവന്റ് നിരയിലേക്ക് പുതുതായി 6.2 കോടി ആളുകളെ മാത്രമേ ചേർക്കാൻ സാധിക്കൂ എന്നാണ് റിപ്പോർട്ട് വ്യക്തമാക്കുന്നത്. ഇതോടെ 2036ൽ ചൈനയുടെ ആകെ അഫ്ളുവന്റ് ഉപഭോക്താക്കളുടെ എണ്ണം 10.3 കോടിയിൽ ഒതുങ്ങും. സാമ്പത്തിക വളർച്ചയിലും ഉയർന്ന പർച്ചേസിംഗ് പവറിലും ചൈനയെക്കാൾ കൃത്യമായ മേൽക്കോയ്മ ഇന്ത്യൻ വിപണി സ്വന്തമാക്കുന്നത് വിദേശ നിക്ഷേപങ്ങളെ വലിയ തോതിൽ ആകർഷിക്കാൻ സഹായിക്കും.

**3. പ്രതിദിനം 90 ഡോളർ എന്ന പുതിയ സാമ്പത്തിക മാനദണ്ഡം**

ആളുകളുടെ ആകെ സമ്പത്തോ ബാങ്ക് ബാലൻസോ അടിസ്ഥാനമാക്കിയല്ല ഈ കണക്കെടുപ്പ് നടത്തിയത്, മറിച്ച് അവർ ഒരു ദിവസം വിപണിയിൽ ചെലവഴിക്കുന്ന പണത്തെ അടിസ്ഥാനമാക്കിയാണ്. പ്രതിദിനം 90 ഡോളറിലധികം ചെലവാക്കുന്നവർ എന്നതുകൊണ്ട് 10.8 കോടി അതിസമ്പന്നരായ ആളുകൾ ഇന്ത്യയിൽ ഉണ്ടാകുമെന്നല്ല അർത്ഥമാക്കുന്നത്. മറിച്ച് പ്രീമിയം ഉൽപ്പന്നങ്ങൾ വാങ്ങാനും ഉയർന്ന ജീവിതനിലവാരം കാത്തുസൂക്ഷിക്കാനും തയ്യാറുള്ള വലിയൊരു കൂട്ടം ആളുകൾ ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയുടെ ഭാഗമാകും എന്നതാണ്.

**ഇന്ത്യൻ കോർ കൺസ്യൂമർ വിഭാഗവും വിപണിയിലെ മാറ്റങ്ങളും**

അഫ്ളുവന്റ് വിഭാഗത്തിന് പുറമെ കോർ കൺസ്യൂമർ വിഭാഗത്തിലും വലിയ ജനസംഖ്യാപരമായ മുന്നേറ്റങ്ങളാണ് ഇന്ത്യയിൽ വരാനിരിക്കുന്നത്.

**1. 64.9 കോടിവരുന്ന കോർ കൺസ്യൂമർ ജനസംഖ്യ**

പ്രതിദിനം 13 ഡോളർ മുതൽ 90 ഡോളർ വരെ അതായത് ഏകദേശം 1,100 രൂപ മുതൽ 7,500 രൂപ വരെ ചെലവാക്കുന്നവരെയാണ് കോർ കൺസ്യൂമർ എന്ന് വിളിക്കുന്നത്. 2026ലെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഇത്തരത്തിലുള്ള 64.9 കോടി ഉപഭോക്താക്കൾ ആണുള്ളത്. ഈ വലിയ വിഭാഗത്തെ അഫ്ളുവന്റ് കൺസ്യൂമർ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ലോകത്തിലെ തന്നെ ഏറ്റവും വലിയ ഇടത്തരക്കാരായ ഉപഭോക്തൃ നിരകളിൽ ഒന്നാണിത്.

**2. വോളിയം ഗ്രോത്ത് മാർക്കറ്റിലെ തന്ത്രപ്രധാനമായ മാറ്റങ്ങൾ**

ഇന്ത്യയെ ഒരു വോളിയം ഗ്രോത്ത് മാർക്കറ്റ് ആയാണ് എൻ.ഐക്യുവും വേൾഡ് ഡാറ്റാ ലാബും തരംതിരിച്ചിരിക്കുന്നത്. വളർന്നുവരുന്ന മധ്യവർഗ്ഗ ജനസംഖ്യയും അവശ്യസാധനങ്ങളുടെ വർദ്ധിച്ച വിതരണവുമാണ് ഇതിന് കാരണം. കൂടുതൽ ആളുകൾ ഉയർന്ന നിലവാരമുള്ള സാധനങ്ങൾ വാങ്ങാൻ താല്പര്യം കാണിക്കുന്നത് വഴി ഇന്ത്യൻ റീട്ടെയിൽ വിപണിയിൽ വമ്പൻ മാറ്റങ്ങൾ ദൃശ്യമാകും.

**3. വിലയേക്കാൾ ഗുണനിലവാരത്തിന് നൽകുന്ന കൂടുതൽ പ്രാധാന്യം**

ഉപഭോക്താക്കളുടെ കൈകളിൽ പണം വരുമ്പോൾ വിലയേക്കാൾ ഉൽപ്പന്നത്തിന്റെ മൂല്യത്തിനാണ് അവർ കൂടുതൽ മുൻഗണന നൽകുന്നത്. സർവ്വേയിൽ പങ്കെടുത്ത 60 ശതമാനം ആളുകളും ഉൽപ്പന്നത്തിന്റെ ഗുണനിലവാരമാണ് നോക്കുന്നതെന്നും, 46 ശതമാനം പേർ കൂടുതൽ സൗകര്യപ്രദമായ കാര്യങ്ങൾക്കായി പണം ചെലവാക്കാൻ തയ്യാറാണെന്നും വ്യക്തമാക്കി. ഉപഭോക്താക്കളുടെ ഈ പുതിയ മനോഭാവം മുൻനിർത്തി ബഹുരാഷ്ട്ര കമ്പനികൾക്ക് തങ്ങളുടെ വിപണന തന്ത്രങ്ങൾ മാറ്റിപ്പണിയേണ്ടി വരും.

**ആഗോള സാമ്പത്തിക ഉപഭോഗ കണക്കുകളും അമേരിക്കയുടെ സ്ഥാനവും**

ഇന്ത്യയും ചൈനയും നേർക്കുനേർ മത്സരിക്കുമ്പോഴും ആഗോള സാമ്പത്തിക ആധിപത്യം അമേരിക്കയുടെ കൈകളിൽ ഭദ്രമാണ്.

**1. അമേരിക്കൻ വിപണിയുടെ അനിഷേധ്യമായ ഒന്നാം സ്ഥാനം**

അഫ്ളുവന്റ് കൺസ്യൂമർമാരുടെ എണ്ണത്തിൽ ഇന്ത്യ ചൈനയെ മറികടക്കുമെങ്കിലും, അമേരിക്കയെ പിന്നിലാക്കാൻ ഇരു രാജ്യങ്ങൾക്കും സാധിക്കില്ല. 2036 ആകുമ്പോഴേക്കും അമേരിക്കയിലെ ഉയർന്ന ഉപഭോഗ ശേഷിയുള്ള ആളുകളുടെ എണ്ണം 23.1 കോടിയായി വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ ഉപഭോക്തൃ വിപണി എന്ന സ്ഥാനം നിലനിർത്തുന്ന അമേരിക്ക ആഗോള വാണിജ്യ രംഗത്ത് തങ്ങളുടെ ആധിപത്യം തുടരും.

**2. ആഗോളതലത്തിൽ 102.5 കോടിയായി ഉയരുന്ന സമ്പന്ന നിര**

ലോകമെമ്പാടുമുള്ള അഫ്ളുവന്റ് ഉപഭോക്താക്കളുടെ എണ്ണം 2026ലെ 65.7 കോടിയിൽ നിന്നും 2036ൽ 102.5 കോടിയായി കുത്തനെ ഉയരും. ഈ ദശകത്തിൽ ഉണ്ടാകുന്ന 36.9 കോടിയുടെ വർദ്ധനവിൽ 14.4 കോടിയും ഇന്ത്യയുടെയും ചൈനയുടെയും സംഭാവനയാണ്. ഭാവിയിൽ ലോകത്ത് പുതുതായി ഉണ്ടാകുന്ന അഫ്ളുവന്റ് ഉപഭോക്താക്കളിൽ 39 ശതമാനവും ഈ രണ്ട് രാജ്യങ്ങളിൽ നിന്നായിരിക്കും എന്നത് ഏഷ്യയുടെ സാമ്പത്തിക കരുത്ത് തെളിയിക്കുന്നു.

**3. മറ്റ് പ്രമുഖ വികസിത രാഷ്ട്രങ്ങളുടെ ഭാവി കണക്കുകൾ**

ഏഷ്യൻ രാജ്യങ്ങളുടെ സാമ്പത്തിക കുതിച്ചുചാട്ടത്തിനിടയിൽ മറ്റ് പല പാശ്ചാത്യ രാജ്യങ്ങളും ഉപഭോക്തൃ വളർച്ചയിൽ പിന്നോട്ട് പോവുകയാണ്. 2036ൽ ജർമ്മനിയിൽ 3.2 കോടി, ജപ്പാനിൽ 3 കോടി, യു.കെയിൽ 2.7 കോടി, ബ്രസീലിൽ 2.3 കോടി എന്നിങ്ങനെയാണ് അഫ്ളുവന്റ് ഉപഭോക്താക്കളുടെ എണ്ണം പ്രതീക്ഷിക്കുന്നത്. ആഗോള വിപണിയിൽ വരുംകാല വളർച്ച മുഴുവൻ ഏഷ്യൻ ഭൂഖണ്ഡത്തെ ആശ്രയിച്ചായിരിക്കുമെന്ന വ്യക്തമായ സന്ദേശമാണ് ഈ കണക്കുകൾ ലോകത്തിന് നൽകുന്നത്.

പ്രതിദിനം 90 ഡോളറിലധികം ചെലവാക്കുന്ന ആളുകളുടെ എണ്ണത്തിൽ ചൈനയെ പിന്തള്ളി ഇന്ത്യ മുന്നേറുന്നത് രാജ്യത്തിന്റെ വർദ്ധിച്ചുവരുന്ന സാമ്പത്തിക ശേഷിയുടെ മികച്ച ഉദാഹരണമാണ്. ലോകത്തിലെ പുതിയ ഉപഭോക്തൃ വർദ്ധനവിന്റെ 39 ശതമാനവും ഏഷ്യയിൽ നിന്നാണെന്നത് ആഗോള വാണിജ്യ ഭൂപടത്തിൽ ഇന്ത്യയുടെ പ്രാധാന്യം വിളിച്ചോതുന്നു.

# ചൈനീസ് കോട്ടകൾ തകർത്ത് തെക്കേ അമേരിക്കയിലേക്ക്: വ്യാപാര കുതിപ്പിന് ഇന്ത്യയുടെ പുതിയ തന്ത്രം



ആഗോള സാമ്പത്തിക ഭൂപടത്തിൽ സ്വന്തം ഇടം ഉറപ്പിക്കാൻ പുതിയ വഴികൾ തേടുകയാണ് ഇന്ത്യ. അമേരിക്കൻ ഭരണകൂടത്തിന്റെ കനത്ത വ്യാപാര നയങ്ങളും പശ്ചിമേഷ്യയിൽ അനുദിനം പുകയുന്ന സംഘർഷങ്ങളും ലോക സമ്പദ്വ്യവസ്ഥയെ ഉലയ്ക്കുമ്പോൾ, ഇന്ത്യ അങ്ങേയറ്റം ബുദ്ധിപരമായ ഒരു തന്ത്രവുമായാണ് മുന്നോട്ട് പോകുന്നത് വിപണി വൈവിധ്യവൽക്കരണം.

ഒരൊറ്റ മേഖലയെ മാത്രം ആശ്രയിക്കാതെ, ആഗോള വിപണിയിൽ പുതിയ വാതിലുകൾ തുറക്കാനുള്ള ഈ നീക്കത്തിൽ ഇന്ത്യയുടെ പ്രധാന ലക്ഷ്യം ലാറ്റിൻ അമേരിക്കൻ ഭൂഖണ്ഡമാണ്. ലാറ്റിൻ അമേരിക്കയിൽ പതിറ്റാണ്ടുകളായി വേരുകളാഴ്ത്തിയ ചൈനീസ് സ്വാധീനത്തെ പ്രതരോധിക്കാനും, സ്വന്തം കയറ്റുമതി മേഖലയ്ക്ക് വൻ ഉണർവ് നൽകാനുമാണ് ഇന്ത്യ ലക്ഷ്യമിടുന്നത്. ലാറ്റിൻ അമേരിക്കൻ കരുത്തരായ ചിലി, ബ്രസീൽ, അർജന്റീന, യുറുഗ്വായ്, പാരഗ്വായ് എന്നീ രാജ്യങ്ങളുമായി ചേർന്ന് പുതിയൊരു സാമ്പത്തിക അധ്യായമെഴുതാനാണ് കേന്ദ്ര സർക്കാർ ഒരുങ്ങുന്നത്.

ചിലിയുമായി 2006 മുതൽ ഇന്ത്യയ്ക്ക് നിലവിൽ മുൻഗണനാ വ്യാപാരക്കരാറുണ്ട്. എന്നാൽ ഇതിനെ വെറുമൊരു കച്ചവട കരാറായി നിർത്താതെ, യുഎഇയുമായി ഒപ്പുവെച്ചതിന് സമാനമായ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറായി ഉയർത്താനാണ് നീക്കം. ഇലക്ട്രിക് വാഹന നിർമാണത്തിനും ആധുനിക സാങ്കേതികവിദ്യകൾക്കും അത്യന്താപേക്ഷിതമായ ചിലിയുടെ അപൂർവധാതുക്കൾ സൗകര്യപ്രദമായി വാങ്ങാനുള്ള കരാറിലേക്ക് ഇന്ത്യ എത്തുന്നതും ഭാവിയെ മുൻനിർത്തിയുള്ള വലിയൊരു ചുവടുവെപ്പാണ്. ഇതിന്റെ സാധ്യതകൾ നേരിട്ടു വിലയിരുത്താൻ ഇന്ത്യയുടെ വാണിജ്യ മന്ത്രാലയ സെക്രട്ടറി രാജേഷ് അഗർവാൾ ഈയാഴ്ച ചിലിയിൽ എത്തുന്നതോടെ ചർച്ചകൾ പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണ്.

ലാറ്റിൻ അമേരിക്കൻ വിപണിയിലെ വമ്പന്മാരായ അർജന്റീന, ബ്രസീൽ, പാരഗ്വായ്, യുറുഗ്വായ് എന്നിവരടങ്ങുന്ന മെർക്കോസൂർ കൂട്ടായ്മയുമായും ഇന്ത്യ ബന്ധം ഉറപ്പിക്കുന്നു. 2009 മുതൽ ഈ കൂട്ടായ്മയുമായി ഇന്ത്യയ്ക്ക് കച്ചവട ബന്ധമുണ്ടെങ്കിലും നിയന്ത്രിത വിപണി പ്രവേശനം മാത്രമാണ് ലഭ്യമായിരുന്നത്. ഇതിൽ കാതലായ മാറ്റം വരുത്തി, കൂടുതൽ ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവുകളോടെ വിപണി തുറന്നുകൊടുക്കാൻ ശ്രമങ്ങൾ നടക്കുന്നു. നിലവിൽ ബ്രസീലിലും അർജന്റീനയിലുമുള്ള ശക്തമായ ഇന്ത്യൻ പ്രവാസി സമൂഹവും അവിടെയടുത്തിടെ സ്ഥാപിതമായ ഇന്ത്യയുടെ ബിസിനസ് സംരംഭങ്ങളും ഇന്ത്യൻ കമ്പനികൾക്ക് വലിയ ആത്മവിശ്വാസമാണ് നൽകുന്നത്. അതിലുപരി ചൈനയുടെ വിപണി ആധിപത്യത്തിലും സാമ്പത്തിക കടന്നുകയറ്റത്തിലും അസ്വസ്ഥരായ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ, വിശ്വസിക്കാൻ കൊള്ളാവുന്ന ഒരു ബദൽ പങ്കാളിയായി ഇന്ത്യയെ കാണുന്നു എന്നതും ഇന്ത്യയുടെ നയതന്ത്ര വിജയമാണ്.

കണക്കുകളിലേക്ക് നോക്കിയാൽ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളുമായുള്ള വ്യാപാരക്കമ്മി കുറയ്ക്കുക എന്നത് ഇന്ത്യയ്ക്ക് അടിയന്തര ആവശ്യമാണ്. 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയും അർജന്റീനയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 25.5 ശതമാനം ഉയർന്ന് 5.96 ബില്യൺ ഡോളറിലെത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ഇന്ത്യയുടെ കയറ്റുമതി വെറും 1.01 ബില്യൺ ഡോളർ മാത്രമാണ്. അതായത് സിംഹഭാഗവും ഇറക്കുമതിയാണ്. ബ്രസീലുമായുള്ള 15 ബില്യൺ ഡോളറിന്റെ വ്യാപാരത്തിൽ 7 ബില്യണും, ചിലിയുമായുള്ള 6.25 ബില്യൺ ഡോളറിന്റെ വ്യാപാരത്തിൽ 1.22 ബില്യൺ ഡോളറുമാണ് ഇന്ത്യയുടെ കയറ്റുമതി. ഈ സാമ്പത്തിക വിടവ് നികത്താൻ ഇന്ത്യൻ നിർമിത ഉൽപ്പന്നങ്ങൾക്ക് അവിടെ വലിയ വിപണി കണ്ടെത്തേണ്ടതുണ്ട്. പുതിയ കരാറുകൾ യാഥാർത്ഥ്യമാകുന്നതോടെ ഇന്ത്യയുടെ വ്യവസായ മേഖലയ്ക്ക് ഇതൊരു വലിയ അവസരമായി മാറും.

പൂർണ്ണമായും ഭാവിയെ ലക്ഷ്യമിട്ടുള്ള ഈ വ്യാപാര നീക്കങ്ങൾ, ഇന്ത്യയെ വെറുമൊരു ഇറക്കുമതി രാജ്യമെന്ന നിലയിൽ നിന്ന് ലോക സാമ്പത്തിക ശക്തി എന്ന പദവിയിലേക്ക് അതിവേഗം നയിക്കുമെന്നതിൽ സംശയമില്ല.

# പ്രതികൾക്ക് ഓണക്കോടിയും ഊഞ്ഞാലാട്ടവും ബ്രോ ! ഇതല്ലേ ഫെസ്റ്റിവൽ വൈബ് !

കേരളാ വിൻഡോ



ആന്റണി ചടയംമുറി

അത്തം വെളുത്താൽ ഓണം കറുക്കുമെന്നാണ് ഓൾഡ് ജനറേഷന്റെ ചൊല്ല്. ഇത്തവണ തൃപ്പൂണിത്തുറയിൽ അത്താഘോഷം മഴയത്തായിരുന്നു. പക്ഷെ എറണാകുളത്തെ മറ്റുള്ള പ്രദേശങ്ങളിലെല്ലാം വെയിൽ തെളിഞ്ഞു നിന്നിരുന്നു. കാലാവസ്ഥാ റിപ്പോർട്ടനുസരിച്ച് ഓണത്തിന് മഴയുണ്ടാകും. അങ്ങനെയെങ്കിൽ മലയാളി തണുപ്പകറ്റാൻ കൂടുതൽ കുപ്പികൾ വാങ്ങും. സർക്കാർ ഖജനാവിൽ പണക്കിലുക്കവുമുണ്ടാകും. ഖജനാവ് നിറയ്ക്കുമെന്ന പ്രഖ്യാപനവുമായി വന്ന യു.ഡി.എഫിന്റെ ഭരണകാലത്തെക്കുറിച്ച് മുൻമുഖ്യൻ നടത്തിയ വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രിയും ധനമന്ത്രിയുമായ സതീശനെതിരെ ഒരു കുത്തു വാക്ക് കേട്ടു.

ഇപ്പോൾ ഖജനാവ് നിറയെ കടമാണെന്നായിരുന്നു മുൻ മുഖ്യന്റെ ഡയലോഗ്. താങ്കളുടെ ഭരണകാലത്തെ ഖജനാവിന്റെ ഓണക്കാലത്തെ ഗതിയെന്തായിരുന്നുവെന്ന് ഒരു വാർത്താ ലേഖകനും ചോദിച്ചില്ല. മാത്രമല്ല, അന്നത്തെ ഓണക്കാലത്ത് കാലിയായി കിടന്ന സപ്ലൈകോയുടെയും കൺസ്യൂമർ ഫെഡിന്റെയും ഓണച്ചന്തകളുടെ ദൃശ്യങ്ങൾ ഇപ്പോഴും ടെലിവിഷൻ ചാനലുകളുടെ ആർക്കൈവ്സിലുണ്ടാകുമെന്ന കാര്യം പ്രതിപക്ഷ നേതാവ് മറന്നുപോയോ?

### ന്യൂസ്റും വാർറൂം ആകുകയാണോ?

മുഖ്യമന്ത്രി വി.ഡി.സതീശന്റെ വാർത്താ സമ്മേളനങ്ങൾ കലക്കാൻ ദേശാഭിമാനിയുടെയും കൈരളി ചാനലിന്റെയും ലേഖകർ നിരന്തരം ശ്രമിക്കുന്നതായി അദ്ദേഹം തന്നെ ആവലാതിപ്പെടാറുണ്ട്. തൃശ്ശൂരിൽ മുൻ മുഖ്യൻ നടത്തിയ വാർത്താ സമ്മേളനത്തിലാകട്ടെ മനോരമ പത്രത്തിനുനേരെ പരസ്യമായി അദ്ദേഹം ആരോപണങ്ങൾ നിരത്തുകയുണ്ടായി. മനോരമയുടെ മാമ്മൻ മാത്യു തന്റെ അടുത്ത സുഹൃത്താണെന്നും, മനോരമ എന്തുകൊണ്ട് തനിക്കെതിരെ തെറ്റായ വാർത്തകൾ നൽകുന്നുവെന്നുമായിരുന്നു പിണറായിയുടെ ചോദ്യം. മകൾ വീണയെക്കുറിച്ചും മരുമകൻ റിയാസിനെക്കുറിച്ചുമുള്ള മനോരമയുടെ വാർത്തകളാണ് അദ്ദേഹം പരാമർശിച്ചത്.

എന്നാൽ യൂട്യൂബ് ചാനലായ 'മറുനാടൻ മലയാളി' ദിവസേന നൽകിക്കൊണ്ടിരിക്കുന്ന 'ഇന്നത്തെ ദേശാഭിമാനി' എന്ന പരിപാടിയിലെ പരാമർശങ്ങൾ ആ പത്രം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നുണവഴികളെക്കുറിച്ച് സൂചനകൾ നൽകുന്നുണ്ട്. തൊഴിലാളികൾക്കും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനുമായി പോരാടുന്ന ദേശാഭിമാനി വിരമിക്കാൻ 4 മാസം ശേഷിക്കുന്ന കെ.ആർ. അജയൻ എന്ന സീനിയർ പത്രപ്രവർത്തകനെ നിർബന്ധിച്ച് രാജിവെപ്പിച്ചത് എങ്ങനെയാണ് പാർട്ടി ന്യായീകരിക്കുക? 'കള്ളൻ വിജയൻ' എന്ന തലവാചകത്തിൽ പോലും സംശയം പ്രകടിപ്പിച്ച നേതാവിനുവേണ്ടി എം.സ്വരാജും പുത്തലത്ത് ദിനേശനും ഇത്രയേറെ രാജഭക്തി പ്രകടിപ്പിക്കേണ്ടിയിരുന്നോ?

പത്രപ്രവർത്തനത്തിന്റെ എല്ലാ മര്യാദകളും കാറ്റിൽ പറത്തിയാണ് ഇടതുപക്ഷത്തിനുവേണ്ടി ചില റിപ്പോർട്ടർമാർ മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനത്തെ അലങ്കോലമാക്കാൻ ശ്രമിക്കുന്നത്. കഴിഞ്ഞ ദിവസത്തെ വാർത്താസമ്മേളനത്തിൽ പത്രലേഖകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നതിനുമുമ്പ് മുഖ്യമന്ത്രി ഒരു വിചിത്ര നിലപാടെടുത്തു. സ്ഥിരം ശല്യക്കാരായ റിപ്പോർട്ടർമാരോട് ചില ചോദ്യങ്ങൾ മുഖ്യൻ ഉന്നയിച്ചു. വിഴിഞ്ഞവും അദാനിയുമായിരുന്നു ഈ ചോദ്യോത്തരവേളയിൽ വിഷയമായത്.

എം.എസ്.സിയെന്ന ഷിപ്പിംഗ് കമ്പനിക്ക് അദാനി വിഴിഞ്ഞത്തിന്റെ ഓഹരികൾ കൈമാറിയതിനെപ്പറ്റിയായിരുന്നു ഇടതുപക്ഷ മാ.പ്ര.കളുടെ ചോദ്യം. മുഖ്യമന്ത്രി ഈ ഓഹരികൈമാറ്റത്തിലൂടെ കോടികൾ കൈക്കൂലി വാങ്ങിയെന്ന സൂചന അവരുടെ ചോദ്യങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ നോമിനി തുറമുഖത്തിന്റെ ചുമതലയേൽക്കുന്നതിനുമുമ്പ് എം.എൻ.സി.ക്ക് ഓഹരികൾ വിറ്റത് വൻ നേട്ടമായി ദേശാഭിമാനിയിൽ വന്ന വാർത്തയുടെ ഉറവിടം ആരായിരുന്നുവെന്ന് സതീശൻ ചോദിച്ചു. മാത്രമല്ല, ഓഹരി കൈമാറ്റം കേരളത്തിനു വൻ നേട്ടമാകുമെന്നും, ഇതിന് മുൻകൈയെടുത്തത് പിണറായി സർക്കാരാണെന്നും പാർട്ടി പത്രം റിപ്പോർട്ട് ചെയ്ത തീയതിയും സതീശൻ വാർത്താ സമ്മേളനത്തിൽ നിരത്തി. ഇതോടെ മുൻ എം.എൽ.എയും മുൻ മന്ത്രി ജി.കാർത്തികേയന്റെ പുത്രനായ ശബരീനാഥന്റെ ഭാര്യ ദിവ്യ എസ്.അയ്യരെ വിഴിഞ്ഞത്തിന്റെ ചുമതലയിൽ നിന്ന് മാറ്റിയതിന്റെ കാരണം സതീശൻ പരോക്ഷമായി സൂചിപ്പിക്കുകയും ചെയ്തു. നമ്മുടെ ഇടതുപക്ഷ മാ.പ്ര.കൾക്ക് ഉത്തരം മുട്ടുകയല്ല, അവർ ആകെ ചമ്മിപ്പോയെന്ന് പറയുന്നതാകും ശരി. ഇനിയും ഏറെ കടമ്പകൾ കടക്കേണ്ട ഓഹരിമാറ്റം നടന്നുവെന്ന് റിപ്പോർട് ചെയ്തത് ശുദ്ധ അസംബന്ധമാണെന്ന് മുഖ്യൻ പറഞ്ഞു.




### ചുവപ്പിന്റെ പുളപ്പ് മാറാതെ ചിലർ

പുതിയ സർക്കാരിന് ഏറ്റവും വലിയ തലവേദന സർക്കാർ ഉദ്യോഗസ്ഥരിലെയും പൊലീസിലെയും ഇടതു ചായ്‌വുള്ളവരാണ്. നിസ്സഹകരിച്ച സർക്കാർ ജീവനക്കാരുടെ പാരയ്ക്ക് മറുപാരയായിരുന്നു മുൻമുഖ്യൻ ഉമ്മൻചാണ്ടിയുടെ പാതിരാവ് വരെ നീണ്ടുപോയിരുന്ന ജനസമ്പർക്ക പരിപാടികൾ. ഇടതു യൂണിയനുകൾ ഒന്നിച്ച് 'പണികൊടുത്തിട്ടും' വീഴാതിരുന്ന ഉമ്മൻചാണ്ടി സർക്കാരിനെ ഒരു പെണ്ണിനെയും ഒരു ഇല്ലാ അഴിമതിയാരോപണവും ദുരുപയോഗിച്ച് ഇടതുപക്ഷം കാല്‌വാരിയത് ഇനിയും കേരളം മറന്നിട്ടില്ല. ഇടതുപക്ഷ യൂണിയനുകളും ഡി.വൈ.എഫ്.ഐ. പോലുള്ള സംഘടനകളും പുതിയ സർക്കാരിനെ കണ്ണും പൂട്ടി എതിർക്കണമെന്നാണ് സി.പി.എം. തീരുമാനം. പിണറായി സർക്കാരിന്റെ കാലത്ത് പൊലീസിനുനേരെ ബോംബെറിഞ്ഞ നേതാവിനെ ഡിഫിയുടെ സെക്രട്ടറിയേറ്റിൽ എടുത്തതും പാർട്ടിക്കാരനായ മറ്റൊരു തടവുപുള്ളിയെ പാർട്ടിയുടെ ബാലസംഘത്തിന്റെ നേതാവായി അവരോധിച്ചതും ഇതിനുള്ള തെളിവുകളായി കാണണം. വാഴക്കുല ഡോക്ടറേറ്റിന്റെ പേരിൽ മാധ്യമങ്ങൾ എടുത്തുടുത്ത ചിന്ത ജെറോമാണ് ഡിഫിയുടെ പുതിയ പ്രഡിഡന്റ്: തിരുവനന്തപുരത്ത് പാർട്ടിയെയും ജനങ്ങളെയും 'തോൽപ്പിച്ച' ആര്യാ രാജേന്ദ്രൻ വരെ ഡിഫിയുടെ സംസ്ഥാന സെക്രട്ടറിയേറ്റിലുണ്ട്. യു.ഡി.എഫ്. സർക്കാരിനെ അനൗദ്യോഗികമായി 'ചട്ടപ്പടി' സമരം പ്രഖ്യാപിച്ച് ഇടതു യൂണിയനിൽ പെട്ട പൊലീസുകാർ പണി തുടങ്ങിയിട്ടുണ്ട്.

### പ്രതികൾക്ക് ഊഞ്ഞാൽ ജനത്തിന് ഇടി

ഇ.ഡി.യെ ആക്രമിച്ച കേസിലെ പ്രതികളെ മ്യൂസിയം പൊലീസ് സ്റ്റേഷനിൽ ഊഞ്ഞാലാട്ടിയതും, ആ ഊഞ്ഞാലാട്ടം സോഷ്യൽമീഡിയയിൽ പ്രചരിച്ചതും ചെന്നിത്തലയുടെ പൊലീസിന് പണിയായിട്ടുണ്ട്. പൊലീസിന്റെ അതിക്രൂരമായ മർദ്ദനത്തിൽ ജനനേന്ദ്രിയം പോലും തകർത്ത സംഭവങ്ങളും പഴയ 'പാർട്ടി' യുടെ പ്രേതങ്ങൾ ഇപ്പോഴും പൊലീസിലുണ്ടെന്ന സൂചന നൽകുന്നു. സിദ്ധാർത്ഥൻ കേസിലെ പ്രതി ഡോ.റാമിന് ജാമ്യം കിട്ടാൻ സഹായിച്ച ഉയർന്ന പൊലീസ് ഉദ്യോഗസ്ഥനെതിരെ ആഭ്യന്തര മന്ത്രി നടപടിയെടുക്കാത്തതെന്ത് എന്ന് ഹൈക്കോടതി പോലും ചോദിക്കുകയുണ്ടായി. ഇപ്പോൾ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

പൊലീസിന്റെ വിക്രിയകൾ നേരിടുന്നതിൽ മന്ത്രി ചെന്നിത്തലയ്ക്ക് പിഴവ് പറ്റുന്നുണ്ടോ? 'തുഫാൻ' അറസ്റ്റ് പതിനായിരം കടന്നിട്ടും, പൊലീസ് സേനയിലുള്ള ക്രിമിനലുകൾ മയക്കു മരുന്ന് ഇടപാടുകാർക്ക് ഒത്താശ ചെയ്യുന്നതായും പരാതികളുണ്ട്. വടകരയിൽ മയക്കുമരുന്ന് കേസിൽ അറസ്റ്റിലായ മൂന്ന് അധ്യാപികമാരെക്കുറിച്ച് അന്വേഷിച്ചിരുന്ന പ്രധാന പൊലീസ് ഉദ്യോഗസ്ഥനെ പെട്ടെന്ന് സ്ഥലം മാറ്റിയത് കേസ് അട്ടിമറിക്കാനാണെന്ന പരാതിയുയർന്നിട്ടുണ്ട്. ചേർത്തലയിൽ മകന് മരുന്ന് വാങ്ങാൻ പോയ നാൽപ്പതുകാരനെ മൂന്നുപേർ ചേർന്ന് മൃഗീയമായി ആക്രമിച്ച കേസിൽ ഒരാഴ്ചയായിട്ടും നടപടി ഇല്ലാത്തത് ജനങ്ങളിൽ സംശയമുയർത്തുന്നു.

### എന്തേ ഡിഫി പി.എസ്.സി.ക്ക് എതിരേ സമരം ചെയ്യാത്തത് ?

തൊഴിലില്ലാത്ത യുവാക്കളെ കബളിപ്പിച്ച് ഉഡായിപ്പ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയ പി.എസ്.സി.യെക്കുറിച്ച് ഡിഫിക്ക് ഒന്നും പറയാനില്ലേ? പഠിച്ചൊരുങ്ങി പി.എസ്.സി. പരീക്ഷകൾ എഴുതിയ യുവതീ യുവാക്കൾക്ക് നൈസായി പണികൊടുത്ത പി.എസ്.സി.യുടെ തലപ്പത്തുള്ളവർ പാർട്ടിക്കാരായതുകൊണ്ടാണോ അവർക്ക് എതിരേ ഡിഫി സമരത്തിനിറങ്ങാത്തത്?

പാലക്കാട് റെയിൽവേ ഡിവിഷനിൽ നിന്ന് മംഗലാപുരം മാറ്റിയതിന്റെ പേരിൽ ബി.ജെ.പി. ഒഴിച്ചുള്ള രാഷ്ട്രീയ പാർട്ടികളും അവയുടെ യുവജന കൂട്ടായ്മകളും സമരത്തിലാണ്. തിരുവോണ നാളിൽ കേരളത്തിൽ നിന്നുള്ള എം.പി.മാർ പാലക്കാട്ട് ഉപവാസമനുഷ്ഠിച്ച് സമരം ചെയ്യും. പാലക്കാട്ട് എം.പി. വി.കെ. ശ്രീകണ്ഠനെതിരെ വില കുറഞ്ഞ പ്രചാരണത്തിന് സി.പി.എം. ജില്ലാ സെക്രട്ടറി രംഗത്തിറങ്ങിയത് സമരം പൊളിക്കാനാണെന്നും ചിലർ വാദിക്കുന്നുണ്ട്.

മംഗലാപുരം വിഭജിച്ചാൽ നഷ്ടമൊന്നും കേരളത്തിന് സംഭവിക്കില്ലെന്നാണ് ബി.ജെ.പി. അധ്യക്ഷൻ രാജീവ് ചന്ദ്രശേഖരന്റെ വിചിത്ര നിലപാട്. പാലക്കാട്ട് ഏതായാലും സമരം നടത്താനുള്ള തീയതിയും സമരവും പൊലീസ് വിഭജിച്ചു നൽകിയിരിക്കുകയാണ്.

ഡി.വൈ.എഫ്.ഐ.യുടെ പുതിയ സെക്രട്ടറി കണ്ണൂർ ജില്ലയിൽ നിന്നാണ്. പക്ഷെ സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച ജില്ലാ തല റിപ്പോർട്ടിൽ കണ്ണൂർ ജില്ലയിൽ മാത്രം 2453 അംഗങ്ങൾ സംഘടന വിട്ടതായി പറയുന്നു. സി.പി.എം.ന്റെ ചെങ്കോട്ടയായി കരുതപ്പെടുന്ന കണ്ണൂരിൽ പാർട്ടിയും പാർട്ടിയുടെ പോഷക സംഘടനകളും അനുദിനം ക്ഷീണിക്കുകയാണെന്ന യാഥാർത്ഥ്യം അംഗീകരിച്ച് എന്തെങ്കിലും തിരുത്തൽ നടപടികൾ ഉണ്ടാകുമോ? കാത്തിരുന്നു കാണാം.

### മുഖ്യമന്ത്രി പറയുന്നു; 'ഗോ ടു യുവർ ക്ലാസസ്!'

കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി മന്ത്രിമാർക്ക് പരിശീലന ക്ലാസ് ഏർപ്പെടുത്തിയത് ഉമ്മൻചാണ്ടി സർക്കാരായിരുന്നു. 15 വർഷം മുമ്പായിരുന്നു ഇത്. അന്നത്തെ ക്ലാസ് ഒറ്റ ദിവസത്തേയ്ക്കായിരുന്നു. ഇത്തവണ സതീശൻ അത് രണ്ട് ദിവസമാക്കി. സെപ്തബർ 4,5 തീയതികളിലാണ് കാലിക്കറ്റ് ഐ.എ.എം.ൽ ക്ലാസുകൾ നടത്തുക. മാറിവരുന്ന കാലഘട്ടത്തോടും ജനങ്ങളുടെ വിവിധ ആവശ്യങ്ങളോടും ഫലപ്രദമായി പ്രതികരിക്കാനുള്ള പരിശീലനമാണ് ഈ ക്ലാസ് കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

തിരുവനന്തപുരത്ത് ഓണഘോഷത്തിന് കൊടി കയറിയിട്ട് മൂന്നു ദിവസമായി. ബെവ്കോയുടെ കുപ്പി വിൽപ്പന ഇത്തവണ കുതിക്കും. മഴ കൂടി വന്നാൽ ഒന്ന് 'ചൂടാകാൻ' കുപ്പി തന്നെ വേണമെന്ന സാധാരണ മലയാളിയുടെ കാഴ്ചപ്പാട് അന്നും ഇന്നും ഒന്നു തന്നെ.

### 'കായിക' ത്തിൽ നിന്ന് കീശ വീർപ്പിക്കുന്നവർ

കേരളത്തിന്റെ കായികരംഗം കഴിഞ്ഞ 10 വർഷം ചത്തുകിടക്കുകയായിരുന്നുവെന്ന് ഒരു അന്തർദേശീയ താരം പരിതപിക്കുന്നതു കേട്ടു. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത വിധം സംസ്ഥാന കായികരംഗത്ത് രണ്ട് സർക്കാർ സംവിധാനങ്ങളാണുള്ളത്. ഡയറക്ടറേറ്റ് ഓഫ് സ്പോർട്സും കേരളാ സ്പോർട്സ് കൗൺസിലും 2016ൽ ഇത് രണ്ടും ലയിപ്പിക്കാൻ സർക്കാർ ആലോചിച്ചിരുന്നു. നടപ്പിലായില്ല. 1964ൽ ആണ് കേരളാ സ്പോർട്സ് കൗൺസിലിന്റെ സ്ഥാപനം. കേന്ദ്രസഹായം കിട്ടാൻവേണ്ടിയാണ് സ്പോർട്സ് ഡയറക്ടറേറ്റ് സ്ഥാപിതമായത്.

പിൽക്കാലത്ത് കായിക വകുപ്പിനായി ഉപകരണങ്ങളും മറ്റും വാങ്ങാൻ മറ്റൊരു സംരംഭം കൂടി ആരംഭിക്കാൻ മുഖ്യന്റെ മരുമകൻ ശ്രമിച്ചിരുന്നു. നടന്നില്ല. മെസിവിവാദത്തിൽ പെട്ടിരിക്കുന്ന പിണറായി സർക്കാർ പല ദുരൂഹമായ തീരുമാനങ്ങളും എടുത്തിരുന്നതായി പറയപ്പെടുന്നു. ഇപ്പോൾ വിദേശത്തേക്ക് കടത്തിയ 206 കോടി രൂപ സംബന്ധിച്ച വിശദീകരണവും പിണറായി നൽകേണ്ടിവരും. താൻ 'മഹാബലി' യെപോലെ ശുദ്ധനായ ഭരണാധികാരിയായിരുന്നുവെന്ന പിണറായിയുടെ അവകാശവാദം ഓണനാളിലെ പേമാരിയിൽ ഒലിച്ചു പോകാതിരിക്കട്ടെ. പകരം വാടകവീട്ടിലെ ഊഞ്ഞാലിലെങ്കിലും പിണറായി ആടി രസിക്കട്ടെ. സതീശന്റെ സെഞ്ചുറിയിൽ കലിപ്പിലാണ് പഴയ ക്യാപ്ടൻ. റിയാസിനെയും വീണയെയും രക്ഷിക്കാൻ കോഴിക്കോട്ട് ചൊവ്വാഴ്ച നടത്തിയ വിശദീകരണ യോഗവും 'ശൂ' ആയി. കാരണം പതിവുപോലെ പാർട്ടി സെക്രട്ടറിയുടെ യോഗത്തിലെ പ്രസംഗം കേട്ട് സഖാക്കൾ ചെവിയിൽ പഞ്ഞി തിരുകിവെച്ചെന്നാണ് പരദൂഷണം. ഗോവിന്ദന്റെ പ്രസംഗ വേദികളിലേക്ക് വാമനനെ ക്ഷണിക്കുകയാണ് പാർട്ടിക്കാർ. അയാൾ പാതാളത്തിൽ പോയി 'തൊള്ള തുറക്കട്ടെ' എന്നുവരെ അവർ പറഞ്ഞുകഴിഞ്ഞു. ഹാപ്പിയായ ജനവും ഒട്ടും ഹാപ്പിയല്ലാത്ത പിണറായിയുമാണ് ഈ ഓണത്തിന്റെ ഹൈലൈറ്റ്. വാമനാ വരൂ, ചവിട്ടി താഴ്ത്തപ്പെട്ടവരുടെ ലിസ്റ്റ് ഓൺലൈനായി ജനം അയച്ചിട്ടുണ്ട് ശ്രദ്ധിക്കണേ.

# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ നേരിടുന്ന വെല്ലുവിളികളും പരിഹാരങ്ങളും

**സമ്പദ്‌വ്യവസ്ഥ ഇന്നു നേരിടുന്ന കനത്ത വെല്ലുവിളികളെ അതിജീവിക്കാൻ ആഭ്യന്തരഉൽപ്പാദനം വർദ്ധിപ്പിക്കുകതന്നെ വേണം. ഒപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ജനങ്ങളുടെ വാങ്ങൽ ശേഷി കൂട്ടുക എന്നിവയാണ് പ്രധാന മാർഗ്ഗങ്ങൾ. സാങ്കേതികവിദ്യയുടെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പുതിയ നയങ്ങൾ രൂപീകരിക്കുകയും വേണം.**

## ഡൽഹി ഡെർബാർ

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്ന് സമീപകാല സാമ്പത്തിക സൂചകങ്ങൾ വ്യക്തമാക്കുന്നു. രൂപയുടെ മൂല്യത്തകർച്ച, മൂലധന ചോർച്ച, ആഭ്യന്തര നിക്ഷേപങ്ങളിലെ മന്ദഗതി എന്നിവ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറയെ ബാധിച്ചിട്ടുണ്ട്. ഉൽപ്പാദന മേഖലയിലെ സ്തംഭനാവസ്ഥയും ഉപഭോക്താക്കളുടെ വാങ്ങൽശേഷിയിലുണ്ടായ കുറവും ഈ പ്രതിസന്ധിയുടെ ആഴം കൂട്ടുന്നു. സമ്പന്നരും പാവപ്പെട്ടവരും തമ്മിലുള്ള സാമ്പത്തിക അസമത്വം അതിവേഗം വർദ്ധിക്കുന്നത് മറ്റൊരു പ്രധാന വെല്ലുവിളിയാണ്. കൂടാതെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള പുതിയ സാങ്കേതികവിദ്യകളുടെ കടന്നുവരവ് പരമ്പരാഗത ബിസിനസ്സ് മാതൃകകൾക്കും പ്രമുഖ ഐ.ടി കമ്പനികൾക്കും ഭീഷണിയുയർത്തുന്നു.

ഇത് ഓഹരി വിപണിയെയും നിക്ഷേപകരുടെ ആത്മവിശ്വാസത്തെയും ദോഷകരമായി ബാധിച്ചിരിക്കുകയാണ്. രാജ്യത്തെ പ്രമുഖ ഓഹരി സൂചികകൾ മുൻവർഷങ്ങളിലെ അതേ നിലവാരത്തിൽ തന്നെ തുടരുന്നത് വിപണിയിലെ ഈ മന്ദഗതിക്ക് തെളിവാണ്. ഈ സാഹചര്യത്തിൽ, വിദഗ്ദ്ധർ നൽകുന്ന മുന്നറിയിപ്പുകൾ ഗൗരവമായി കാണാനും സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കാനുമുള്ള ശക്തമായ നടപടികൾ ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്.

ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ജനങ്ങളുടെ വാങ്ങൽ ശേഷി കൂട്ടുക എന്നിവയാണ് ഇതിനുള്ള പ്രധാന മാർഗ്ഗങ്ങൾ. സാങ്കേതികവിദ്യയുടെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പുതിയ നയങ്ങൾ രൂപീകരിക്കുകയും വേണം. വിപണിയിൽ വീണ്ടും ആത്മവിശ്വാസം തിരിച്ചുകൊണ്ടുവരാൻ ലക്ഷ്യബോധത്തോടെയുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ അടിയന്തരമായി നടപ്പിലാക്കേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമാണ്.

### സാമ്പത്തിക വിദഗ്ദ്ധരുടെ മുന്നറിയിപ്പുകളും നിരീക്ഷണങ്ങളും

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ആഗോളതലത്തിൽ ശ്രദ്ധേയരായ സാമ്പത്തിക ശാസ്ത്രജ്ഞർ മുന്നോട്ടുവെക്കുന്ന പ്രധാന ആശയങ്ങൾ ഇവയാണ്:

**ഡോ. രഘുറാം രാജൻ (മുൻ ആർ.ബി.ഐ ഗവർണർ):** ആഭ്യന്തര വിപണിയിൽ സ്വകാര്യ നിക്ഷേപങ്ങളിലുണ്ടാകുന്ന കുറവിനെ ഒരു 'മുന്നറിയിപ്പ് സൂചനയായി' അദ്ദേഹം കാണുന്നു. രാജ്യത്തെ ഉദ്യോഗസ്ഥതല സങ്കീർണ്ണതകളും, വിദേശ മൂലധന ചോർച്ചയും, ഐ.ടി മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വരുത്താൻ പോകുന്ന തൊഴിൽ നഷ്ടങ്ങളും രാജ്യം ഗൗരവമായി കാണണമെന്ന് പ്രമുഖ ബിസിനസ്സ് പത്രമായ എക്കണോമിക്സ് ടൈംസ് വഴി അദ്ദേഹം ഓർമ്മിപ്പിക്കുന്നു.




**ഗീതഗോപിനാഥ്(പ്രമുഖസാമ്പത്തികശാസ്ത്രജ്ഞ):** ആഗോള സാമ്പത്തിക വെല്ലുവിളികൾക്കിടയിലും ഇന്ത്യ വളർച്ച പ്രകടിപ്പിക്കുന്നുണ്ടെങ്കിലും, യഥാർത്ഥ ലക്ഷ്യ കൈവരിക്കാൻ കൂടുതൽ ഘടനാപരമായ പരിഷ്കാരങ്ങൾ ആവശ്യമാണെന്ന് ഇവർ വിലയിരുത്തുന്നു. വ്യാപാര നികുതികൾ കുറയ്ക്കുകയും, ഭൂമിതൊഴിൽ വിപണിയിലെ നിയമങ്ങൾ ലളിതമാക്കുകയും ചെയ്യേണ്ടത് വിപണിയിലെ ആത്മവിശ്വാസം വീണ്ടെടുക്കാൻ അനിവാര്യമാണെന്ന് ഐ.എം.എഫ്. ഉദ്യോഗസ്ഥയായിരിക്കെ ഇവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

**പ്രൊഫ. അമർത്യാ സെൻ (നോബൽ സമ്മാന ജേതാവ്):** സമ്പദ്‌വ്യവസ്ഥയുടെ യഥാർത്ഥ വളർച്ച അളക്കേണ്ടത് ജനങ്ങളുടെ ജീവിതനിലവാരത്തെ അടിസ്ഥാനമാക്കിയാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. രാജ്യം നേരിടുന്ന സാമ്പത്തിക അസമത്വവും ഗ്രാമീണ മേഖലയിലെ തളർച്ചയും പരിഹരിക്കാൻ മാനവവിഭവശേഷി വികസനത്തിൽ (വിദ്യാഭ്യാസം, ആരോഗ്യം) സർക്കാർ വലിയ തോതിൽ നക്ഷേപം നടത്തണമെന്നാണ് അദ്ദേഹത്തിന്റെ പ്രധാന വാദം.

**പ്രൊഫ. കൗശിക് ബസു (മുൻ ചീഫ് ഇക്കണോമിക് അഡ്വൈസർ):** ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് കൃത്യമായ വായ്പലഭ്യത ഉറപ്പാക്കാത്തതാണ് തൊഴിലില്ലായ്മ വർദ്ധിക്കാൻ പ്രധാന കാരണം എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. സാധാരണക്കാരുടെ വാങ്ങൽശേഷി കൂട്ടാതെ വിപണിയിലെ മന്ദഗതി മാറ്റാൻ കഴിയില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. വിദഗ്ദ്ധർ നിർദ്ദേശിക്കുന്ന അടിയന്തര പരിഹാരങ്ങൾ ഈ പ്രതിസന്ധിയിൽ നിന്ന് കരകയറാൻ സാമ്പത്തിക വിദഗ്ദ്ധർ പ്രധാനമായും മൂന്ന് നിർദ്ദേശങ്ങളാണ് മുന്നോട്ട് വെക്കുന്നത്:

**അടിസ്ഥാന സൗകര്യ വികസനം:** സ്വകാര്യ നക്ഷേപകർ മടിക്കുന്ന സാഹചര്യത്തിൽ സർക്കാർ തന്നെ റോഡുകൾ, പാലങ്ങൾ, ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ പണം ചിലവഴിക്കണം. ഇത് വിപണിയിൽ പണലഭ്യതയും താൽക്കാലിക തൊഴിലവസരങ്ങളും സൃഷ്ടിക്കും.

**നികുതി പരിഷ്കരണങ്ങളും ഇളവുകളും:** ചെറുകിട വ്യവസായങ്ങൾക്ക് മേലുള്ള അമിത നിയമനികുതി ഭാരങ്ങൾ കുറയ്ക്കുകയും, സാധാരണക്കാരുടെ കൈകളിൽ പണം എത്തിക്കുന്ന രീതിയിലുള്ള പ്രത്യക്ഷ നികുതി ഇളവുകൾ നൽകുകയും വേണം.

**തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം:** പുതിയ സാങ്കേതിക മാറ്റങ്ങൾക്ക് അനുസൃതമായി യുവാക്കൾക്ക് പുത്തൻ തൊഴിൽ നൈപുണ്യങ്ങൾ പകർന്നു നൽകാൻ വിദ്യാഭ്യാസപരിശീലന രംഗങ്ങളിൽ കാര്യമായ മാറ്റം വരുത്തണം.

എന്നാൽ ഈ നിർദ്ദേശങ്ങൾ അംഗീകരിക്കാനും നടപ്പാക്കാനും നടപടികൾ സ്വീകരിക്കാനും കേന്ദ്ര സർക്കാർ തയ്യാറാകുമോ..? അതിനുത്തരം മിക്കവാറും 'ഇല്ല' എന്നുതന്നെ ആയിരിക്കും. ഈ സർക്കാരിനെ നയിക്കുന്നവരിൽ പ്രമുഖരായ പ്രധാന മന്ത്രി നരേന്ദ്ര മേദിയും ആഭ്യന്തരമന്ത്രി അമിത് ഷായും ഇതുവരെ നടത്തിയിട്ടുള്ള നീക്കങ്ങളിൽ നിന്നും ഇങ്ങനെയെ വായിച്ചെടുക്കാൻ കഴിയു. ഇതിൽ സർക്കാരിന്റെ നയങ്ങൾക്കും വിദഗ്ദ്ധരുടെ കാഴ്ചപ്പാടുകൾക്കും ഇടയിൽ അനുകൂലവും പ്രതികൂലവുമായ ഘടകങ്ങളുണ്ട്.

**ധനക്കമ്മി നിയന്ത്രണം:** സാധാരണക്കാരുടെ കൈകളിൽ നേരിട്ട് പണം എത്തിക്കുന്ന തരത്തിലുള്ള ഇളവുകളോ വൻതോതിലുള്ള സബ്സിഡികളോ നൽകിയാൽ അത് രാജ്യത്തിന്റെ ധനക്കമ്മി വർദ്ധിപ്പിക്കുമെന്ന് സർക്കാർ ഭയപ്പെടുന്നു. ആഗോള റേറ്റിംഗ് ഏജൻസികളുടെ മുന്നിൽ രാജ്യത്തിന്റെ സാമ്പത്തിക അച്ചടക്കം നിലനിർത്താനാണ് സർക്കാർ മുൻഗണന നൽകുന്നത്.

**നികുതി പരിഷ്കരണങ്ങൾ:** ജി.എസ്.ടി നിരക്കുകൾ കുറയ്ക്കണമെന്ന ആവശ്യം പലപ്പോഴും സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും വരുമാനത്തെ ബാധിക്കുന്നതിനാൽ പെട്ടെന്നൊരു തീരുമാനമെടുക്കാൻ ബുദ്ധിമുട്ടാണ്. വ്യവസായസൗഹൃദ അന്തരീക്ഷം ഉണ്ടാക്കാൻ ശ്രമിക്കുമ്പോഴും ഉദ്യോഗസ്ഥതല സങ്കീർണ്ണതകൾ പൂർണ്ണമായി ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല.

**വിമർശനങ്ങളോടുള്ള സമീപനം:** പലപ്പോഴും വദേശത്തിരുന്ന് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ വിമർശിക്കുന്ന വിദഗ്ദ്ധരുടെ നിരീക്ഷണങ്ങൾ യഥാർത്ഥ ഗ്രൗണ്ട് റിയാലിറ്റിക്ക് നിരക്കാത്തതാണെന്ന നിലപാടാണ് സർക്കാരിനെ അനുകൂലിക്കുന്നവർ സ്വീകരിക്കാറുള്ളത്. ഇന്ത്യയുടെ ജി.ഡി.പി വളർച്ചാ നിരക്ക് മറ്റ് പല രാജ്യങ്ങളേക്കാളും മികച്ചതാണെന്ന വാദമാണ് സർക്കാർ ഉയർത്തുന്നത്. ചുരുക്കത്തിൽ, അടിസ്ഥാന സൗകര്യ വികസനം പോലുള്ള നിർദ്ദേശങ്ങൾ സർക്കാർ സ്വാഗതം ചെയ്യുമെങ്കിലും, വിപണിയിൽ നേരിട്ട് ഇടപെട്ട് പണം ചിലവഴിക്കുന്നതനോ വലിയ തോതിലുള്ള നികുതിയിളവുകൾ നൽകുന്നതിനോ ഉള്ള നിർദ്ദേശങ്ങളോട് സർക്കാർ വളരെ ജാഗ്രതയോടെ മാത്രമേ പ്രതികരിക്കാറുള്ളൂ. പ്രതിസന്ധികൾ ഏറെ ഉണ്ടായിരുന്നിട്ടും പരിഷ്ക്കരണങ്ങളുടെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെടുതുന്ന ലേഖനങ്ങുൾ എഴുതുകയും പ്രസംഗിക്കുകയും ചെയ്ത രാജ്യസ്നേഹികളായ സാമ്പത്തിക വിദഗ്ധരെ അഭിനന്ദിക്കാതെ തരമില്ല.

*◗ എമ എൽസ എൽവിൻ*

# മേഘങ്ങൾ ചതിച്ചപ്പോൾ ബ്രിട്ടനിൽ വരണ്ട പ്രളയം: മഴയുടെ നാട്ടിൽ മരണമണി മുഴങ്ങുന്നു

മഴ എന്നാൽ അത് ഇംഗ്ലണ്ട് ആണെന്ന് വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. വസന്തത്തിന്റെ കുളിർമയും ചാറ്റൽ മഴയും ഇംഗ്ലീഷ് ജീവിതത്തിന്റെ അടയാളങ്ങളായിരുന്നു. എന്നാൽ 2026 ലെ വേനൽക്കാലത്ത്, ആ ചരിത്രമെല്ലാം തിരുത്തിയെഴുതപ്പെടുകയാണ്. വറ്റിവരണ്ട നദികളും അടിത്തട്ടിലേക്ക് താഴ്ന്ന ജലസംഭരണികളും കരിഞ്ഞുണങ്ങിയ കൃഷിയിടങ്ങളും ഇംഗ്ലണ്ടിനെ ഇന്ന് ഭീതിയുടെ മുൾമുനയിൽ നിർത്തിയിരിക്കുന്നു. ഏകദേശം 190 വർഷത്തിനിടയിലെ ഏറ്റവും വരണ്ട ജൂലൈ മാസത്തിനാണ് ഈ രാജ്യം സാക്ഷ്യം വഹിച്ചത്. ഒരിക്കൽ മഴയുടെ അധിപരായിരുന്ന ഒരു ജനത, ഇന്നിപ്പോൾ കുടിവെള്ളത്തിന്റെ ഒരു തുള്ളിക്കായി നിയന്ത്രണങ്ങൾ ഏറ്റുവാങ്ങേണ്ട അവസ്ഥയിലെത്തി നിൽക്കുന്നു.



എന്നാൽ, കുറച്ചു മഴ പെയ്താൽ തീരുന്നതാണോ ഈ മഹാപ്രതിസന്ധി? തീർച്ചയായും അല്ല. ദീർഘകാലത്തെ കനത്ത ചൂടിൽ മണ്ണ് പാറപോലെ കട്ടിയായി മാറിയിരിക്കുന്നു. അത്തരം കഠിനമായ അവസ്ഥയിലേക്ക് പെയ്യുന്ന കനത്ത മഴവെള്ളം മണ്ണിലേക്ക് ഇറങ്ങി ഭൂഗർഭജലമായി മാറുകയില്ല. പകരം അത് ഉപരിതലത്തിലൂടെ കുത്തിയൊഴുകി വെള്ളപ്പൊക്കങ്ങൾ സൃഷ്ടിക്കുകയും കടലിലേക്ക് ഒഴുകിപ്പോവുകയും ചെയ്യുന്നു. ഒരേ സമയം വരൾച്ചയും വെള്ളപ്പൊക്കവും ഒരുപോലെ ഭീഷണി ഉയർത്തുന്ന വിചിത്രമായ ഒരു കാലാവസ്ഥാ വിരോധാഭാസത്തിനാണ് ബ്രിട്ടൻ സാക്ഷ്യം വഹിക്കുന്നത്. റിസർവോയറുകൾ വീണ്ടും നിറയാനും ഭൂഗർഭജലനിരപ്പ് പഴയപടിയാകാനും ദിവസങ്ങളുടെ മഴയല്ല, മാസങ്ങൾ നീളുന്ന ശാന്തമായ മഴയാണ് ആവശ്യമായിരിക്കുന്നത്.

ഈ ജലക്ഷാമം വെറുമൊരു വേനൽക്കാല പ്രകൃതിദുരന്തം മാത്രമല്ല, ഒരു രാജ്യത്തിന്റെ ദേശീയ സുരക്ഷയെയും സാമ്പത്തിക ഭാവിയെയും ബാധിക്കുന്ന ഗുരുതരമായ വെല്ലുവിളിയാണ്. വെള്ളത്തിന്റെ കുറവ് കാർഷിക മേഖലയെ തകിടം മറിക്കുകയും ആഹാര സാധനങ്ങളുടെ ലഭ്യതയെ ബാധിക്കുകയും ചെയ്യും. ഒപ്പം, നദികളിലെ ജലനിരപ്പ് താഴുന്നത് ജലജീവികളുടെ വംശനാശത്തിനും പരിസ്ഥിതി നാശത്തിനും ഇടയാക്കുന്നു. പഴക്കമേറിയ പൈപ്പ് ലൈനുകളിലൂടെ ദശലക്ഷക്കണക്കിന് ലിറ്റർ വെള്ളം ചോർന്നപോകുന്നതും വർധിച്ചുവരുന്ന ജനസംഖ്യയും കാര്യക്ഷമമല്ലാത്ത ജലസംഭരണ രീതികളും ഈ പ്രതിസന്ധിയുടെ ആക്കം കൂട്ടുന്നു. വീടുകളിലെ ജല ഉപയോഗം കുറയ്ക്കാനുള്ള അധികൃതരുടെ നിർദേശം ഒരു താൽക്കാലിക തടയിടൽ മാത്രമാണ്.

ഈ മാറുന്ന കാലാവസ്ഥയിൽ മാപ്പില്ല എന്ന സത്യം ഇംഗ്ലണ്ട് തിരിച്ചറിയേണ്ടതുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിൽ വൻ നിക്ഷേപം നടത്തുകയും മഴവെള്ള സംഭരണ സംവിധാനങ്ങൾ പുനസംഘടിപ്പിക്കുകയും പൈപ്പ് ചോർച്ചകൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുകയും ചെയ്യുക മാത്രമാണ് ഭാവി സുരക്ഷിതമാക്കാനുള്ള വഴി. 2022, 2025, 2026 എന്നീ വർഷങ്ങളിൽ ആവർത്തിക്കുന്ന ഈ കനത്ത വരൾച്ചകൾ വെറുമൊരു മുന്നറിയിപ്പല്ല, ഒരു യാഥാർത്ഥ്യമാണ്. വരാനിരിക്കുന്ന കൂടുതൽ ചൂടേറിയ നാളെകളെ നേരിടാൻ ഇംഗ്ലണ്ട് എത്രയും വേഗം തങ്ങളുടെ ജലനയങ്ങളും അടിസ്ഥാന സൗകര്യങ്ങളും മാറ്റിയെഴുതിയില്ലെങ്കിൽ, സമൃദ്ധിയുടെ കഥകൾ പറഞ്ഞിരുന്ന ഒരു ഭൂപ്രദേശം വറ്റിവരണ്ട ഓർമ മാത്രമായി മാറും.

സ്പോർട്സ് വാചകം



## ‘സ്വർണം നേടിയ ഹീറോയോടും അനീതി!

# പാകിസ്ഥാൻ അധികൃതരുമായി വീണ്ടും ഉടക്കി അർഷാദ് നദീം;

പാകിസ്ഥാന്റെ ഒളിമ്പിക് സ്വർണ്ണമെഡൽ ജേതാവും ജാവലിൻ ത്രോ താരവുമായ അർഷാദ് നദീം രാജ്യത്തെ കായിക അധികൃതരുമായി വീണ്ടും വലിയ തർക്കത്തിൽ. പാകിസ്ഥാൻ സ്പോർട്സ് ബോർഡിന്റെയും കായിക മന്ത്രാലയത്തിന്റെയും നടപടികൾക്കെതിരെ താരം പരസ്യമായി രംഗത്തെത്തിയതോടെ വിഷയം വൻ വിവാദമായി മാറി.ഒളിമ്പിക്സ ചരിത്രത്തിൽ പാകിസ്ഥാന് വ്യക്തിഗത സ്വർണ്ണം സമ്മാനിച്ച ദേശീയ നായകനോട് അധികൃതർ കാട്ടുന്ന അനാസ്ഥയാണ് വിമർശനങ്ങൾക്കിടയാക്കിയത്. പരിശീലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക സഹായങ്ങളും കൃത്യസമയത്ത് ലഭിക്കുന്നില്ലെന്ന് താരം ആരോപിക്കുന്നു.വിദേശ പരിശീലകരെ നിയമിക്കുന്ന കാര്യത്തിലും അന്താരാഷ്ട്ര ടൂർണമെന്റുകളിൽ പങ്കെടുക്കുന്നതിനുള്ള ബജറ്റ് വകയിരുത്തുന്നതിലും ബോർഡ് കടുത്ത അനാസ്ഥ കാണിക്കുന്നു. തനിക്ക് വാഗ്ദാനം ചെയ്ത പാരിതോഷിക തുകകളും സഹായങ്ങളും ഇനിയും പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ലെന്നും റിപ്പോർട്ടുകളുണ്ട്.ലോക വേദിയിൽ രാജ്യത്തിന്റെ അഭിമാനം വാനോളമുയർത്തിയ കായികതാരത്തോട് ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നത് സ്പോർട്സ് പ്രേമികളെ ചൊടിപ്പിച്ചിട്ടുണ്ട്. കായിക രംഗത്തെ അടിസ്ഥാന മേഖലകളിൽ പുരോഗതി വരുത്താൻ ബോർഡ് തയ്യാറാകുന്നില്ലെന്നാണ് പ്രധാന വിമർശനം.

## ലോകകപ്പിൽ തകർപ്പൻ തിരിച്ചുവരവുമായി വനിതാ ഹോക്കി ടീം! ജർമ്മനിക്കെതിരെ വൻ പോരാട്ടത്തിന് പുനിയയും സംഘവും



ലോകകപ്പ് വനിതാ ഹോക്കിയിൽ തങ്ങളുടെ ഏറ്റവും മികച്ച പ്രകടനം പുറത്തെടുത്ത് ചരിത്രത്താളുകളിൽ ഇടംപിടിക്കാൻ ഇന്ത്യൻ വനിതാ ടീം തയാറെടുക്കുന്നു. പോരാട്ടവീര്യം നിറഞ്ഞുനിന്ന മത്സരങ്ങൾക്കൊടുവിൽ അഞ്ചാം സ്ഥാനത്തിനായുള്ള പ്ലേ ഓഫ് പോരാട്ടത്തിൽ ഭാരതം കരുത്തരായ ജർമ്മനിയെ നേരിടും. മുൻ ലോക ചാമ്പ്യന്മാരായ ജർമ്മനിയെ കീഴടക്കാൻ സാധിച്ചാൽ 1974-ന് ശേഷമുള്ള ഇന്ത്യയുടെ ഏറ്റവും വലിയ ലോകകപ്പ് നേട്ടമായി ഇത് മാറും.ടൂർണമെന്റിലുടനീളം മികച്ച പ്രതിരോധവും ആക്രമണവും കാഴ്ചവെച്ച ഭാരതീയ നിര ഒറ്റ മത്സരത്തിൽ മാത്രമാണ് ഇതുവരെ പരാജയം അറിഞ്ഞത്. ശക്തരായ നെതർലാൻഡ്സിനോട് മാത്രമാണ് ടീം തോൽവി വഴങ്ങിയത്. അതിനുശേഷം ഒളിമ്പിക്സ് വെള്ളി മെഡൽ ജേതാക്കളായ ചൈനയോടും ഓസ്ട്രേലിയയോടും സമനില പാലിച്ച ഇന്ത്യ ദക്ഷിണാഫ്രിക്കയ്ക്കെതിരെ 6-1 എന്ന വലിയ മാർജിനിൽ വിജയം നേടിയിരുന്നു.സെമി ഫൈനൽ പ്രതീക്ഷകൾ തലനാരിഴയ്ക്ക് നഷ്ടമായെങ്കിലും ടീമിന്റെ ആത്മവിശ്വാസം വാനോളമുയർന്നുതന്നെ നിൽക്കുകയാണെന്ന് ചീഫ് കോച്ച് ജോർഡ് മരിനെ വ്യക്തമാക്കി. മുൻപ് നടന്ന സൌഹൃദ മത്സരങ്ങളിൽ ജർമ്മനിയോട് പരാജയപ്പെട്ടിട്ടുണ്ടെങ്കിലും ഈ മത്സരത്തിൽ മികച്ച തന്ത്രങ്ങളിലൂടെ വിജയം സ്വന്തമാക്കാൻ സാധിക്കുമെന്നാണ് കോച്ചിന്റെ പ്രതീക്ഷ. ഏഷ്യൻ ഗെയിംസിന് തൊട്ടുമുൻപ് ഈ വിജയം സ്വന്തമാക്കുന്നത് ടീമിന് വലിയ ഊർജ്ജം നൽകും.

## ‘റൂൾ ബുക്ക് നോക്കാൻ മറന്നു!’; ആദ്യ മത്സരത്തിൽ പ്രീമിയർ ലീഗ് ചട്ടം ലംഘിച്ച് മാഞ്ചസ്റ്റർ യുണൈറ്റഡ്



ഇംഗ്ലീഷ് പ്രീമിയർ ലീഗിന്റെ പുതിയ സീസണിലെ ആദ്യ മത്സരത്തിൽ ഹൾ സിറ്റിക്കെതിരെ നേരിട്ട കടുത്ത തോൽവിക്ക് പിന്നാലെ മാഞ്ചസ്റ്റർ യുണൈറ്റഡിന് മറ്റൊരു തിരിച്ചടി കൂടി. മത്സരത്തിനിറങ്ങിയ ജെഴ്സിയിൽ ലീഗിന്റെ അപൂർവ്വ നിയമങ്ങളിലൊന്ന് ലംഘിച്ചതിനെ തുടർന്ന് വരുന്ന മത്സരങ്ങളിൽ തങ്ങളുടെ ജെഴ്സിയിൽ അടിയന്തര മാറ്റം വരുത്താൻ ക്ലബ്ബ് നിർബന്ധിതരായിരിക്കുകയാണ്. സാങ്കേതികമായി സംഭവിച്ച ഈ പിഴവ് ആരാധകർക്കിടയിലും കായിക ലോകത്തും വൻ ചർച്ചയായി മാറിക്കഴിഞ്ഞു.വർഷങ്ങളായി കൈവശമുണ്ടായിരുന്ന പ്രമുഖ സാങ്കേതിക കമ്പനിയായ ഡിഎക്സ്സിയുമായുള്ള കൈപ്പത്തി സ്പോൺസർഷിപ്പ് കരാർ അവസാനിച്ചതോടെയാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. പുതിയ സ്പോൺസറെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഇടത് കൈപ്പത്തിയിൽ മറ്റ് ബ്രാൻഡിംഗ് ഒന്നും ഇല്ലാതെയാണ് യുണൈറ്റഡ് താരങ്ങൾ ഹൾ സിറ്റിക്കെതിരെ കളത്തിലിറങ്ങിയത്. വലത് കൈപ്പത്തിയിൽ പതിവ് പ്രീമിയർ ലീഗ് ബാഡ്ജ് ഉണ്ടായിരുന്നുവെങ്കിലും ഇടത് ഭാഗം പൂർണ്ണമായും ശൂന്യമായിരുന്നു.എന്നാൽ പ്രീമിയർ ലീഗ് റൂൾ ബുക്കിലെ ’എം.15’ ചട്ടപ്രകാരം ഒരു ക്ലബ്ബിന് ഇടത് കൈപ്പത്തിയിൽ വാണിജ്യ സ്പോൺസർമാർ ഇല്ലെങ്കിൽ, ലീഗിന്റെ ഔദ്യോഗിക ബാഡ്ജ് ഇരു കൈപ്പത്തികളിലും നിർബന്ധമായും പതിപ്പിച്ചിരിക്കണം. മറ്റ് ലീഗ് ക്ലബ്ബുകളായ ചെൽസിയും സണ്ടർലാൻഡും ഈ നിയമം കൃത്യമായി പാലിച്ചപ്പോൾ യുണൈറ്റഡിന് ഈ കാര്യത്തിൽ വീഴ്ച സംഭവിക്കുകയായിരുന്നു.

# ജീവന് ഭീഷണിയായാൽ വൻ പിഴയുംവിലക്കും; നിയമം കടുപ്പിച്ച് എൻഎഫ്എൽ!



അമേരിക്കൻ ഫുട്ബോൾ ലീഗായ എൻഎഫ്എല്ലിൽ കളിക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ കടുത്ത പുതിയ ശിക്ഷാനടപടികൾ പ്രഖ്യാപിച്ചു. മത്സരങ്ങൾക്കിടെ സുരക്ഷാ നിയമങ്ങൾ ലംഘിക്കുന്ന കളിക്കാർക്കെതിരെ വലിയ തുക പിഴ ചുമത്താനും തുടർ മത്സരങ്ങളിൽ നിന്ന് സസ്പെൻഡ് ചെയ്യാനുമാണ് പുതിയ തീരുമാനം. എൻഎഫ്എല്ലും കളിക്കാരുടെ സംഘടനയായ എൻഎഫ്എൽപിഎയും സംയുക്തമായാണ് ഈ ചരിത്രപരമായ കരാറിൽ ഒപ്പുവെച്ചിരിക്കുന്നത്.താരങ്ങളുടെ ആരോഗ്യത്തിനും ജീവനും കൂടുതൽ പ്രാധാന്യം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ അടിയന്തര നടപടി. മൈതാനത്ത് എതിരാളികളെ അപകടകരമായ രീതിയിൽ കൈകാര്യം ചെയ്യുന്നവർക്ക് ഇനി വിട്ടുവീഴ്ചയുണ്ടാകില്ല. പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെ കളിക്കളത്തിലെ അനാവശ്യ അക്രമങ്ങൾ പൂർണ്ണമായി തടയാൻ സാധിക്കുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ.നിയമ ലംഘനം നടത്തുന്ന താരങ്ങൾക്ക് തുടക്കത്തിൽ കനത്ത സാമ്പത്തിക പിഴയായിരിക്കും ലഭിക്കുക. എന്നാൽ കുറ്റം ആവർത്തിക്കുന്ന കളിക്കാരെ മത്സരങ്ങളിൽ നിന്ന് നേരിട്ട് വിലക്കാൻ പുതിയ നിയമത്തിൽ വ്യവസ്ഥയുണ്ട്. മുൻപ് ചെറിയ പിഴകളിൽ ഒതുങ്ങിയിരുന്ന ശിക്ഷകളാണ് ഇപ്പോൾ മത്സരവിലക്കിലേക്ക് വരെ ഉയർത്തിയിരിക്കുന്നത്.കളിക്കാരുടെ തലച്ചോറിനേൽക്കുന്ന ക്ഷതങ്ങളും മറ്റ് ഗുരുതരമായ പരിക്കുകളും തടയുകയാണ് ഈ തീരുമാനത്തിന് പിന്നിലെ പ്രധാന കാരണം. പല മത്സരങ്ങളിലും നിയമങ്ങൾ കാറ്റിൽപ്പറത്തി നടക്കുന്ന അപകടകരമായ ടാക്കിളുകൾ കളിക്കാരുടെ കരിയർ തന്നെ അവസാനിപ്പിക്കുന്ന അവസ്ഥയുണ്ടാക്കിയിരുന്നു. ഇതിന് ശാശ്വത പരിഹാരം കാണണമെന്ന ആവശ്യം നാളുകളായി ഉയരുന്നുണ്ട്.

# 10 പേരായി ചുരുങ്ങിയിട്ടും തളർന്നില്ല!; എംബാപ്പെയുടെ പോരാട്ടവീര്യത്തിൽ റയൽ മാഡ്രിഡിന് തകർപ്പൻ ജയം



സ്പാനിഷ് ലാ ലിഗയിൽ തകർപ്പൻ പോരാട്ടവീര്യവുമായി നിലവിലെ ചാമ്പ്യന്മാരായ റയൽ മാഡ്രിഡ്. ശക്തരായ റെയൽ സോസിഡാഡിനെതിരെ ഒരു മണിക്കൂറോളം 10 പേരുമായി കളിക്കേണ്ടി വന്നിട്ടും ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് റയൽ മാഡ്രിഡ് വിജയം സ്വന്തമാക്കി. ഫ്രഞ്ച് സൂപ്പർ താരം കീലിയൻ എംബാപ്പെയുടെ മികച്ച പ്രകടനമാണ് റയൽ മാഡ്രിഡിന്റെ വിജയത്തിൽ നിർണായകമായത്. മത്സരത്തിന്റെ തുടക്കം മുതൽ തന്നെ ആക്രമിച്ചു കളിച്ച റയൽ നിര സോസിഡാഡ് പ്രതിരോധത്തെ നിരന്തരം സമ്മർദ്ദത്തിലാക്കി. ആദ്യ പകുതിയിൽ തന്നെ എംബാപ്പെയുടെ വകയായി മത്സരത്തിലെ ആദ്യ ഗോൾ പിറക്കുകയും ചെയ്തു.എന്നാൽ മത്സരത്തിൽ റയൽ മാഡ്രിഡിന് കനത്ത തിരിച്ചടിയായത് അവരുടെ മിഡ്ഫീൽഡർ ചുവപ്പുകാർഡ് കണ്ട് പുറത്തുപോയ സംഭവമാണ്. റയൽ താരം കടുത്ത ഫൗൾ ചെയ്തതിനെ തുടർന്ന് റഫറി ചുവപ്പുകാർഡ് ഉയർത്തുകയായിരുന്നു. ഇതോടെ റയൽ മാഡ്രിഡ് പ്രതിരോധ നിരയിലെ പിഴവ് മുതലെടുത്ത് സോസിഡാഡ് സമനില ഗോളും നേടി. ഇതോടെ മത്സരം കൂടുതൽ ആവേശകരമായ ഘട്ടത്തിലേക്ക് നീങ്ങിസൂപ്പർ താരം കീലിയൻ എംബാപ്പെയുടെ നേതൃത്വത്തിൽ റയൽ നിര വീണ്ടും മുന്നേറ്റങ്ങൾ സംഘടിപ്പിച്ചു. എംബാപ്പെ നൽകിയ മികച്ച പാസ്സിൽ നിന്നും റയൽ താരം വിനീഷ്യസ് ജൂനിയർ വിജയഗോൾ നേടി ടീമിനെമുന്നിലെത്തിക്കുകയായിരുന്നു.

# സ്വന്തം ആയുസ്സും ആരോഗ്യവും അളക്കാൻ അഞ്ച് ലളിത പരീക്ഷണങ്ങൾ; ഡോക്ടറെ കാണാതെ വീടുകളിൽ തന്നെ ചെയ്യാവുന്ന സ്വയം പരിശോധനാ വഴികൾ ഇതാ



പ്രായം കൂടുന്തോറും ശരീരത്തിന്റെ ശാരീരികക്ഷമതയും ചലനശേഷിയും കുറയുന്നത് സ്വാഭാവികമാണ്. എങ്കിലും സ്വന്തം ആരോഗ്യം ഏത് ഘട്ടത്തിലാണെന്നും ഭാവിയിൽ വീഴ്ചകൾ ഉണ്ടാകാനുള്ള സാധ്യത എത്രത്തോളമുണ്ടെന്നും കണ്ടെത്താൻ ലളിതമായ ചില പരിശോധനകളിലൂടെ സാധിക്കും.

ലളിതമായ ഇത്തരം കായിക പരിശോധനകൾ നടത്താൻ ചെലവേറിയ യന്ത്രങ്ങളുടെയോ ആശുപത്രി സന്ദർശനത്തിന്റെയോ ആവശ്യമില്ല. വീടുകളിൽ തന്നെ സ്വയം ചെയ്യാവുന്ന അഞ്ച് പ്രധാന ഫിറ്റ്നസ് ടെസ്റ്റുകളെക്കുറിച്ചാണ് പ്രമുഖ ആരോഗ്യ വിദഗ്ദ്ധർ വിശദീകരിക്കുന്നത്.

ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വൺ ലെഗ് സ്റ്റാൻഡ് അഥവാ ഒറ്റക്കാലിൽ നിൽക്കുന്ന പരിശോധന. കണ്ണുകൾ തുറന്ന് പിടിച്ചുകൊണ്ട് എത്ര സമയം ഒറ്റക്കാലിൽ നിൽക്കാൻ സാധിക്കുമെന്ന് ഇതിലൂടെ പരിശോധിക്കാം.

പത്ത് സെക്കൻഡിൽ കൂടുതൽ സമയം ബാലൻസ് തെറ്റാതെ ഒറ്റക്കാലിൽ നിൽക്കാൻ കഴിയുന്നത് നല്ല നാഡീവ്യൂഹ ആരോഗ്യത്തിന്റെ സൂചനയാണ്. ഈ ശേഷി കുറയുന്നത് ഭാവിയിൽ തലച്ചോറിന്റെയും നാഡികളുടെയും പ്രവർത്തനം മന്ദഗതിയിലാകുന്നതിന്റെ ലക്ഷണമാകാം.

അടുത്ത പ്രധാന പരിശോധനയാണ് സിറ്റ് ടു സ്റ്റാൻഡ് ടെസ്റ്റ്. ഒരു കസേരയിൽ ഇരുന്ന് കൈകൾ നെഞ്ചിൽ പിണച്ചുവെച്ച് എത്ര തവണ മുപ്പത് സെക്കൻഡിനുള്ളിൽ എഴുന്നേറ്റു നിൽക്കാൻ സാധിക്കുമെന്ന് നോക്കുന്ന രീതിയാണിത്.

ഈ പരിശോധനയിലൂടെ കാലുകളിലെ പേശികളുടെ കരുത്തും കായികക്ഷമതയും എളുപ്പത്തിൽ അളക്കാനാകും. പ്രായമേറിയ വ്യക്തികളിൽ വീഴ്ചയും പരിക്കുകളും ഒഴിവാക്കാൻ ശക്തമായ തുട പേശികൾ ആവശ്യമാണ്.

മൂന്നാമത്തെ വഴിയാണ് ഗ്രിപ്പ് സ്ട്രെങ്ത് പരിശോധന അഥവാ കൈകളുടെ പിടിമുറുക്കൽ ശേഷി. ഹാൻഡ് ഡൈനാമോമീറ്റർ എന്ന ചെറിയ ഉപകരണം ഉപയോഗിച്ചോ അതല്ലെങ്കിൽ കട്ടിയുള്ള വസ്തുക്കൾ അമർത്തിപ്പിടിച്ചോ ഇത് അളക്കാം.

കൈകളുടെ ശക്തി കുറയുന്നത് ശരീരത്തിലെ മൊത്തത്തിലുള്ള പേശികളുടെ അളവ് കുറയുന്നതിന്റെ അടയാളമാണ്. ഹൃദയാരോഗ്യവുമായി പോലും ഇത് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പഠനങ്ങൾ പറയുന്നു.

നാലാമതായി സ്വന്തം വീടുകളിൽ എളുപ്പത്തിൽ ചെയ്യാവുന്ന ഒന്നാണ് ഗെയ്റ്റ് സ്പീഡ് അഥവാ നടപ്പിന്റെ വേഗത. നിശ്ചിത ദൂരം എത്ര സമയം കൊണ്ട് സാധാരണ രീതിയിൽ നടന്നു തീർക്കാൻ കഴിയുമെന്ന് ഇതിലൂടെ അറിയാം.

നടപ്പിന്റെ വേഗത പെട്ടെന്ന് കുറയുന്നത് ശാരീരിക ആരോഗ്യം വേഗത്തിൽ ക്ഷയിക്കുന്നതിന്റെ പ്രാരംഭ സൂചനയായാണ് ഡോക്ടർമാർ കാണുന്നത്. ഇത് കൃത്യസമയത്ത് കണ്ടെത്തിയാൽ വ്യായമത്തിലൂടെ ആരോഗ്യം വീണ്ടെടുക്കാം.

അവസാനത്തേതാണ് തറയിൽ ഇരുന്ന് കൈകളുടെയോ മുട്ടിന്റെയോ സഹായമില്ലാതെ എഴുന്നേൽക്കുന്ന ഫ്ളോർ സിറ്റ് ടു സ്റ്റാൻഡ് ടെസ്റ്റ്. ഫ്ളെക്സിബിലിറ്റിയും ശരീരത്തിന്റെ ബാലൻസും ഒരുപോലെ അളക്കാൻ ഇത് ഉപകരിക്കും.

ശരീരത്തിന്റെ വഴക്കവും കാൽമുട്ടുകളുടെ കരുത്തും തെളിയിക്കാൻ ഈ പരിശോധന സഹായിക്കുന്നു. ചെറുപ്പക്കാരിൽ പോലും ഇത് കൃത്യമായി ചെയ്യാൻ സാധിക്കാത്തത് വ്യായാമത്തിന്റെ കുറവിനെയാണ് സൂചിപ്പിക്കുന്നത്.

ഈ അഞ്ച് പരിശോധനകളും വാർദ്ധക്യത്തിൽ ഉണ്ടാകുന്ന വീഴ്ചകളും അപകടങ്ങളും നേരത്തെ പ്രവചിക്കാൻ സഹായിക്കും. വീട്ടിൽ തന്നെ ഇവ ചെയ്തുനോക്കുന്നത് സ്വന്തം ശാരീരിക ക്ഷമത മനസിലാക്കാൻ സഹായിക്കും.

പരിശോധനകളിൽ പിന്നാക്കമാണെന്ന് കണ്ടാൽ നിരാശപ്പെടേണ്ടതില്ലെന്ന് ഡോക്ടർമാർ വ്യക്തമാക്കുന്നു. ദിവസേനയുള്ള ലളിതമായ വ്യായാമങ്ങളിലൂടെയും സമീകൃത ആഹാരത്തിലൂടെയും ഈ ശേഷികൾ തിരിച്ചുപിടിക്കാം.

വ്യായാമം ആരംഭിക്കുന്നതിന് മുൻപ് സ്വന്തം പരിധികൾ മനസിലാക്കേണ്ടത് അത്യാവശ്യമാണ്. പെട്ടെന്ന് കഠിനമായ കായിക വിനോദങ്ങളിൽ ഏർപ്പെടാതെ പതുക്കെ ശാരീരിക ക്ഷമത വർദ്ധിപ്പിക്കണം.

നടത്തം, യോഗ, ലളിതമായ ഭാരോദ്വഹനം എന്നിവ നിത്യജീവിതത്തിന്റെ ഭാഗമാക്കുന്നത് ശരീരത്തിന് കൂടുതൽ ഊർജ്ജം നൽകും. പ്രായത്തെ തോൽപ്പിച്ച് ആരോഗ്യത്തോടെ ജീവിക്കാൻ ഇത് സഹായിക്കും.

ദിവസവും ഏതാനും മിനിറ്റുകൾ സ്വന്തം ശരീരത്തിനായി മാറ്റിവെക്കുന്നത് ഭാവിയിലെ വലിയ ചികിത്സാ ചെലവുകൾ ഒഴിവാക്കും. ഈ ഫിറ്റ്നസ് ടെസ്റ്റുകൾ നിങ്ങളുടെ ആരോഗ്യ യാത്രയിലെ വഴിവിളക്കാകും.

## ദിവസവും എട്ടു മണിക്കൂറിലധികം ഇരുന്ന് ജോലി ചെയ്യുന്നവരാണോ? വ്യായാമം ചെയ്താലും ആരോഗ്യം സുരക്ഷിതമല്ലെന്ന് പുതിയ പഠനം



ഓഫീസുകളിലും ഐടി മേഖലയിലും മണിക്കൂറുകളോളം ഇരുന്ന് ജോലി ചെയ്യുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. എന്നാൽ ദിവസവും മണിക്കൂറുകളോളം ഒറ്റയിരിപ്പ് ഇരിക്കുന്നത് ആരോഗ്യത്തിന് ഗുരുതരമായ ഭീഷണിയാണെന്ന് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നു. ജോലി കഴിഞ്ഞോ രാവിലെ പോയോ വ്യായാമം ചെയ്യുന്നത് കൊണ്ട് മാത്രം ഈ ആഘാതം പൂർണ്ണമായി തടയാൻ സാധിക്കില്ലെന്നാണ് ഗവേഷകർ ചൂണ്ടിക്കാണിക്കുന്നത്.

അമിതമായ നിശ്ചലാവസ്ഥ ശരീരത്തിലെ രക്തചംക്രമണത്തെയും മെറ്റബോളിസത്തെയും പ്രതികൂലമായി ബാധിക്കുന്നു. തുടർച്ചയായി ഇരിക്കുന്നത് ഹൃദ്രോഗങ്ങൾ, പ്രമേഹം, അമിതവണ്ണം എന്നിവയ്ക്കുള്ള സാധ്യത വൻതോതിൽ വർദ്ധിപ്പിക്കും. നിത്യേന ക്രമമായി വ്യായാമം ചെയ്യുന്നവരിൽ പോലും ഈ അപകടസാധ്യത നിലനിൽക്കുന്നുണ്ടെന്നതാണ് ഞെട്ടിക്കുന്ന വസ്തുത.

വ്യായാമം ചെയ്യുന്നത് ശരീരത്തിന് പൊതുവേ നല്ലതാണെങ്കിലും അത് മാത്രമായി ഒരു പരിഹാരമാകില്ല. മണിക്കൂറുകളോളം അനങ്ങാതെ ഒരേയിരിപ്പ് ഇരിക്കുന്നത് മൂലം പേശികൾക്കുണ്ടാകുന്ന തളർച്ച മാറ്റാൻ ഒരു മണിക്കൂർ വർക്കൗട്ട് കൊണ്ട് മാത്രം സാധിക്കില്ല. അതുകൊണ്ട് ജോലിസമയത്ത് തുടർച്ചയായി ഇരിക്കുന്നത് ഒഴിവാക്കുകയാണ് പ്രധാന പോംവഴി.

ജോലിക്കിടയിൽ ഇടയ്ക്കിടെ എഴുന്നേറ്റ് നടക്കുന്നത് ശരീരത്തിലെ പഞ്ചസാരയുടെയും കൊഴുപ്പിന്റെയും അളവ് ക്രമീകരിക്കാൻ സഹായിക്കും. ഓരോ അരമണിക്കൂറിലും കുറഞ്ഞത് രണ്ട് മിനിറ്റെങ്കിലും നടക്കുകയോ നിവർന്നു നിൽക്കുകയോ ചെയ്യുന്നത് ആരോഗ്യത്തിന് ഏറെ പ്രയോജനം ചെയ്യും. ചെറിയ ശാരീരിക നീക്കങ്ങൾ പോലും വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമാണ്.

ഓഫീസുകളിൽ സ്റ്റാൻഡിംഗ് ഡെസ്കുകൾ ഉപയോഗിക്കുന്നതും ഫോൺ വിളിക്കുമ്പോൾ നടന്ന് സംസാരിക്കുന്നതും നല്ലൊരു ശീലമാണ്. ലിഫ്റ്റിന് പകരം പടികൾ കയറുന്നത് ശരീരത്തിന് ആവശ്യമായ ഊർജ്ജവും പ്രവൃത്തിയും നൽകും. കമ്പ്യൂട്ടറിന് മുന്നിൽ മണിക്കൂറുകളോളം ഇരിക്കുന്നവർ ഈ ചെറിയ കാര്യങ്ങൾ നിർബന്ധമായും ശ്രദ്ധിക്കണം.

നിശ്ചലമായ ജീവിതശൈലി കാരണം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ആഗോളതലത്തിൽ തന്നെ വലിയ ആശങ്ക സൃഷ്ടിക്കുന്നുണ്ട്. നിത്യേന ചെയ്യുന്ന വ്യായാമത്തോടൊപ്പം തന്നെ ദിവസം മുഴുവൻ സജീവമായിരിക്കാൻ ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ജീവിതശൈലിയിൽ വരുത്തുന്ന ചെറിയ മാറ്റങ്ങൾ ദീർഘകാലത്തെ ആരോഗ്യത്തിന് സഹായകരമാകും.

ശരീരം എത്രത്തോളം ചലനാത്മകമായി ഇരിക്കുന്നുവോ അത്രത്തോളം രോഗപ്രതിരോധ ശേഷിയും മെച്ചപ്പെടും. കഠിനമായ വ്യായാമങ്ങൾ ചെയ്യുന്നതിനേക്കാൾ പ്രധാനം ദിവസം മുഴുവൻ ചെറിയ രീതിയിലെങ്കിലും ശരീരം ചലിപ്പിച്ചുകൊണ്ടിരിക്കുക എന്നതാണ്. തൊഴിൽ അന്തരീക്ഷത്തിലും ഇത്തരം ആരോഗ്യകരമായ ശീലങ്ങൾ വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്.

പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ നേരത്തെ വരുന്നത് തടയാൻ ജോലിക്കിടയിലെ ചെറിയ ഇടവേളകൾ സഹായിക്കും. ലളിതമായ സ്ട്രെച്ചിംഗ് വ്യായാമങ്ങൾ ഓഫീസിൽ വെച്ചു തന്നെ ചെയ്യാൻ ശ്രമിക്കുക. സജീവമായ ശാരീരിക പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നത് വരുംകാലങ്ങളിൽ രോഗങ്ങളിൽ നിന്ന് രക്ഷനേടാൻ സഹായിക്കും. ആധുനിക ജീവിതശൈലിയിൽ ആരോഗ്യത്തിന് മുൻഗണന നൽകുന്നത് മാത്രമാണ് ഇത്തരം ഭീഷണികളെ ചെറുക്കാനുള്ള വഴി. നിരന്തരമായ വ്യായാമം തുടരുന്നതിനോടൊപ്പം തന്നെ ദിവസം മുഴുവൻ ഒരുപാട് സമയം ഒറ്റയിരിപ്പ് ഇരിക്കുന്നത് പരമാവധി കുറയ്ക്കുക. നിങ്ങളുടെ ആരോഗ്യകരമായ ജീവിതത്തിന് ഈ ചെറിയ മാറ്റങ്ങൾ വലിയ തുണയാകും.

## വിഷാദരോഗം മാറ്റാൻ ഇനി സൂചി പ്രയോഗവും? ഡിപ്രഷൻ നേരിടാൻ അക്യുപങ്ചർ ഫലപ്രദമെന്ന് പുതിയ പഠനം



ലോകമെമ്പാടും ലക്ഷക്കണക്കിന് ആളുകളെ ബാധിക്കുന്ന ഗുരുതരമായ മാനസികാരോഗ്യ പ്രശ്നമാണ് വിഷാദരോഗം അഥവാ ഡിപ്രഷൻ. പരമ്പരാഗതമായ മരുന്നുകൾക്കും കൗൺസിലിംഗിനും പുറമെ ബദൽ ചികിത്സാരീതികൾ തേടുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ വിഷാദരോഗ ലക്ഷണങ്ങൾ കുറയ്ക്കാൻ അക്യുപങ്ചർ ചികിത്സ ഏറെ ഫലപ്രദമാണെന്ന് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നു.

